# ജനപഥം

ജൂൺ 2013




കവർസ്റ്റോറി


**4**
**ജനപക്ഷ ഭരണത്തിന് ലോകാംഗീകാരം**

**39**
**കാരുണ്യത്തിന്റെ കർമകാണ്ഡം**
സജീവ് പരിശവിള

**6**
**മലയാളികൾക്ക് അഭിമാനകരമായ മുഹൂർത്തം**
കെ.സി. ജോസഫ്, സാംസ്കാരിക മന്ത്രി

**8**
**പ്രശ്നം മലയാളികളുടെ മിഥ്യാബോധം**
ഡോ. ഡി. ബാബുപോൾ

**10**
**മലയാളം ശ്രേഷ്ഠഭാഷയായ വഴി**
എം. ശ്രീനാഥൻ

**14**
**നാനാജഗന്മനോരമ്യഭാഷ**
പി.പി. രാമചന്ദ്രൻ

**16**
**കേരളത്തിലെ ഗൂഢഭാഷകൾ**
ഡോ. പ്രമോദ് ഇരുമ്പുഴി

**19**
**മലയാളഭാഷയുടെ പ്രാചീനത**
ഡോ. ആർ. സത്യജിത്ത്





**22**
**എഴുത്തിന്റെ വഴികൾ അവിചാരിതം**
സേതു/എം.സി. രാജനാരായണൻ





**24**
**കവിതയിൽ പെയ്ത മഴകൾ**
മനോജ് കുറൂർ

**26**
**ഫോട്ടോഫീച്ചർ: കോട്ടയം ചുമർചിത്രനഗരി**





40 ജില്ലകളിലൂടെ
44 വാർത്തയിൽ
46 പുസ്തകപരിചയം
47 പെൺജീവിതം
49 ശാസ്ത്രലോകം
50 ശാസ്ത്രം
51 സമീക്ഷ
52 കാലത്തിനൊപ്പം





**29**
**വിഴിഞ്ഞം പദ്ധതി: യാഥാർഥ്യം എന്ത്?**
കെ. ബാബു, തുറമുഖ മന്ത്രി

**34**
**പുത്തൻ ഉറവതേടുന്ന മൃഗയാത്രകൾ**
ഡോ. വേണു തോന്നയ്ക്കൽ

**36**
**ചവിട്ടുനാടകം**
വേറ്റിനാട് പി.എസ്. കുമാർ

**32**
**മഴക്കാല രോഗങ്ങൾ ഭയമല്ല വേണ്ടത്, ജാഗ്രത**
ഡോ. എസ്. സജിത്കുമാർ




# പ്രതികരണം




## സൗരോർജം

ഭാവികേരളത്തിൽ വൻ പ്രതിസന്ധികളായേക്കാവുന്ന വൈദ്യുതി, വെള്ളം എന്നീ അവശ്യഘടകങ്ങളുടെ നിയന്ത്രിത ഉപയോഗത്തിലേക്ക് വെളിച്ചം പകരുന്ന ലേഖനങ്ങളുടെ പരമ്പര വിജ്ഞാനപ്രദമായി. മാതൃകാപരമായ ഊർജോത്പാദന-വിനിയോഗങ്ങളുടെ ഉദാഹരണങ്ങൾ നൽകി 2013 ഏപ്രിൽ ലക്കം ജനപഥത്തിൽ സോളാർ വൈദ്യുതി സംവിധാനങ്ങളെ പരിചയപ്പെടുത്തിയത് സാധാരണക്കാരന് ഏറെ ഉപകരിക്കുന്നതായിരുന്നു.

ജലവിനിയോഗകാര്യത്തിൽ കേരളത്തിലെ സ്ഥിതി തിരിച്ചറിയുന്നതിന് ജലലഭ്യതയുടെ ശാസ്ത്രീയവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലേഖനങ്ങൾ ഏറെ ശ്രദ്ധേയമായി. വ്യാപകമായ അവബോധത്തിലൂടെ അവശ്യ ഊർജസ്രോതസ്സുകളുടെ സംരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിന് പ്രസ്തുത ലേഖനങ്ങൾ ഉപകരിക്കും. വിഭവമാനേജ്മെന്റിൽ അല്പം കൂടി ജനകീയമായൊരു സംസ്കാരം വളർന്നുവരേണ്ടതിന്റെ പ്രാധാന്യം ഈ ലേഖനങ്ങൾ ധ്വനിപ്പിക്കുന്നുണ്ട്.

**എം.പി. ചന്ദ്രൻ**

മുണ്ടുമുഴി, വാഴക്കാട്, മലപ്പുറം

ജനപഥം ചീഫ് എഡിറ്ററുടെ 'പ്രകൃതിദത്ത ഊർജസ്രോതസ്സ്' എന്ന മുഖക്കുറിപ്പ്, സൗരോർജത്തെക്കുറിച്ചുള്ള ലേഖനങ്ങൾ, വരൾച്ചയെയും ജലദൗർലഭ്യത്തെയും കുറിച്ചുള്ള ലേഖനങ്ങൾ, 'ദേശാടനക്കിളികൾ ചിറകടിച്ചുയരുമ്പോൾ' തുടങ്ങി എല്ലാ ലേഖനങ്ങളും വളരെ ഉന്നതങ്ങൾ.

പ്രകൃതിദത്തമായ ഊർജസ്രോതസ്സായ സൂര്യനിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ഈ വൈകിയവേളയിലെങ്കിലും നാം തീവ്രപരിശ്രമം നടത്തുന്നത് പ്രശംസനീയമാണ്. സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം അനുദിനം വർധിക്കുകയാണ്. വൈദ്യുതി ഉപഭോഗത്തിൽ വരുന്ന വർധന ഒരർഥത്തിൽ വികസനത്തിന്റെ സൂചകമാണ് കേരളത്തിനും വേണമെന്നുവെച്ചാൽ നമ്മുടെ ഭാവി ഊർജവികസനം പൂർണമായും സൗരോർജം, പവനോർജം, ബയോമാസ് എന്നീ അക്ഷയസ്രോതസ്സുകളിൽ നിന്നുമാത്രമേ ആകാവൂ എന്ന് തീരമാനിക്കാം.

മഴയാണ് കേരളത്തിലെ പ്രമുഖ ജലസ്രോതസ്സ്. ഇടവപ്പാതിയും തുലാവർഷവും വേനൽമഴയുമൊക്കെയായി വർഷത്തിൽ ഏതാണ്ട് ആറുമാസത്തോളം നമുക്ക് മഴ സാധാരണയായി ലഭിക്കാറുണ്ട്. ഇന്ന് പക്ഷേ ഇത് ഒരോർമ മാത്രമാണ്...!

**ചെമ്പൻകോട് വി. മണികണ്ഠൻ**

ഇളവട്ടം പി.ഒ

## സാന്ത്വനത്തിന്റെ തൂവൽ സ്പർശം

മെയ് 2013 ജനപഥം കവർ സ്റ്റോറി ഏറെ ശ്രദ്ധേയമായി. കൂടാതെ നാലാമത്തെ പേജിൽ എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്കരികിൽ മുഖ്യമന്ത്രി - ഫോട്ടോ സഹിതം കണ്ട ലേഖനം ഹൃദയസ്പർശിയായി. കൊച്ചു മക്കളോടുള്ള വാത്സല്യവും അവരുടെ നിഷ്കളങ്കമായ ചിരിയും മുഖ്യമന്ത്രിയുടെ സാമീപ്യവും കണ്ടപ്പോൾ അദ്ദേഹത്തിലെ ആ നല്ല മനസ്സിന് നന്ദി പറയുന്നു. അഭിനന്ദനങ്ങൾ വാക്കുകൾക്കതീതമാണ്. ഇത്തരം ദുരന്തങ്ങൾ ഇനി ഒരിക്കലും ആവർത്തിക്കരുതെയെന്ന് പ്രാർഥിക്കുന്നു. ഇതിന് ഇരയായിട്ടുള്ളവരിലേറെയും പിഞ്ചുകുട്ടികൾ എന്നതും വളരെ പരിതാപകരമാണ്. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ വിജയാംസകളും നേരുന്നു.

**കെ. പ്രേമചന്ദ്രൻ നായർ**

കടയ്ക്കാവൂർ

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2013
പുസ്തകം 2 ലക്കം 4
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ഇടുക്കി
- **വി.പി. പ്രമോദ്കുമാർ,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **നാഫിഹ് എം.,** ഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.

**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
ഫോൺ: 0471- 2518171


## മുഖക്കുറിപ്പ്

# മുഖ്യമന്ത്രിക്ക് യു.എൻ. അവാർഡ്

ഭരണനിർവഹണത്തിന് അന്താരാഷ്ട്ര അംഗീകാരം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ മുഖ്യമന്ത്രിയെന്ന ബഹുമതി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നേടിയിരിക്കുകയാണ്. ജനാധിപത്യസംവിധാനത്തിൽ ജനകീയമായി ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കണ്ടെത്തിയ നൂതന ആശയമാണ് ജനസമ്പർക്ക പരിപാടി. വിജയകരമായി അതു പൂർത്തിയാക്കി പ്രതിപക്ഷത്തിന്റെ പോലും ബഹുമാനം ആർജിക്കുവാൻ മുഖ്യമന്ത്രിക്കു കഴിഞ്ഞു. 14 ജില്ലകളിലും സഞ്ചരിച്ച് ഒരു ജില്ലയിൽ ഏകദേശം ഇരുപതു മണിക്കൂറിലധികം പ്രത്യേക സുരക്ഷാക്രമീകരണങ്ങളൊന്നുമില്ലാതെ ജനങ്ങൾക്കിടയിൽ അവരുടെ ആവലാതികൾക്ക് ചെവികൊടുത്ത് നിൽക്കാൻ കഴിയുകയെന്നത് അപൂർവ വ്യക്തിത്വങ്ങൾക്കു മാത്രം സാധ്യമാകുന്ന കാര്യമാണ്. എന്തൊക്കെ പരിമിതികൾ ഉണ്ടെങ്കിലും ജനങ്ങൾക്ക് നേരിട്ട് ഒരു മുഖ്യമന്ത്രിയോട് പരാതി പറയാൻ അവസരംകിട്ടുകയെന്നത് ജനാധിപത്യത്തിന്റെ പ്രായോഗികവത്കരണമായി കാണാവുന്നതാണ്. ഭരണാധികാരി മാളികയിലിരുന്നല്ല ജനത്തെ ഭരിക്കേണ്ടതെന്ന് തെളിയിക്കുകകൂടിയാണിത്. 2011 നവംബർ അഞ്ചിന് കോഴിക്കോട് ആരംഭിച്ച് 2012 ഫെബ്രുവരി 23 ന് ഇടുക്കിയിൽ അവസാനിച്ച ജനസമ്പർക്ക പരിപാടിയിൽ അഞ്ചുലക്ഷം പരാതികളാണ് ലഭിച്ചത്. അതിൽ മൂന്നു ലക്ഷം പരാതികൾക്കും അവിടെവച്ചുതന്നെ പരിഹാരം കാണാനായി. 22.68 കോടി രൂപയുടെ സഹായങ്ങൾ അനുവദിക്കുകയും ചെയ്തു.

ഭരണനിർവഹണം സുതാര്യവും ജനകീയവുമായി മുന്നോട്ടു കൊണ്ടുപോകാൻ പ്രതിജ്ഞാബദ്ധമായ സർക്കാരിനെ സംബന്ധിച്ചിടത്തോളം ജനസമ്പർക്കപരിപാടി ഒരു അനിവാര്യതയാണ്. ജനങ്ങളുമായി നേരിട്ടു സംവദിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞപ്പോൾ ഇടനിലക്കാരില്ലാതെ അഴിമതിരഹിതമായ ഭരണനിർവഹണമാണ് സാധ്യമായത്. മനുഷ്യാധ്വാനവും ക്ഷമയും വളരെയേറെ വേണ്ട പ്രവർത്തിയാണ് ജനസമ്പർക്കപരിപാടി. വ്യത്യസ്ത ആവശ്യക്കാരായ ആയിരക്കണക്കായ പലവിധ മനുഷ്യർ ഒത്തുകൂടുന്ന പരിപാടിയിൽ അപാരമായ ക്ഷമയുണ്ടെങ്കിൽ മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയൂ. ഏകദേശം ഇരുപതുമണിക്കൂറോളം ചെലവഴിച്ച് മനുഷ്യരുടെ ആവലാതികൾ കേട്ട് പരിഹാരം കാണാൻ കഴിയുകയെന്നാൽ സാധാരണ മനുഷ്യന് സാധ്യമായ കാര്യമല്ല. ഇവിടെയാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വ്യത്യസ്തനാകുന്നത്. ആർജവത്തോടെയുള്ള സമീപനവും കാരുണ്യത്തോടെയുള്ള മനോഭാവവും ദൃഢമായ മേധാശക്തിയുമാണ് ഉമ്മൻ ചാണ്ടിയെ മുന്നോട്ടു നയിക്കുന്നത്.

ഐക്യരാഷ്ട്രസഭ ജനസമ്പർക്ക പരിപാടിയെ അംഗീകരിച്ചതിലൂടെ മുഖ്യമന്ത്രിയെ മാത്രമല്ല കേരളത്തിലെ ഭരണനിർവഹണത്തെയും ജനങ്ങളെയും കൂടിയാണ് അംഗീകരിച്ചിരിക്കുന്നത്. ഇത് ഇന്ത്യയ്ക്കും കേരളത്തിനും അഭിമാന നിമിഷമാണ്. ലോകത്തിന് പുതിയൊരു മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നതിൽ നമുക്ക് അഭിമാനിക്കാം.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ

# ജനപക്ഷ ഭരണത്തിന് ലോകാംഗീകാരം

**ഭരണ നിർവഹണത്തിന് അന്താരാഷ്ട്ര ആംഗീകാരം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ മുഖ്യമന്ത്രി. ജൂൺ 27ന് ബഹ്റൈനിൽ ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ ബാൻകീ മൂണിൽ നിന്ന് മുഖ്യമന്ത്രി പുരസ്കാരം സ്വീകരിക്കും**





ജനക്ഷേമ പ്രവർത്തനങ്ങൾക്ക് ജനകീയമുഖം നൽകിയ ജനസമ്പർക്ക പരിപാടി ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. ഐക്യരാഷ്ട്രസഭയുടെ ഏഷ്യൻ രാജ്യങ്ങളിലെ പൊതുപ്രവർത്തകർക്കുള്ള അവാർഡ് നേടിക്കൊണ്ട് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ലോകശ്രദ്ധയിലേക്ക് വന്നിരിക്കുകയാണ്. ഏതൊരു ഭരണകർത്താവിന്റെയും അഭിമാന മുഹൂർത്തമാണിത്. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഒരു മുഖ്യമന്ത്രിക്ക് ഇത്തരത്തിലൊരു അന്താരഷ്ട്ര ബഹുമതി ലഭിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലും സഞ്ചരിച്ച് ജനങ്ങളെ നേരിൽക്കണ്ട് അവരുടെ പ്രശ്നങ്ങൾ പഹിഹരിക്കാൻ കഴിയുകയെന്നത് അനുകരണീയമായ മാതൃകയാണ്. അഞ്ചു ലക്ഷം പരാതികളിൽ മൂന്നു ലക്ഷത്തിനും പരിഹാരം കാണാൻ കഴിഞ്ഞു. ഒരു ദിവസം 20 മണിക്കൂറിലധികം ജനങ്ങൾക്കിടയിൽ അവരുടെ നിസഹായമായ പരാതികൾ കേൾക്കുവാൻ ഒരു മുഖ്യമന്ത്രി തയാറാകുന്നു എന്നതുതന്നെ ചരിത്രത്തിൽ ആദ്യമാണ്. ലോകം മുഴുവൻ ഉറ്റുനോക്കിയ അപൂർവ







ജനസമ്പർക്ക പരിപാടിയിൽ നിന്നുള്ള ദൃശ്യങ്ങൾ



ങ്ങളിൽ അപൂർവമായ ഈ ഭരണനടപടി യു.എൻ. അംഗീകരിച്ചു എന്നത് കേരളത്തിന് അഭിമാനകരമാണ്. ജൂൺ 27 ന് ബഹ്റൈനിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അവാർഡ് ഏറ്റുവാങ്ങുമ്പോൾ ഇന്ത്യയും പ്രത്യേകിച്ച് കേരളവുമാണ് ആദരിക്കപ്പെടുന്നത്. 2011 നവംബർ അഞ്ചിന് കോഴിക്കോട് ആരംഭിച്ച് 2012 ഫെബ്രുവരി 23 ന് ഇടുക്കിയിൽ അവസാനിച്ച ജനസമ്പർക്ക പരിപാടി ജനപങ്കാളിത്തം കൊണ്ടാണ് ലോകശ്രദ്ധയിലെത്തിയത്. ഒരു ഭരണാധികാരി പ്രത്യേക സുരക്ഷാവ്യൂഹങ്ങളില്ലാതെ ജനങ്ങൾക്കിടയിൽ അവരിലൊരാളായി പ്രശ്നങ്ങൾ പരിഹരിക്കാൻ മുന്നിട്ടിറങ്ങിയത് പുതിയ കാലത്ത് മറ്റ് രാഷ്ട്രങ്ങൾക്ക് ഒരത്ഭുതം തന്നെയാണ്.





കാരുണ്യത്തിന്റെ കർമകാണ്ഡം - പേജ് 39

കെ.സി. ജോസഫ്
സാംസ്കാരിക മന്ത്രി

# മലയാളികൾക്ക് അഭിമാനകരമായ മുഹൂർത്തം

**സർക്കാരിന്റെയും സാംസ്കാരിക പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ചിരിക്കുന്നു. എന്തുകൊണ്ട് മലയാളം ഈ പദവിക്ക് അർഹമാകുന്നു എന്ന ചർച്ചയാണ് തുടർപ്പുറങ്ങളിൽ**



മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ചതിന്റെ തുടർപ്രവർത്തനങ്ങൾ ആലോചിക്കാനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം

ഒരു ജനതയുടെ ആഗ്രഹം സാധിതപ്രായമായ അവിസ്മരണീയമായ മുഹൂർത്തമാണ് നാം പിന്നിട്ടിരിക്കുന്നത്. നമ്മുടെ മാതൃഭാഷയായ മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി നൽകാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. തമിഴ്, തെലുങ്ക്, കന്നട എന്നീ ദക്ഷിണേന്ത്യൻ ഭാഷകളോടൊപ്പം മലയാള ഭാഷയും ആദരിക്കപ്പെട്ടിരിക്കുന്നു. ഇത് സ്വാഭിമാനത്തിന്റെ മുഹൂർത്തമാണ്. ലോകമെമ്പാടും ഉള്ള ഓരോ മലയാളിയും തലയുയർത്തി നിൽക്കുന്ന അവിസ്മരണീയമായ സുദിനം.

മലയാളഭാഷയെ മലയാളികൾതന്നെ അവഗണിച്ച് ഒരു കാലഘട്ടമുണ്ടായിരുന്നു. തങ്ങളുടെ കുട്ടികൾക്ക് മലയാളം അറിയില്ല എന്ന് പറയുന്നത് അന്തസ്സിന്റെ അടയാളമായി കണ്ടത് ഇനി പഴംകഥമാത്രം. ടെലിവിഷനിലെ ചില അവതാരകരുടെ മലയാളം ഉച്ചാരണം ലജ്ജാകരമായി തുടരുന്നുവെങ്കിലും ഇനി ഓരോ മലയാളിക്കും തല ഉയർത്തിതന്നെ നിൽക്കാം.



കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ശ്രേഷ്ഠഭാഷാപദവിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ശക്തമായത്. അന്നത്തെ മുഖ്യമന്ത്രി അച്യുതാനന്ദനും ഇന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും ഒ.എൻ.വി., സുഗതകുമാരി, പുതുശ്ശേരി രാമചന്ദ്രൻ, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ തുടങ്ങിയ ഭാഷാപ്രേമികളും കേരളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിക്കാനുള്ള അർഹത പ്രധാനമന്ത്രിക്കുമുമ്പിൽ കാര്യകാരണ സഹിതം അവതരിപ്പിച്ചു. പ്രധാനമന്ത്രി ഈ വിഷയം കേന്ദ്രസാഹിത്യ അക്കാദമിയുടെ പരിഗണനയ്ക്ക് വിട്ടു. അക്കാദമി വിഷയം പഠിച്ച് ശുപാർശനൽകാൻ ഒരു ഉപസമിതിയെ നിയോഗിച്ചു. ഉപസമിതിയിൽ ഉള്ളവരുടെ മനോഭാവത്തെപ്പറ്റി ആശങ്കകൾ ഉന്നയിക്കപ്പെട്ടിരുന്നു. അതിനെ സാധൂകരിക്കുന്ന നിലയിലാണ് മലയാളത്തിനെതിരെ ഉയർന്നുവന്ന ആക്ഷേപങ്ങളെപ്പറ്റി മലയാള ഭാഷാപണ്ഡിതരുടെ വിശദീകരണംപോലും കേൾക്കാതെ മലയാളഭാ

ഷയ്ക്ക് ശ്രേഷ്ഠഭാഷാപദവിക്ക് അർഹതയില്ലെന്ന് അവർ ശുപാർശ നൽകിയത്.

തികച്ചും ധിക്കാരപരമായ ഈ നിലപാടിനെതിരെ കേരളം ശക്തമായി പ്രതികരിച്ചു. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെകണ്ട സംസ്ഥാന മന്ത്രിതല സംഘം മലയാളഭാഷയെ കേൾക്കാതെ നൽകിയ ശുപാർശക്കെതിരെയുള്ള കേരളത്തിന്റെ പ്രതിഷേധം അറിയിച്ചു. ഉപസമിതിയുടെ സംശയങ്ങൾക്ക് വിശദീകരണം നൽകാനുള്ള അവസരം മാത്രമാണ് കേരളം ആവശ്യപ്പെട്ടത്. എ.കെ. ആന്റണി, വയലാർ രവി തുടങ്ങിയ ക്യാബിനറ്റ് മന്ത്രിമാരും കേന്ദ്രമന്ത്രിസഭയിലെ മറ്റ് മലയാളി മന്ത്രിമാരും എം.പി.മാരും കേരളത്തിന്റെ നിലപാടിനെ ശക്തമായി പിൻതുണച്ചു. വിശ്വമലയാള മഹോത്സവത്തിൽ പ്രസിഡന്റ് പ്രണബ് മുഖർജിയുടെ സാന്നിധ്യം ഉണ്ടായതും മലയാളത്തിന്റെ ആവശ്യം ഉന്നയിക്കാൻ അവസരം ലഭിച്ചതും നമ്മുടെ വാദത്തിന് ശക്തി പകർന്നു.

പ്രധാനമന്ത്രി നിർദേശിച്ചപ്രകാരം ഉപസമിതി വീണ്ടും യോഗം ചേർന്നപ്പോൾ കേരളത്തിന്റെ ഭാഗം അവതരിപ്പിക്കാൻ അവസരം ലഭിച്ചു. മലയാള സർവകലാശാല വൈസ് ചാൻസലർ കെ. ജയകുമാർ, ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ, ഭാഷാവിദഗ്ധൻ പ്രൊഫ. ബി. ഗോപിനാഥൻ നായർ എന്നിവർ കേരളത്തിന്റെ വാദഗതി ശക്തമായി തന്നെ സമിതിയിൽ അവതരിപ്പിച്ചു. വിദഗ്ധാംഗമായി ഉപസമിതി ക്ഷണിച്ചപ്രകാരം യോഗത്തിൽ പങ്കെടുത്ത ഡോ. എം.ജി.എസ്. നാരായണൻ കേരളത്തിന്റെ ആവശ്യത്തിന് ശക്തമായ പിൻതുണയും നൽകി. ഗത്യന്തരമില്ലാതെ ഉപസമിതി മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി നൽകാൻ ശുപാർശ നൽകാൻ തയാറായി. ഈ ശുപാർശ അംഗീകരിച്ച കേന്ദ്ര സാംസ്കാരികവകുപ്പ് സമർപ്പിച്ച നിർദേശം കേന്ദ്രമന്ത്രിസഭ അംഗീകരിച്ചതോടെ ചരിത്രമുഹൂർത്തം സമാഗതമായി. മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭ്യമായി.

ഒരേ ഗോത്രത്തിൽപ്പെട്ട നാല് ഭാഷകളിൽ മൂന്ന് ഭാഷകൾക്കുമാത്രം ശ്രേഷ്ഠപദവി നൽകുകയും മലയാള ഭാഷയെ തഴയുകയും ചെയ്തപ്പോഴാണ് നമ്മുടെ മാതൃഭാഷക്കേറ്റ അവഗണന മലയാളിക്ക് മനസ്സിലായത്. പ്രാഗ് രൂപത്തിനും വർത്തമാനകാല രൂപത്തിനും പ്രകടമായ വ്യതിയാനവും 2000 ത്തിനും 1000 നുമിടയ്ക്ക് പഴക്കവും ശ്രേഷ്ഠഭാഷയ്ക്കുള്ള യോഗ്യതയായി കൽപ്പിച്ചപ്പോൾ ഇത് രണ്ടുമുള്ള നമുക്ക് അത് സ്ഥാപിച്ചെടുക്കാനുള്ള വിളംബം നമ്മുടെ ഭാഷയെ തിരസ്കാരത്തിന്റെ വക്കോളമെത്തിച്ചു.

ആദിദ്രാവിഡ ഭാഷയിൽ തമിഴും തെലുങ്കും മലയാളവും കന്നഡയും ഒരുപോലെ ഉൾപ്പെട്ടിരുന്നുവെന്ന പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളയുടെ ചരിത്ര നിരീക്ഷണങ്ങളെ ശ്രേഷ്ഠഭാഷാ ശുപാർശ കമ്മിറ്റി അംഗങ്ങൾ ശക്തമായി പിന്തുണച്ചതിന്റെ പരിണത ഫലമാണ് നമുക്കു ലഭിച്ച ഈ ശ്രേഷ്ഠ ഭാഷാ പദവി.

തെലുങ്കു ഭാഷാ പ്രേമികൾ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും വ്യവഹാരത്തിനു മുതിർന്നും കന്നടഭാഷാസ്നേഹികൾ ഡൽഹിയിൽ മഹാസമ്മേളനം നടത്തിയും തങ്ങളുടെ പ്രക്ഷോഭം ശക്തിപ്പെടുത്തിയപ്പോൾ ബൃഹത്തായ ഭാഷാ സമ്പത്ത് ഉണ്ടായിട്ടും അന്ന് മലയാളം പ്രകടനപരമായ നിലപാട് സ്വീകരിച്ചില്ല.

ശ്രേഷ്ഠഭാഷാപദവി ലഭിക്കുന്നതിനുള്ള സർവയോഗ്യതകളും നമ്മുടെ ഭാഷക്കുണ്ടെന്ന് അവിതർക്കിതമായി സ്ഥാപിക്കപ്പെട്ടതിന്റെ ഫലമായി ലഭിക്കുന്ന ഈ പദവി ഓരോ കേരളീയന്റെയും സ്വപ്നം തന്നെയാണ്. 100 കോടി രൂപയുടെ സാമ്പത്തിക നേട്ടത്തെക്കാൾ നമ്മുടെ പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും പ്രതീകമായി സ്വന്തം ഭാഷയ്ക്കു ലഭിക്കുന്ന അംഗീകാരമായിരിക്കും നാമോരോരുത്തരും പ്രതീക്ഷിക്കുന്നതെന്ന് സംശയലേശമെന്യേ പറയാം.

പ്രാചീന സംഘസാഹിത്യ കൃതികളായ ചിലപ്പതികാരവും തൊൽക്കാപ്പിയവും മലയാളത്തിന് തമിഴിനോളം പ്രാചീനതയുണ്ടെന്ന് അനിഷേധ്യമായ തെളിവുനൽകിയിട്ടുണ്ട്. ചിലപ്പതികാര കഥയായ കണ്ണകീചരിതത്തിന് തമിഴിലേതുപോലെ തന്നെ മലയാളത്തിലും പ്രചുരപ്രചാരം ലഭിച്ചത് നമ്മുടെ ഭാഷയുടെ പൗരാണികതയ്ക്കുള്ള ഉത്തമോദാഹരണമാണ്.

പഴയ തമിഴ് മലയാള ഭാഷകളുടെ വ്യാകരണമായാണ് തൊൽക്കാപ്പിയത്തെ ചരിത്രകാരൻമാർ വിവക്ഷിക്കുന്നത്. വളരെ സമ്പന്നമായ ഒരു ഭാഷയും വികാസം പ്രാപിച്ച ലിപിയും ഉച്ചാരണ വ്യവസ്ഥിതികളുമുള്ള ഒരു സമൂഹത്തിനേ അത്തരത്തിലുള്ള ഗ്രന്ഥ രചനയ്ക്ക് മുതിരാനാവൂ. ഇതിൽ നിന്നെല്ലാം അക്ഷരാർഥത്തിൽ നമ്മുടെ മാതൃഭാഷ ഒരു പക്ഷേ ദ്രാവിഡ ഗോത്രത്തിലെ മറ്റ് പ്രാചീന ഭാഷകൾക്കൊപ്പമോ അതിലുപരിയോ പൗരാണികത്വം അർഹിക്കുന്നുവെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.

വൈകിവന്ന ഒരു അംഗീകാരമാണിത്. അർഹതയ്ക്ക് ലഭിച്ച അംഗീകാരമാണിത്.

എന്തുകൊണ്ടും ക്ലാസ്സിക് പദവിയിലെത്തേണ്ട ഒരു ഭാഷ തന്നെയാണ് നമ്മുടെ മാതൃഭാഷയായ മലയാളം. ഉദ്ദേശം ക്രിസ്തുവർഷം ഒൻപതാം നൂറ്റാണ്ടോടുകൂടിയാണ് മലയാളം ഉരുത്തിരിഞ്ഞതെന്ന് വിശ്വസിച്ചു പോരുന്നവരാണ് ഭാഷാ ചരിത്രകാരൻമാരിൽ ഏറിയപങ്കും. ആര്യദ്രാവിഡ സംസ്കാരത്തിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും കേരളത്തിനു അതിനു മുമ്പുതന്നെ തനതായ സംസ്കാരവും പൈതൃകവും സ്വായത്തമായിരുന്നു. മലൈനാട്ടു വഴക്കമെന്ന് തമിഴ് വൈയാകരണൻമാർ സ്ഥാപിക്കുന്ന തമിഴ് മലയാള ബന്ധം. കേരളത്തിന്റെ തനതുവായ്മൊഴി സഹ്യപർവതത്തിനു കീഴെയുള്ള വായ്മൊഴിയിൽ നിന്ന് അകന്നുമാറിപ്പോകുന്നതിന്റെ സൂചനയായിരുന്നു. ഇത് മലയാളത്തിനു തമിഴിനോളം പഴക്കമുണ്ടെന്ന പരോക്ഷ അംഗീകാരം തന്നെയാണ്. തമിഴിലും കന്നടത്തിലും തെലുങ്കിലും അന്യം നിന്നുപോയ പ്രാഗ്ഭാഷാ സ്വഭാവങ്ങൾ ഇന്നും മലയാളം വച്ചുപുലർത്തുന്നതിനാൽ മലയാളത്തിന് തമിഴ്, കന്നട, തെലുങ്ക് ഭാഷകൾക്കൊപ്പമോ അതിനപ്പുറമോ പഴക്കമുണ്ടെന്ന് ഉറച്ചു വിശ്വസിക്കാം.

മലയാളം ഒന്നാംഭാഷയായി, മലയാളം സർവകലാശാലയായി, ശ്രേഷ്ഠ ഭാഷയായി, മലയാളം മിഷനിലൂടെ മറുനാടൻ മലയാളികളുടെ പുതിയ തലമുറയെ മലയാളം പഠിപ്പിക്കാനുള്ള പഠനക്ലാസ്സുകൾ വ്യാപകമായി. വളർച്ചയുടെ ഓരോ പടവും നാം പിന്നിട്ടുകൊണ്ടിരിക്കുന്നു. ഭാഷയെ കൂടുതൽ സമ്പുഷ്ടമാക്കാനും സമ്പന്നമാക്കാനും ശ്രേഷ്ഠഭാഷാ പദവി സഹായകമാകുമെന്ന് പ്രത്യാശിക്കാം. ■



**പ്രമുഖ ഭാഷാപണ്ഡിതൻ ഡോ. ആർ.ഇ. ആഷർ മുഖ്യമന്ത്രിക്കൊപ്പം**

■ ഡോ. ഡി. ബാബുപോൾ

# പ്രശ്നം മലയാളികളുടെ മിഥ്യാബോധം

**മലയാളം മീഡിയത്തിലോ ഇംഗ്ലീഷ് മീഡിയത്തിലോ പഠിച്ചുവെന്നതല്ല പ്രശ്നം. ഭാഷ കൈകാര്യം ചെയ്യാൻ കഴിയണം. മലയാളത്തിന്റെ പോരായ്മ കൊണ്ടല്ല, മലയാളികളുടെ മിഥ്യാബോധം കൊണ്ടാണ് പ്രശ്നമുണ്ടാകുന്നത്.**

ശ്രേഷ്ഠഭാഷാപദവി എന്ന അംഗീകാരം കിട്ടിയാലും ഇല്ലെങ്കിലും മലയാള ഭാഷയുടെ ശ്രേഷ്ഠത ഇല്ലാതാകില്ല. ക്ലാസിക്കൽ ഭാഷ എന്ന പദത്തിന് ഉചിതമായുള്ള പദമല്ല ശ്രേഷ്ഠഭാഷ എന്നത്. ക്ലാസിക്കൽ ഭായ്ക്കു കീഴിൽ വരുന്നത് ഗ്രീക്ക്, ലാറ്റിൻ, സംസ്കൃതം തുടങ്ങിയ ഭാഷകളാണ്. ഇവയൊക്കെ ദൈനംദിന ജീവിതത്തിൽ ഉപയോഗപ്പെടുന്നില്ലെങ്കിലും ശ്രേഷ്ഠവും ക്ലാസിക്കൽ ഭാഷകളായും പറയപ്പെടുന്നതുമാണ്. ഹിന്ദി നമ്മുടെ രാഷ്ട്രഭാഷയാണെങ്കിലും അത് ശ്രേഷ്ഠഭാഷയായി അംഗീകരിക്കപ്പെട്ടിട്ടില്ല. മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ചതോടെ 100 കോടി രൂപയുടെ കേന്ദ്രസഹായം ലഭിക്കും. ഇത് ഭാഷയുടെ വികസനത്തിനും പ്രോത്സാഹനത്തിനും വേണ്ടിയാണ്. മലയാളം സർവകലാശാലയെ അതിന്റെ ചുമതല ഏൽപ്പിച്ച് നല്ല രീതിയിൽ അത് പ്രയോജനപ്പെടുത്താവുന്നതാണ്.

ഭാഷ സ്വയം വളർന്നുവരേണ്ടതാണ്. ഭാഷയിലെ പ്രയോഗങ്ങൾ മാറുന്നുണ്ട് എന്നത് ഭാഷ വളരുന്നതിന്റെ ലക്ഷണമാണ്. സജീവമായൊരു ഭാഷയിലെ പ്രയോഗങ്ങൾ മാറുകയുള്ളൂ. ലത്തിനിലോ, സംസ്കൃതത്തിലോ പ്രയോഗങ്ങൾ മാറുന്നില്ല. ലെക്സിക്കോഗ്രാഫി പ്രത്യേകമായി ശ്രദ്ധിക്കേണ്ടകാര്യമാണ്. മലയാളം നിഘണ്ടുവിൽ പുതിയ വാക്കുകൾ ഉൾപ്പെടുത്താറില്ല. ഏറ്റവും ഒടുവിൽ വന്ന നിഘണ്ടുവിൽ പോലും ഒംബുഡ്സ്മാൻ എന്ന പദം ഇല്ല. ഓംബുഡ്സ്മാൻ എന്നത് മലാളപദമായിക്കഴിഞ്ഞു. ഓക്സ്ഫോർഡ് ഡിക്ഷണറിയിലാണെങ്കിൽ അടുത്ത എഡിഷനിൽ തന്നെ പുതിയ പദങ്ങൾ ചേർക്കുകയാണ് ചെയ്യുന്നത്. മറ്റൊരുദാഹരണമാണ് 'വിത്തൗട്ട്'. ലോകത്ത് വേറൊരു സ്ഥലത്തും ചെന്ന് 'വിത്തൗട്ട് പോരട്ടെ' എന്നു പറഞ്ഞാൽ ചായയാണ് ഉദ്ദേശിച്ചതെന്ന് മലയാളിക്കല്ലാതെ മറ്റാർക്കും മനസ്സിലാകില്ല. ഇത് മലയാളികൾ മാത്രമുണ്ടാക്കിയ ഒരു പദപ്രയോഗമാണ്. അപ്പോൾ ഇതൊക്കെ മലയാളം നിഘണ്ടുവിൽ ചേർക്കാവുന്ന വാക്കുകളാണ്. പുതിയ വാക്കുകളുണ്ടാകുന്നതുകൊണ്ടോ മറ്റു ഭഷകളിൽ നിന്ന് കടമെടുക്കുന്നതുകൊണ്ടോ ഭാഷയ്ക്ക് അപചയം സംഭവിക്കുന്നില്ല. മറിച്ച് ഭാഷ വളരുകയാണ് ചെയ്യുന്നത്. അത് ഭാഷാവളർച്ചയുടെ തെളിവായിട്ടാണ് കാണേണ്ടത്.

ഭാഷയിൽ വരുന്ന മാറ്റങ്ങൾ പ്രതിഫലിക്കുന്ന ഒരു മേഖലയാണ് മാധ്യമം. 50 വർഷം മുമ്പുള്ള പത്രവും ഇന്നത്തെ പത്രവും താരതമ്യം ചെയ്ത് വായിച്ചാൽ ആ മാറ്റം നമുക്കറിയാൻ സാധിക്കും. ഭാഷയെ വളർത്താനും അതേസമയം നശിപ്പിക്കാനും മധ്യമങ്ങൾക്കു കഴിയും. ഇപ്പോൾ മലയാള മനോരമ, മാതൃഭൂമി, കൗമുദി തുടങ്ങിയവയിൽ മെട്രോ ഭാഷയും ഉപയോഗിക്കുന്നുണ്ട്. എന്റെ അഭിപ്രായത്തിൽ തനി സാധാരണ ഭാഷയെ, ഗ്രാമ്യ ഭാഷയെ ആദരപൂർവം അവതരിപ്പിക്കുന്ന ശൈലിയാണത്. എന്നാൽ തിരക്കഥ എഴുതുന്ന ആളുകൾ ഭാഷയ്ക്ക് ഒരുപാട് ദ്രോഹം ചെയ്തിട്ടുണ്ടെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. കാരണം പരസ്യമായി പറയാൻ കൊള്ളാത്ത വാക്കുകൾ മെഗാ



സ്റ്റാറുകളെക്കൊണ്ട് പറയിക്കും. മാധ്യമങ്ങൾക്ക് ഗുണവും ദോഷവും ചെയ്യാൻ സാധിക്കും. മാധ്യമ ഭാഷ ഭാഷാവളർച്ചയുടെ ഒരു മാനകമാണ്. ഭാഷാപോഷിണി പോലുള്ള മാസികകൾ ഭാഷയെ ഭൗതികമായ രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ട്. സാധാരണഗതിയിലുള്ള മാസികകളിൽ നമ്മൾ അത് പ്രതീക്ഷിക്കാറില്ല.

മനസ്സിലാകുന്ന രീതിയിൽ ഭാഷ പ്രയോഗിക്കണം. അതാണ് വേണ്ടത്. വിദ്യുത്ച്ഛക്തി ഗമനാഗമന നിയന്ത്രണ യന്ത്രം എന്നു പറയേണ്ട ആവശ്യമുണ്ടോ, അത് ഭാഷാ ഭ്രാന്താണ്. സ്വിച്ച് എന്ന വാക്ക് മലയാളമല്ല പക്ഷെ മലയാളികൾക്കെല്ലാം മനസ്സിലാകുന്ന വാക്കാണ്. അപ്പോൾ അത് ഉപയോഗിക്കുന്നതല്ലേ നല്ലത്. ഭാഷാമൗലികവാദത്തിലേക്ക് പോകേണ്ട ആവശ്യം നമുക്കില്ല. ക്വഥനാങ്കം (ബോയിലിങ് പോയിന്റ്) എന്ന വാക്ക് സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഉപയോഗിച്ചിട്ടുണ്ട്. അതിന്റെയൊന്നും ആവശ്യമില്ല. മനസ്സിലാകുന്ന പദപ്രയോഗങ്ങളാണ് ഭാഷയിൽ ഉപയോഗിക്കേണ്ടത്. സൈബർ ലോകത്ത് ഒരുപാട് മലയാളം സോഫ്ട്‌വെയറുകൾ ഇപ്പോഴുണ്ട്. എങ്കിലും അതൊക്കെ കൈകാര്യം ചെയ്യുവാൻ അത്ര എളുപ്പമല്ല. ചില്ലക്ഷരങ്ങളും മറ്റും വരുന്നിടത്ത് ചെറിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ട്.

പൂർണമായും മലയാളത്തിലെഴുതുക എന്നത് ചിലപ്പോഴെങ്കിലും പലർക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യമാണ്. ഫയലുകളും മറ്റുമെഴുതുമ്പോൾ ഈ പ്രശ്നം വരാം. ഭാഷ ഭംഗിയായി കൈകാര്യം ചെയ്യാനറിയാമെങ്കിൽ ഒരു പ്രശ്നവുമില്ല. കൃത്രിമത്വം കൂടാതെ ആശയങ്ങൾ വ്യക്തമായി അവതരിപ്പിക്കാൻ കഴിയണമെന്നതാണ് പ്രധാനം. അതാണ് വേണ്ടതും. അക്ഷരാർഥത്തിലുള്ള തർജമ പലപ്പോഴും ശരിയാകാതെ വരും. ഉദ്ദേശിച്ച അർഥം പലപ്പോഴും കിട്ടില്ല. അത്തരം അവസരങ്ങളിൽ കാര്യങ്ങൾ വ്യക്തമാക്കാൻ ആശയപരമായ തർജമ പ്രയോജനം ചെയ്യും. ഇപ്പോൾ പി.എസ്.സി. നിയമനങ്ങൾക്ക് മലയാളം നിർബന്ധമാക്കിയത് അഭിനന്ദനാർഹമാണ്.



## യുവതലമുറയും മലയാളവും

മലയാളം മീഡിയത്തിലോ ഇംഗ്ലീഷ് മീഡിയത്തിലോ പഠിച്ചുവെന്നതല്ല പ്രശ്നം. ഭാഷ കൈകാര്യം ചെയ്യാൻ കഴിയണം. മലയാളത്തിന്റെ പോരായ്മ കൊണ്ടല്ല, മലയാളികളുടെ മിഥ്യാബോധം കൊണ്ടാണ് പ്രശ്നമുണ്ടാകുന്നത്.

മുമ്പ് ഗവൺമെന്റ് സ്കൂളുകളിൽ സമരങ്ങൾ പലപ്പോഴും പ്രതിസന്ധി തീർത്തിരുന്നു. ഇപ്പോൾ ആ പ്രശ്നം വരുന്നതേയില്ല. അതുമല്ല സിലബസിലും പുരോഗമനപരമായ മാറ്റമുണ്ടായിട്ടുണ്ട്. എന്നിട്ടും അഭിമാനബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അധ്യാപകർ പോലും സ്വന്തം മക്കളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർക്കാനാണ് താത്പര്യപ്പെടുന്നത്.

സിവിൽ സർവീസ് പരീക്ഷയിൽ മലയാളത്തിൽ പരീക്ഷയെഴുതുവാൻ അധികമാരും ധൈര്യപ്പെടാറില്ല. കാരണം അവർ ഉന്നത വിദ്യാഭ്യാസം നേടുന്നത് ഇംഗ്ലീഷിലാണ്. ഇംഗ്ലീഷിൽ എഴുതാനും പഠിക്കാനും അവർ ശീലിച്ചുപോകുകയാണ്. മലയാളം ഓപ്ഷണലായി എടുക്കുന്നതും മലയാളത്തിൽ മുഴുവനായി എഴുതുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. മലയാളത്തിൽ പരീക്ഷ എഴുതിയാൽ മലയാളികൾ മൂല്യനിർണയം നടത്തുമെന്നു കുരുതി കൂടുതൽ മാർക്കു ലഭിക്കുമെന്ന തെറ്റിദ്ധാരണ വേണ്ട. ഭാഷാപ്രാവീണ്യമുള്ളവർക്ക് മലയാളത്തിൽ എഴുതുന്നതുകൊണ്ട് ദോഷമില്ലായെന്നു തെളിയിക്കുവാൻ 224 ാം റാങ്ക് നേടിയ ലിബിൻ രാജ് ധൈര്യം കാട്ടി. അതിൽ ഏറെ സന്തോഷമുണ്ട്.

*തയാറാക്കിയത് :*
*വിദ്യ എസ്./ഹൃദ്യമേനോൻ എം.കെ.*



**മലയാള സർവകലാശാല ഉദ്ഘാടനം തുഞ്ചൻപറമ്പിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു**

എം. ശ്രീനാഥൻ


# മലയാളം ശ്രേഷ്ഠഭാഷയായ വഴി

**ഇതര ദ്രാവിഡഭാഷകൾക്ക് ആർജിക്കാൻ കഴിഞ്ഞ നേട്ടം ഭരണപരമായ ഇടപെടൽ ഇല്ലായിരുന്നുവെങ്കിൽ സാങ്കേതിക കാരണങ്ങളാൽ മലയാളത്തിന് നഷ്ടമാകുമായിരുന്നു.**

ഇന്ത്യയിലാദ്യമായി തമിഴ് ഭാഷയ്ക്ക് കേന്ദ്രസർക്കാർ ശ്രേഷ്ഠ ഭാഷാപദവി നൽകി. 2004 സെപ്റ്റംബർ 17 നാണ് ഭാരത ഭാഷാചരിത്രത്തിൽ പുതിയൊരധ്യയത്തിന് നാന്ദികുറിച്ചു കൊണ്ടുള്ള ഈ പ്രഖ്യാപനമുണ്ടായത്. ആയിരത്തിലേറെ വർഷങ്ങളുടെ പഴക്കമവകാശപ്പെടാവുന്ന ലിഖിത ചരിത്രം, പ്രാചീന സാഹിത്യസമ്പത്ത്, മൗലികമായ സാഹിത്യപാരമ്പര്യം എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ മുൻനിർത്തിയാണ് തമിഴ് ഭാഷയ്ക്ക് ഈ അംഗീകാരം നൽകിയത്. തമിഴിനായി 2003 ൽ നിശ്ചയിച്ച ഈ മാനദണ്ഡങ്ങൾ മുൻനിർത്തിയാണ് തമിഴ് ഭാഷയ്ക്ക് ഈ അംഗീകാരം നൽകിയ്. തമിഴിനായി 2003 ൽ നിശ്ചയിച്ച ഈ മാനദണ്ഡങ്ങൾ 2004 ൽ വീണ്ടും പരിഷ്കരിച്ചു. പഴമയുടെ ആഴം ആയിരത്തിൽ നിന്നും ആയിരത്തി അഞ്ഞുറു മുതൽ രണ്ടായിരം വർഷങ്ങളാകുകയും ആധുനിക ഭാഷയിൽ നിന്ന് വ്യത്യസ്തമായ പ്രാചീന സാഹിത്യ സ്വരൂപത്തിന് കൂടുതൽ ഊന്നൽ നൽകുകയും ചെയ്തുകൊണ്ടുള്ളതായിരുന്നു 2004 ൽ പുറത്തിറക്കിയ ശ്രേഷ്ഠഭാഷാ മാനദണ്ഡ വിജ്ഞാപനം.

സംസ്കൃതത്തിന് ഔദ്യോഗികമായി നൽകാത്ത ഭാഷാപദവി തമിഴിന് കൽപ്പിച്ചേകിയതിൽ പലരും ആശങ്ക ഉന്നയിച്ചു. ഇതേ തുടർന്ന്, 2005 ഒക്ടോബറിൽ സംസ്കൃതത്തിനു സമാന പദവി നൽകി ആദരിച്ചു.

ഭാഷകൾക്ക് ശ്രേഷ്ഠഭാഷാപദവി നൽകുന്നത് ജനാധിപത്യസർക്കാരിന്റെ ഉത്തരവാദിത്വമല്ലെന്നും സമ്പുഷ്ടമായ ഭാഷാ വൈവിധ്യമുള്ള രാജ്യത്ത് ഈ തീരുമാനം ഭാഷാസ്പർധ വർധിപ്പിക്കുമെന്നുമൊക്കെ പരക്കെ ആക്ഷേപമുയർന്നു. ഇതൊന്നും പരിഗണിക്കാതെ, 2008 ഒക്ടോബർ 31ന് തെലുഗു, കന്നട ഭാഷകൾക്ക് സമാന പദവി നൽകുകയുണ്ടായി. തമിഴിനുള്ളയത്രയും പഴമ തെലുഗുവിനും കന്നടയ്ക്കുമില്ലായെന്നു വാദമുന്നയിച്ച് കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ മദ്രാസ് ഹൈക്കോടതിയിൽ ചിലർ കേസ് കൊടുത്തു. ഒപ്പം തന്നെ ശ്രേഷ്ഠഭാഷാ പദവി നിർണയിക്കുന്ന കേന്ദ്ര ഭാഷാശാസ്ത്രജ്ഞ സമിതിയിലെ തമിഴ്നാട്ടിൽ നിന്നുള്ള അംഗങ്ങളിലൊരാൾ കന്നടയും തെലുഗുവിനും അനുകൂലമായുണ്ടായ തീരുമാനത്തിൽ പ്രതിഷേധിച്ച് സമിതി അംഗത്വം രാജിവച്ചു. പ്രതിഷേധം കെട്ടടങ്ങിയിട്ടില്ലെങ്കിലും തമിഴിന് ശ്രേഷ്ഠ ഭാഷാപദവി ലഭിച്ചതുമുതൽ കേരളത്തിന് പുറത്തുനിന്നുള്ള പല മലയാളി സംഘടനകളും മലയാള ഭാഷ പരിഗണിക്കപ്പെടണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് നിവേദനം നൽകിയിരുന്നു. കേരള സർക്കാരും മലയാളത്തിനായി അവകാശമുന്നയിച്ചുകൊണ്ട് നാലു വാല്യങ്ങളടങ്ങുന്ന റിപ്പോർട്ട് സമർപ്പിച്ചു. 2011 ൽ സമർപ്പിച്ച റിപ്പോർട്ട് വിശദമായ പരിശോധനയ്ക്കും പരിഗണനയ്ക്കുമായി കേന്ദ്ര ശ്രേഷ്ഠഭാഷാപദവി നിർണയ ഭാഷാശാസ്ത്രജ്ഞരുടെ സമിതിക്ക് മുന്നിലെത്തി. 2012 ജനുവരി 23 ന് കേന്ദ്ര സാഹിത്യ അക്കാദമിയിൽവച്ച് പ്രൊഫ. കെ.വി. സുബ്ബറാവുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മലയാളത്തിന്റെയും മറാത്തിയുടെയും ശ്രേഷ്ഠ ഭാഷാപദവിയെക്കുറിച്ചുള്ള ആവശ്യം പരിശോധിക്കുകയായിരുന്നു ലക്ഷ്യം. മലയാളത്തെ പ്രതിനിധീകരിച്ചുകൊണ്ട് ഈ ലേഖകൻ അവതരിപ്പിച്ച സമീപനരേഖ തത്വത്തിൽ അംഗീകരിക്കുകയും വിശദമായ ചർച്ച



കാൽഡ്വൽ



എ.ആർ. രാജരാജവർമ



കൾക്കായി മറ്റ് അംഗങ്ങൾക്ക് അയക്കാനും തീരുമാനിച്ചു. മറാത്തിയുടെ കാര്യത്തിലാകട്ടെ, വിശദമായ ചർച്ചയ്ക്കുതകുന്ന റിപ്പോർട്ടിന്റെ അഭാവം പരിഹരിക്കാനായി പ്രശസ്ത മറാത്തി പണ്ഡിതരെ ഏർപ്പാട് ചെയ്യാൻ മറാത്തി ഭാഷയെ പ്രതിനിധീകരിച്ചെത്തിയ പ്രൊഫ. അഗർവാളിനെ ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ, സമിതി അംഗങ്ങൾ ഐകകണ്ഠ്യേന പ്രാകൃതഭാഷകൾക്ക് ശ്രേഷ്ഠഭാഷാപദവി ശുപാർശ ചെയ്യുകയും ചെയ്തു.

മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി നിർണയിക്കാനായി വീണ്ടും 2012 മാർച്ച് അഞ്ചിന് ഹൈദരാബാദിൽ വച്ച് പ്രൊഫ. ബി. എച്ച്. കൃഷ്ണമൂർത്തിയുടെ നേതൃ

ത്തിൽ യോഗം നടന്നു. ആദ്യ യോഗത്തിന്റെ തീരുമാനങ്ങൾ പുനഃപരിശോധിക്കുകയുണ്ടായി. മലയാളത്തിനായി സമർപ്പിച്ച റിപ്പോർട്ടിൽ ഭാഷാപഴമ സംബന്ധിച്ചുള്ള ലിഖിത ചരിത്രതെളിവുകൾ 1200 ൽ ഏറെ വർഷം വേണ്ടുന്ന ഭാഷാ പഴക്കം തെളിയിക്കാൻ പോരുന്നതല്ലെന്ന് പ്രൊഫ. ബി.എച്ച്. കൃഷ്ണമൂർത്തി അവകാശപ്പെട്ടു. മലയാളവും തമിഴും പങ്കിട്ട സമാനഭൂത ഭൂപടം കണക്കിലെടുത്ത് ഭാഷാപഴക്കം അംഗീകരിക്കാവുന്നതാണെന്ന് ഈ ലേഖകന്റെ വാദം അദ്ദേഹം സാങ്കേതിക കാരണങ്ങളാൽ അംഗീകരിച്ചില്ല. എന്നാൽ ബാക്കിയുള്ള മാനദണ്ഡങ്ങളെല്ലാം മലയാളത്തെ സംബന്ധിച്ച് സംശയലേശമെന്യെ അംഗീകരിക്കുകയും ചെയ്തു. തമിഴ് ജന്യമാണ് മലയാളമെന്ന നിലവിലുള്ള വാദത്തിന്റെ ചുവടുപിടിച്ച് തമിഴ്-മലയാള പൂർവ ബന്ധമെന്നത് എത്ര പുറകോട്ടു പരിശോധിച്ചാലും മലയാളത്തിന്റെ ഭൂതാവസ്ഥ തമിഴ് ജന്യമായതാകുന്നില്ലെന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞു. മലാളത്തെക്കുറിച്ചുണ്ടായിട്ടുള്ള പഠനങ്ങളുടെ വെളിച്ചത്തിൽ, ചരിത്ര ഭാഷാശാസ്ത്ര നിഗമനങ്ങൾ മുൻനിർത്തിയുള്ള വാദമായിരുന്നു അദ്ദഹേം മുന്നോട്ടുവച്ചത്. മലയാള ഭാഷാ പിറവിയെക്കുറിച്ച് നിലനിൽക്കുന്ന അഥവാ മലയാളികളായ നാം പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന വാദങ്ങൾ തന്നെയായിരുന്നു അദ്ദേഹത്തിനും പറയാനുണ്ടായിരുന്നുവെന്നത് പ്രത്യേകം ഓർക്കേണ്ടതാണ്.

സംഘകാല ഭാഷ തമിഴല്ലെന്നും പൊതുഭാഷയാണെന്നും അതിൽ നിന്ന് മലയാളവും തമിഴും രൂപം കൊണ്ടതാണെന്നുമുള്ള എന്റെ എതിർ വാദം സംഘകാല ഭാഷ തമിഴാണെന്നു പരക്കെ പ്രചരിച്ചിരിക്കുന്ന പണ്ഡിതമതം അവതരിപ്പിച്ച് എതിർക്കാനായി. നിലവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന വാദങ്ങളേ അദ്ദേഹം മുന്നോട്ടു വച്ചുള്ളു. മലയാള ഭാഷാശാസ്ത്രം വേണ്ടത്ര ചരിത്രാത്മകമായിട്ടില്ലായെന്നതുകൊണ്ട് എന്റെ വാദത്തിന് നിലവിലുള്ള വിശ്വാസത്തെ തകർക്കാനുതകുന്ന ശക്തിയും ഉണ്ടായില്ല.

ഭാഷാപഴമയെ തൃപ്തിപ്പെടുത്താൻപോരുന്ന തെളിവുകളുടെ അഭാവം സമിതിക്ക് ബോധ്യപ്പെട്ടതിനെത്തുടർന്ന്, നിലവിലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രേഷ്ഠ ഭാഷാപദവിക്ക് അനുകൂലമായ തീരുമാനമുണ്ടായി. എന്നാൽ പഴമയ്ക്ക് ആക്കം കൂട്ടുന്ന പുതിയ തെളിവുകൾ സമർപ്പിച്ചാൽ മലയാളത്തിന്റെ ശ്രേഷ്ഠഭാഷാപദവി വീണ്ടും പരിഗണിക്കാമെന്ന് സമിതി നിർദേശിച്ചു. ഇതേത്തുടർന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. തമ്പാനെ, സമിതി തീരുമാനമറിയിക്കുകയും വീണ്ടും പരിഗണിക്കാനുതകുന്ന തെളിവുകൾ ശേഖരിച്ച് സമർപ്പിക്കാനും ഞാനാവശ്യപ്പെട്ടു. അദ്ദേഹം സർക്കാരിന്റെ അടിയന്തര ശ്രദ്ധ ഈ കാര്യത്തിൽ ഉടൻ ഉറപ്പുവരുത്തി.



തലശ്ശേരിയിലെ ഗുണ്ടർട്ട് പ്രതിമ

കേരളത്തിന്റെ വാദം കേൾക്കാതെ എടുത്ത തീരുമാനം പുനഃപരിശോധിക്കണെമെന്ന് കേരള സർക്കാർ കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടു. 2012 ഡിസംബർ 19 ന് വീണ്ടും കേന്ദ്രസാഹിത്യ അക്കാദമിയിൽവച്ചു ശ്രേഷ്ഠഭാഷാനിർണയ സമിതി യോഗം ചേർന്നു. കേരളത്തെ പ്രതിനിധീകരിച്ച് മലയാള സർവകലാശാലയുടെ വൈസ് ചാൻസിലർ കെ. ജയകുമാർ, പ്രൊഫ. ബി. ഗോപിനാഥൻ നായർ, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ എന്നിവരും കേന്ദ്രസാഹിത്യ അക്കാദമിയുടെ പ്രത്യേക ക്ഷണിതാവായ പ്രൊഫ. എം.ജി.എസ്. നാരായണനും പങ്കെടുത്തു.

കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ, മലയാള ഭാഷാപഴമ സംബന്ധിച്ചുള്ള വാദം അവതരിപ്പിച്ചു. പക്ഷെ, നേരത്തെ സമർപ്പിച്ചിരുന്ന റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന വാദങ്ങളുടെ ആവർത്തനമായതുകൊണ്ട്, സമിതി അംഗങ്ങൾ അവ അംഗീകരിച്ചില്ല. ഇടയ്ക്കൽ തുടങ്ങിയുള്ള ഗുഹാലിഖിതങ്ങളെ മുൻനിർത്തി ഭാഷാപഴമ നിശ്ചയിക്കാനുള്ള ശ്രമത്തെ എം.ജി.എസ്സും അംഗീകാരിച്ചില്ല. ഈ സന്ദർഭത്തിലാണ് കെ. ജയകുമാർ ആദ്യ കമ്മിറ്റിയിൽ തന്നെ അറിയിച്ചിരുന്ന ഈ ലേഖകന്റെ നിലപാട് പരിഗണിക്കണമെന്ന ആവശ്യം മുന്നോട്ടുവച്ചത്. തമിഴിനും മലയാളത്തിനും സമാനമായ പൈതൃകമുണ്ടെന്നതുകൊണ്ടുതന്നെ തമിഴ് ഭാഷാപഴമ മലയാളത്തിനും അർഹമാണെന്നതായിരുന്നു ആ നിലപാട്. സംഘകാല ഭാഷയുമായി ബന്ധപ്പെട്ട സമാന ഭൂതകാലചർച്ച ഉയർന്നതോടെ പ്രൊഫ. എം.ജി. എസ്. നാരായണൻ സംഘകാലഭാഷ തമിഴല്ലെന്നും അത് തമിഴായി ധരിച്ചുവരുന്നതാണെന്നും തമിഴിനും മലയാളത്തിനും സമാനമായി അവകാശമുള്ള മിശ്രഭാഷയാണതെന്നും അഭിപ്രായപ്പെട്ടു. ഇതോടെ, തമിഴിനും മലയാളത്തിനുമുള്ള സമാന പൈതൃകം അംഗീകരിക്കുകവഴി മലയാളത്തിന് ശ്രേഷ്ഠഭാഷാപദവിക്ക് അർഹതയുണ്ടെന്ന സമീപനം കൂടുതൽ ശക്തിപ്പെടുകയും മലയാളത്തിന്റെ പഴമയെക്കുറിച്ചുണ്ടായിരുന്ന സംശയം മാറുകയുമുണ്ടായി. സമിതി അംഗങ്ങൾ മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവി ഐകകണ്ഠ്യേന ശുപാർശചെയ്യുകയും 2013 മെയ്23 ന് സർക്കാർ അംഗീകരിച്ചുകൊണ്ട് ഉത്തരവിറക്കുകയുമുണ്ടായി.

വസ്തുതകളിങ്ങനെയാണെങ്കിലും മലയാള ഭാഷാപഴമ, തമിഴ്-മലയാളത്തിന്റെ പൈതൃക സമാനതയുടെ ഭൂതഭൂപടത്തിൽ കണ്ടെത്താൻ ശ്രമിച്ചതിന്റെ പൊരുൾ എന്തെന്നറിയേണ്ടതുണ്ട്. പ്രത്യേകിച്ചും പ്രാദേശിക സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ഭാഷാപഴമയെ സംന്ബധിച്ചുള്ള തെളിവുകൾ അപര്യാപ്തമാണെന്നു കേന്ദ്രസമിതി വിലയിരുത്തിയ സാഹചര്യത്തിൽ ഇതത്യാവശ്യമായിതീരുന്നു. കേന്ദ്രസമിതിയുടെ ഈ നിരീക്ഷണത്തിന്റെ പക്ഷപാതിത്വവും വിലയിരുത്തപ്പെടേണ്ടതാണ്.

## മലയാള ഭാഷാപഴമ – നിലപാടും സമീപനവും

ആയിരത്തിയഞ്ഞൂറിലേറെ വർഷത്തെ ഭാഷാപഴമ അവകാശപ്പെടാനുണ്ടാവുകയാണ് ശ്രേഷ്ഠഭാഷാപദവി നിർണയത്തിൽ പ്രധാനം. നാം, പഠിച്ച്, പഠിപ്പിച്ച്, പ്രചരിപ്പിച്ചുവരുന്ന മലയാളഭാഷാ ചരിത്ര നിരീക്ഷണങ്ങൾ, പൊതുവിൽ മലയാളത്തിന് അത്രത്തോളം പഴമ സ്ഥാപിച്ചുറപ്പിക്കാൻ പര്യാപ്തമല്ല. ശ്രേഷ്ഠഭാഷയ്ക്കായുള്ള റിപ്പോർട്ട് തയാറാക്കിയ പ്രാദേശിക സമിതി നേരിട്ട പ്രധാന വെല്ലുവിളിയും മറ്റൊന്നാവാനിടയില്ല. മലയാള ഭാഷോത്ഭവത്തെക്കുറിച്ച് വ്യത്യസ്ത നിരീക്ഷണങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഉപശാഖാവാദത്തിനും തമിഴ്ജന്യവാദത്തിനും സ്വതന്ത്രതാവാദത്തിനുമാണ് ഭാഷാപഴമ നിർണയത്തിൽ ഇവിടെ പ്രാമുഖ്യമെന്നതിൽ സംശയമില്ല.

പൂർവ തമിഴ്-മലയാളത്തിൽ നിന്നുമാണ് മലയാളം വഴിപിരിഞ്ഞതെന്ന് ഉപഭാഷാവാദവും മധ്യകാല തമിഴിൽ നിന്നുള്ള അവസ്ഥാന്തരണമാണ് മലയാളമെന്ന തമിഴ്ജന്യവാദവും ശക്തമാണ്. മല

യാളപ്പിറവിയുടെ കാലഗണന രണ്ടുകൂട്ടരിലും വ്യത്യസ്തമാണ്.

തമിഴകത്തും മലനാട്ടിലും പൊതുവെ പ്രചാരത്തിലുണ്ടായിരുന്ന വ്യവഹാര ഭാഷ (ദ്രമിളം)യിൽ നിന്നുമാണ് മലയാളവും തമിഴും പിറന്നതെന്നും ഇവ രണ്ടും ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഒരേ ഭാഷയുടെ ഉപഭാഷകളാണെന്നുമാണ് ഗുണ്ടർട്ട് നിരീക്ഷിച്ചത്. റോബർട്ട് കാൽഡ്വലും എ.ആർ. രാജരാജവർമയും ഇളംകുളം കുഞ്ഞൻ പിള്ളയും തമിഴിന്റെ ഭാഷാഭേദമെന്ന നിലയിൽ മലയാളത്തെ പരിഗണിച്ചു. മധ്യകാല തമിഴിൽ നിന്നുള്ള പരിണാമമായി മലയാളത്തെ രാമസ്വാമി അയ്യരും കണക്കാക്കി. ഒൻപതു മുതൽ പതിമൂന്നാം നൂറ്റാണ്ടുവരെയുള്ള ശാസ്ത്രങ്ങളുടെ പഠനവും തമിഴ് ജന്യവാദത്തെ ശരിവക്കുന്നു. ഇളംകുളം കുഞ്ഞൻ പിള്ളയും എ.സി. ശേഖറും വി.ആർ. പരമേശ്വരൻ പിള്ളയും ഇക്കാര്യത്തിൽ ഭിന്നാഭിപ്രായക്കാരനായിരുന്നില്ല. ചുരുക്കത്തിൽ മലനാട്ടിലും പാണ്ടിനാട്ടിലും പ്രചരിച്ചിരുന്നത് ഒരേ ഭാഷയുടെ പ്രാദേശിക ഭേദങ്ങളാണെന്നതാണ് പൊതുവിലുള്ള വിലയിരുത്തൽ.

ആറ്റൂർ, ഗോദവർമ, ഉള്ളൂർ, കെ.എം. ജോർജ് തുടങ്ങി പല പ്രമുഖരും മലയാള ഭാഷ പ്രാക് ദ്രാവിഡത്തിൽ നിന്നും രൂപംകൊണ്ടതാണെന്നും തമിഴിനൊപ്പം സ്വതന്ത്രമായ ഭാഷയാണതെന്നും വാദിച്ചു. എന്നാൽ ഈ വാദഗതിയെ കൂടുതൽ ചരിത്രാത്മകമാക്കാൻ മലയാളം ഭാഷാശാസ്ത്രം മിനക്കെട്ടില്ല എന്നതാണ് വാസ്തവം. സംഘകാല ഭാഷയിലെ മലയാള പ്രാതിനിധ്യം ശാസ്ത്രീയമായി പഠിച്ചെടുക്കാൻ നമുക്കായില്ല. സംഘസാഹിത്യം തമിഴ് സ്വത്താണെന്ന വിശ്വാസം, സംഘകാലഭാഷാപഠനത്തിൽ നിന്നും നമ്മെ പിൻതിരിപ്പിച്ചു. ഇതാകട്ടെ, സംഘകാല ഭാഷ തമിഴാണെന്ന് ആവർത്തിച്ച് സ്ഥാപിക്കാനും പ്രചരിപ്പിക്കാനും തമിഴ് പണ്ഡിതർക്ക് പ്രചോദനവുമായി.

12 ാം ശതകത്തിനു മുമ്പുള്ള ഭാഷാകൃതികൾ കണ്ടെത്താനാകാത്തതും ശാസന ഭാഷാടിസ്ഥാനത്തിലുള്ള കാലഗണനയും മലയാളത്തെ ഒൻപതാം നൂറ്റാണ്ടുമായി ബന്ധിപ്പിച്ചു. മധ്യകാല തമിഴുമായി എൽ.വി. രാമസ്വാമി അയ്യർ മലയാളത്തെ ബന്ധിപ്പിച്ചതോടെ, ആറു മുതൽ 1325 വരെ കരിന്തമിഴ്കാലമായും 1325 മുതൽ 1625 വരെ മലയാണ്മ കാലമായും 1625 മുതൽ മലയാളകാലമായുമാണ് എ.ആറിന്റെ കാല നിർണയം. ഒൻപതാം നൂറ്റാണ്ടുവരെ കേരളീയർ സംസ്കൃതത്തിലും ചെന്തമിഴിലും കൃതികൾ രചിച്ചിരുന്നുവെന്ന് സി.എൽ. ആന്റണിയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ മലയാളഭാഷാ പരിണാമദശ അഞ്ചു മുതൽ ഒൻപത് നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിനിടയിലും പുരാലിഖിതാന്വേഷണം ഒൻപതാം നൂറ്റാണ്ടിലും ഭാഷാകാലഗണനപഠനം ഏഴാം നൂറ്റാണ്ടിലുമായി ചിത്രീകരിച്ചിരിക്കുന്നു.

ആറ്റൂർ, ഗോദവർമ, ഉള്ളൂർ, കെ.എം. ജോർജ് തുടങ്ങി പല പ്രമുഖരും മലയാള ഭാഷ പ്രാക് ദ്രാവിഡത്തിൽ നിന്നും രൂപം കൊണ്ടതാണെന്നും തമിഴിനൊപ്പം സ്വതന്ത്രമായ ഭാഷയാണതെന്നും വാദിച്ചു. എന്നാൽ ഈ വാദഗതിയെ കൂടുതൽ ചരിത്രാത്മകമാക്കാൻ മലയാളം ഭാഷാശാസ്ത്രം മിനക്കെട്ടില്ല എന്നതാണ് വാസ്തവം.

മലയാളമെന്നത് സ്ഥലനാമമായി മുമ്പേ പ്രചാരം നേടിയിരുന്നെങ്കിലും ഭാഷാനാമമായി ഉപയോഗിക്കപ്പെട്ടത് പിൽക്കാലത്താണ്. 'മലയാള ഭാഷ' എന്ന പ്രയോഗം 1639 ൽ ഇറങ്ങിയ ബെയ്‌ലിയുടെ പഴയനിയമത്തിലാണ് ആദ്യമായി പ്രത്യക്ഷപ്പെട്ടത്. 1599 ലെ ഉദയംപേരൂർ രേഖകളിൽ 'മലയാം പേച്ച്' എന്നത്രെ രേഖപ്പെടുത്തിയിരിക്കുന്നത്. ബെയ്‌ലിയുടെ 1829 ലെ പുതിയ നിയമത്തിൽ 'മലയായ്മ' എന്നും കാണുന്നു. 14 ാം നൂറ്റാണ്ടിലെന്നു കരുതുന്ന ലീലാതിലകത്തിൽ 'കേരള ഭാഷ' പരാമർശിക്കപ്പെടുന്നു. മലനാട്ടു തമിഴ് കേരള ഭാഷയായും മലയായ്മയായും മലയാളമായും നാമപരിണാമത്തിനു വിധേയമായ ചിത്രമാണിവിടെ വ്യക്തമാക്കുന്നത്. ഭാഷാനാമത്തിന്റെ പേരിൽ ഭാഷാചരിത്രം പരിശോധിക്കാനാവില്ലെന്നതിന് തെളിവാണിത്. എന്നാൽ ഭാഷാചരിത്രത്തിൽ തമിഴ് എന്ന ഭാഷാനാമമാണ് ഏറ്റവും കൂടുതൽ സംശയങ്ങൾക്ക് വിധേയമാകുന്നത്.

പഴന്തമിഴ് കാലഘട്ടമായി എൽ.വി. രാമസ്വാമി അയ്യർ തിരിച്ചറിയുന്നത് സംഘകാലമാണ്. സംഘകാലാനന്തരമുള്ള പൂർവ–പശ്ചിമ തീരവ്യവഹാര ഭാഷയ്ക്ക് വ്യത്യാസങ്ങളൊന്നും അദ്ദേഹം ദർശിച്ചിട്ടില്ല. ഇങ്ങനെ നോക്കുമ്പോൾ, അക്കാലത്തെ സംഘകാല ഭാഷയിൽ നിന്നുള്ള ഉൾപിരിവുകളാണ് മലയാളമായും തമിഴായും പരിണമിച്ചതെന്നു കാണാം. അതായത് രണ്ടു ഭാഷകൾക്കും സമാനമായ പൈതൃകം ഉണ്ടെന്ന് വ്യക്തമാക്കുന്നു. എന്നാൽ സംഘകാല കൃതികൾ തമിഴ് കാലഘട്ടത്തിൽ പകർത്തിയതുമുതൽ അതൊക്കെ തമിഴാണെന്നു വ്യവഹരിക്കപ്പെട്ടു. ഇതോടെ, തമിഴ് എന്ന നാമം സംഘകാല തമിഴിനും ആധുനിക തമിഴിനും സമാനമായി ഉപയോഗിക്കപ്പെട്ടു. തമിഴ് എന്നത് ഭാഷയെന്ന അർഥത്തിൽ കേരള ഭാഷയെയും പ്രതിനിധീകരിച്ചിരുന്നുവെന്നത് വിസ്മരിച്ചുകൊണ്ട്, തമിഴ് ദേശഭാഷാനാമമായി വ്യവസ്ഥ ചെയ്ത കാലം മുതൽ മലയാളത്തിനും തമിഴിനും വ്യത്യസ്ത ചരിത്രം നിർമിക്കപ്പെട്ടു. തമിഴ് ആദ്യമേയുള്ളതാണെന്നും അതിൽ നിന്നും മലയാളമുണ്ടായിയെന്നും സ്ഥാപിക്കപ്പെട്ടു. ഈ വിശ്വാസത്തിന്മേലാണ് ചരിത്രഭാഷാശാസ്ത്രം നിലനിൽക്കുന്നത്.


ഡോ. രാംവിലാസ് ശർമയുടെ തമിഴിനെയും മലയാളത്തെയും കുറിച്ചുള്ള നിരീക്ഷണം ഇവിടെ പ്രസക്തമാണ്. "ഒരു ഭാഷ



**വയനാട്ടിലെ എടയ്ക്കൽ ഗുഹാലിഖിതങ്ങൾ**

യിൽ സാഹിത്യരചന നേരത്തെ തുടങ്ങിയെന്നത് ചൂണ്ടി, ആ ഭാഷയായിരിക്കണം അതിന്റെ കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ അംഗം എന്നു പറയേണ്ടതില്ല. മലയാളമാണ് പഴക്കത്തിന്റെ ലക്ഷണങ്ങൾ തമിഴിനേക്കാൾ കൂടുതൽ കാണിക്കുന്നത്". എന്നാൽ നിലവിലുള്ള ദ്രാവിഡ ഭാഷാശാസ്ത്രം തമിഴിന്റെ പിൻമുറയിലെ മറ്റു ഭാഷകളെ കാണുന്നൂവെന്നതാണ് വാസ്തവം. ഈ സാഹചര്യത്തിലാണ്, കേരളത്തിൽ നിന്നുണ്ടായിട്ടുള്ളതെന്ന് സംശയിക്കുന്ന സംഘകാല രചനകളെ പരാമർശിച്ചും ഇടയ്ക്കൽ തുടങ്ങിയുള്ള ചില ഗുഹാലിഖിതങ്ങളുടെ മലയാളാനുകൂല വായനയും മുൻനിർത്തി മലയാളത്തിന് 2500 വർഷത്തെ പഴക്കമുണ്ടെന്ന് വാദം ഉന്നയിച്ചതെന്നോർക്കുക. നേരത്തെ പറഞ്ഞുറച്ച മലയാളഭാഷാ പിറവിയുടെ കാലഗണനയിൽ നിന്നും ഗുഹാലിഖിതങ്ങളുടെ അകലം നൂറ്റാണ്ടുകളുടേതാണ്. ഈ നീണ്ട കാലത്തെ വിടവ് നികത്താനുതകുന്ന മറ്റു തെളിവുകളൊന്നും കണ്ടെത്തിയിട്ടുമില്ല. എങ്കിലും, നിലവിലുള്ള മലയാളഭാഷാ ചരിത്രകാലഗണന ആയിരത്തിൽ താഴെ വർഷങ്ങളുടെ പഴക്കമേ ശരിവയ്ക്കുന്നുള്ളൂവെന്നതുകൊണ്ട് ഒൻപതാം നൂറ്റാണ്ടിനു പുറകിലേക്ക് ഭാഷാചരിത്രം തിരയേണ്ടതത്യാവശ്യമായി വന്നു. എടയ്ക്കൽ ഗുഹാലിഖിതങ്ങളുടെ സഹായത്തോടെ, ഭാഷാപഴമ നിർണയിച്ചുറപ്പിക്കുകയെന്ന ദൗത്യമാണ് പ്രാദേശിക സമിതി കൈക്കൊണ്ടത്. ശക്തമായ പിന്തുടർച്ച രേഖപ്പെടുത്തുന്ന തെളിവുകളൊന്നുമില്ലാതെയുള്ള ഈ മാർഗം അംഗീകരിക്കപ്പെടില്ലാ എന്നുറപ്പുള്ളതുകൊണ്ടാണ് ഭൂതകാല സമാനപൈതൃകത്തെ കേന്ദ്രീകരിച്ചുള്ള ചർച്ചയ്ക്ക് ഈ ലേഖകൻ മുൻകയ്യെടുത്തത്. മലയാള ഭാഷാപഴമ നിർണയിച്ചെടുക്കാൻ പോരുന്ന ചരിത്രഭാഷാശാസ്ത്ര തെളിവുകൾ ഇനിയും ശേഖരിക്കപ്പെടേണ്ടിയിരുന്നുവെന്നത് ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്. ആ നിലയ്ക്ക്, ഭൂതകാലസമാന പൈതൃകത്തിലൂന്നിയേ കൊണ്ടെ ഭാഷാ പഴമയ്ക്ക് വിശ്വാസ്യത കിട്ടു.

പ്രാദേശിക സമിതി സമർപ്പിച്ച റിപ്പോർട്ടിനെ കേന്ദ്രസമിതി വിലയിരുത്തിയത് എന്തെങ്കിലും രാഷ്ട്രീയ ലക്ഷ്യം കൊണ്ടല്ല. സമിതിയിലെ ഒരംഗത്തിനും മലയാളത്തിനെന്നല്ല ഒരു ഭാഷയ്ക്കും അർഹമാണെങ്കിൽ ശ്രേഷ്ഠഭാഷാപദവി നിഷേധിക്കണമെന്ന താത്പര്യവുമില്ലെന്നിരിക്കെ മറിച്ചുള്ള പ്രചാരണം തെറ്റാണ്. ശ്രേഷ്ഠഭാഷയ്ക്കു വേണ്ടുന്നത്ര തെളിവുകൾ പ്രാദേശിക സമിതി സമർപ്പിച്ച റിപ്പോർട്ടിലുണ്ടെന്ന അവകാശവാദവും ശരിയല്ല. നിലവിലുള്ള എല്ലാ പഠനങ്ങളും സമാഹരിച്ച് സമർപ്പിച്ചുവെന്നത് ശരിയാണ്, എന്നാൽ വ്യക്തമായൊരു വീക്ഷണം റിപ്പോർട്ട് പങ്കിടുന്നില്ല. ബഹുമുഖമായ വീക്ഷണങ്ങളുടെ



പ്രൊഫ. നാച്ചിമുത്തു



എം.ജി.എസ്. നാരായണൻ

സമാഹരണം, നിലവിലുള്ള മലയാള ഭാഷോദ്ഭവ വിദ്ധാന്തങ്ങളുടെ വൈവിധ്യം തുറന്നുകാട്ടുന്നുണ്ട്. ഭാഷാപഴമ ഒഴിച്ചുള്ള മാനദണ്ഡങ്ങൾ ശരിവയ്ക്കാനുതകുന്നതെല്ലാം റിപ്പോർട്ടിലുണ്ടുതാനും.

മലയാളഭാഷോദ്ഭവ വാദങ്ങളിലൊന്നിനെയും തള്ളിക്കളയുകയോ ശക്തിപ്പെടുത്തുകയോ ചെയ്യാതെ നിലവിലുള്ള നിഗമനവൈവിധ്യം അവതരിപ്പിക്കുകവഴി മലയാള ഭാഷാ പഴമ ഒൻപതാം നൂറ്റാണ്ടിനിപ്പുറം ഭാഷാപഴമ ശാസ്ത്രീയമായി കടന്നെത്തുന്നില്ല. ഗുഹാലിഖിതങ്ങളുടെ സഹായം തേടുമ്പോൾ, ഭാഷാ പരിണാമചരിത്രത്തിന്റെ അനുക്രമമായ വികാസം ലിഖിത പാരമ്പര്യത്തിലൂടെ വരച്ചുകാട്ടാനാവില്ലെന്ന സത്യം മനഃപൂർവം മറക്കുന്നു. ഇതത്രെ, തെളിവുകളുടെ അഭാമെന്ന് കേന്ദ്രസമിതി നിരീക്ഷിച്ചത്.

പൈതൃക സമാനത മുൻനിർത്തി ശ്രേഷ്ഠഭാഷാപദവിക്കർഹതയുണ്ടെന്ന വാദം, മലയാള ഭാഷാപഴമയെക്കുറിച്ചുന്നയിക്കുന്ന ചരിത്ര ഭാഷാശാസ്ത്ര സംശയങ്ങൾക്കുള്ള പ്രത്യക്ഷ മറുപടിയല്ല. എന്നാൽ, അവഗണിക്കാവുന്ന ഒരു വസ്തുതയുമല്ല. കാരണം, നിലവിലുള്ള പല ഭാഷാശാസ്ത്രനിലപാടുകളും വിചാരണയർഹിക്കുന്നവയാണ്. പ്രൊഫ. നാച്ചിമുത്തു, തൊൽകാപ്പിയമെന്നത് പൂർവ തമിഴ്-മലയാള ഭാഷയുടെ വ്യാകരണമാണെന്ന് വാദിച്ചു. തമിഴ് പണ്ഡിതരെ ചൊടിപ്പിച്ചെങ്കിലും, തൊൽകാപ്പിയത്തിൽ വിവരിക്കുന്ന വ്യാകരണ സവിശേഷതകൾ എല്ലാം തമിഴിന്റേതല്ലെന്നും, അവ പലതും മലയാളത്തിൽനിന്നും കണ്ടെത്താനാവുമെന്നതും പുതിയൊരു ചരിത്രഭാഷാശാസ്ത്ര ദർശനം മുന്നോട്ടുവയ്ക്കുന്നു. ഇത്തരത്തിൽ, മലയാള ഭാഷാപഴമ പുത്തൻ അന്വേഷണങ്ങളിലൂടെ, നിലവിലുള്ള കാലഗണനയ്ക്കപ്പുറം പോകുമെന്നത് യാഥാർഥ്യമാണ്. അതുകൊണ്ടുതന്നെ, നിലവിലുള്ള കാലഗണനയുടെ അടിസ്ഥാനത്തിൽ മലയാളം പിൻതള്ളപ്പെടരുതെന്നു നിർബന്ധമുണ്ട്. ആദ്യശ്രമം, നിലവിലുള്ള ചരിത്ര ഭാഷാശാസ്ത്ര സാങ്കേതികതയും വിശ്വാസവും ഉയർത്തിക്കാട്ടി അംഗീകരിക്കാതിരുന്നെങ്കിലും ചരിത്രകാരനായ എം.ജി.എസ്. നാരായണൻ സംഘകാല ഭാഷ തമിഴല്ലെന്നും തമിഴായി തെറ്റിദ്ധരിക്കപ്പെട്ടതാണെന്നും വാദിച്ചതോടെ, പൈതൃകസമാനതയുടെ അടിസ്ഥാനത്തിൽ മലയാള ഭാഷാ പഴമ അംഗീകരിക്കപ്പെട്ടു.

ഇതു പൂർണമായും ഒരു അക്കാദമിക് വിജയം എന്നതിലുപരി സർക്കാരിന്റെ ഒരു ഭരണ നേട്ടമാണ്. മറ്റു ദ്രാവിഡ ഭാഷകൾക്കും അതതു സർക്കാരുകൾ ഇത്തരമൊരംഗീകാരം നേടിയെടുത്തു. സമാനമായ അംഗീകാരം നേടിയെടുക്കാൻ കേരളത്തിനായത് രാഷ്ട്രീയ നിശ്ചയദാർഢ്യവും കേന്ദ്രസർക്കാരിനുമേൽ സംസ്ഥാനത്തിന്റെ ആവശ്യം അംഗീകരിപ്പിച്ചെടുക്കാൻ ഈ സർക്കാരിനു കഴിയുകയും വഴിയാണ് ശ്രേഷ്ഠഭാഷാ പദവി നേടിയതിനൊപ്പം ദ്രാവിഡ ഭാഷാ സംസ്കാരങ്ങളുടെ പങ്കാളിയാകാനും അങ്ങനെ കഴിഞ്ഞു. ഭാഷാ പഴമയെക്കുറിച്ചുള്ള അക്കാദമിക ചർച്ചകൾ പലപ്പോഴും ആപേക്ഷികമാണ്. നിലവിലുള്ള ഭാഷാശാസ്ത്ര മാനദണ്ഡങ്ങൾ പ്രകാരം മലയാള ഭാഷയ്ക്ക് 1500 വർഷം പഴക്കമില്ലെന്ന് സ്ഥാപിക്കുന്നതിന് എളുപ്പമാണ്. മറിച്ച് തെളിയിക്കാനും മാത്രമുള്ള പഠനങ്ങളോ ഗവേഷണങ്ങളോ മലയാളത്തിൽ ഉണ്ടായിട്ടില്ല. ഇതര ദ്രാവിഡ ഭാഷകൾക്ക് ആർജിക്കാൻ കഴിഞ്ഞ നേട്ടം ഭരണപരമായ ഇടപെടൽ ഇല്ലായിരുന്നുവെങ്കിൽ സാങ്കേതിക കാരണങ്ങളാൽ മലയാളത്തിന് നഷ്ടമാകുമായിരുന്നു. ഈ യാഥാർഥ്യം തിരിച്ചറിഞ്ഞ ഭരണകൂടം സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിച്ചെടുക്കാൻ ആവുന്നത്ര പരിശ്രമിച്ചു. അതുകൊണ്ടാണ് മലയാളത്തിന്റെ ശ്രേഷ്ഠഭാഷാ പദവി ഈ സർക്കാരിന്റെ ഭരണനേട്ടമായി മാറുന്നത്. ■

പ്രൊഫ. നാച്ചിമുത്തു, തൊൽകാപ്പിയമെന്നത് പൂർവ തമിഴ്–മലയാള ഭാഷയുടെ വ്യാകരണമാണെന്ന് വാദിച്ചു. തമിഴ് പണ്ഡിതരെ ചൊടിപ്പിച്ചെങ്കിലും, തൊൽകാപ്പിയത്തിൽ വിവരിക്കുന്ന വ്യാകരണ സവിശേഷതകൾ എല്ലാം തമിഴിന്റേതല്ലെന്നും, അവ പലതും മലയാളത്തിൽനിന്നും കണ്ടെത്താനാവുമെന്നതും പുതിയൊരു ചരിത്രഭാഷാശാസ്ത്ര ദർശനം മുന്നോട്ടുവയ്ക്കുന്നു.

പി.പി.രാമചന്ദ്രൻ

# നാനാജഗന്മനോരമ്യഭാഷ

## വരും തലമുറ മലയാളത്തെ കൈവിടാതിരിക്കാൻ ഭാഷാപഠനത്തെ ആധുനികമാക്കണം

*'പോയി നാമിത്തിരി വ്യാകരണം*
*വായിലാക്കീട്ടു വരുന്നു മന്ദം*
*നാവിൽനിന്നപ്പൊഴേ പൊയ്ക്കഴിഞ്ഞു*
*നാനാജഗന്മനോരമ്യഭാഷ'*

അമ്മിഞ്ഞപ്പാലിനോടൊപ്പം കുഞ്ഞ് സ്വായത്തമാക്കുന്ന സിദ്ധിവിശേഷമാണ് മാതൃഭാഷ. ഔപചാരികവിദ്യാഭ്യാസത്തിനുമുമ്പേതന്നെ അതാരംഭിക്കുന്നു. നൈസർഗികവും അനൗപചാരികവുമാണ് അതിന്റെ തുടക്കം. പള്ളിക്കൂടത്തിലെത്തുന്നതോടെ അതുവരെ മധുരമായിരുന്ന ഭാഷ കുട്ടിക്കു കയ്ച്ചുതുടങ്ങുകയായി. കാക്കയോടും പൂച്ചയോടും പേച്ചറിയുന്ന കുട്ടി ഒന്നും അറിയാത്തവനായി മാറുകയായി. അദ്ധ്യാപകരുടെ ചോദ്യങ്ങൾക്കു മുന്നിൽ അവനു വാക്കുമുട്ടുകയായി. മാതൃഭാഷാപഠനത്തിൽ നാമവലംബിക്കുന്ന വികലസമീപനങ്ങളിലേക്കു ശ്രദ്ധ ക്ഷണിക്കുകകൂടി ചെയ്യുന്നുണ്ട് മഹാകവി ഇടശ്ശേരിയുടെ ഈ വരികൾ.

മാതൃഭാഷാപഠനത്തെക്കുറിച്ച് നിരവധി നിരീക്ഷണങ്ങളും പരീക്ഷണങ്ങളും കണ്ടെത്തലുകളും നടന്നുകഴിഞ്ഞു. എന്നിട്ടും എന്തെല്ലാമോ പോരായ്മകൾ ഈ രംഗത്തുള്ളതായി നമുക്ക് അനുഭവപ്പെടുന്നുണ്ട്. മലയാളഭാഷ മലയാളികൾ എങ്ങനെ പഠിക്കണം? എന്തെല്ലാമായിരിക്കണം അതിന്റെ ലക്ഷ്യങ്ങൾ? ഭാഷാപഠനത്തിന്റെ മൂല്യനിർണയം സാധിക്കേണ്ടതെങ്ങനെ? കൃത്യമായ ഒരു പോംവഴി ഇപ്പോഴും ആർക്കും നിർദേശിക്കാനില്ലാത്ത അവസ്ഥയാണ്. ആഗോളവത്കരണത്തിന്റെ ഭാഗമായി വ്യത്യസ്ത ഭാഷകളുടേയും സംസ്കാരങ്ങളുടേയും സങ്കലനത്തിലൂടെ സ്വത്വനഷ്ടം സംഭവിക്കാനിടയുള്ള ലോകഭാഷകളിലൊന്നായിത്തീരും നമ്മുടെ മലയാളവും എന്ന ഭീതി വിദ്യാഭ്യാസപ്രക്രിയയിൽ മാതൃഭാഷാപഠനത്തിന്റെ പ്രസക്തി വർധിപ്പിക്കുന്നുണ്ട്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തെ നേരിടാനും സാങ്കേതികവിദ്യയടക്കമുള്ള നൂതന വൈജ്ഞാനികവിഷയങ്ങളെ ഉൾക്കൊള്ളാനും ആവിഷ്കരിക്കാനുമുള്ള ശേഷി നമ്മുടെ ഭാഷയ്ക്കു നേടിയെടുക്കാനായില്ലെങ്കിൽ വരുംതലമുറയിലെ മലയാളികൾ മലയാളത്തെ കൈവിട്ടുപോയെങ്കിൽ അതിശയപ്പെടാനില്ല.

കേരളത്തിലെ വിദ്യാലയങ്ങളിൽ ഇന്നു നടപ്പിലുള്ള മാതൃഭാഷാപഠനം ഈവിധത്തിൽ മാറിക്കൊണ്ടിരിക്കുന്ന ലോകത്തെ നേരിടാൻ പര്യാപ്തമാണോ? അല്ലെന്നാണ് നമ്മുടെ അനുഭവം. മലയാളം മീഡിയത്തിൽ പഠിക്കുന്നതുപോലും വിദ്യാർഥിയുടെ ഭാവിയെ ബാധിക്കും എന്ന സമീപനമാണ് മിക്ക രക്ഷകർത്താക്കൾക്കുമുള്ളത്. മലയാളത്തിലുള്ള പഠനം ഉപരിപഠനവും തൊഴിൽലഭ്യതയും പരിമിതപ്പെടുത്തും എന്നാണ് ഭൂരിപക്ഷം രക്ഷകർത്താക്കളും കരുതുന്നത്. തൊഴിൽ ചെയ്യാൻ പുറംനാടുകളിലേക്കു കയറ്റിയയക്കേണ്ടവരായിട്ടാണ് കുട്ടികളെ വളർത്തിക്കൊണ്ടുവരുന്നതുപോലും. വിദേശത്തോ മറുനാട്ടിലോ ഉള്ള കോർപറേറ്റുകളുടെ അടിമപ്പണിയായാലും അതിൽ അഭിമാനിക്കുന്നവരാണ് ഭൂരിപക്ഷവും. അവർക്ക് മലയാളം പഠിച്ചതുകൊണ്ട് എന്തു നേട്ടം?


ഇതരവിഷയങ്ങളുടെ ബോധനമാധ്യമം എന്ന നിലയിൽ മലയാളത്തിന്റെ അവസ്ഥ ഇതാണെങ്കിൽ മാതൃഭാഷയെന്ന നിലയിലുള്ള പഠനത്തിന്റെ അവസ്ഥ അതിലും പരിതാപകരമാണ്. മലയാളം ഐച്ഛികവിഷയമായി പഠിക്കുന്നവരും ഗത്യന്തരമില്ലാത്തതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത് എന്നൊരു തോന്നലാണ് പൊതുവിലുള്ളത്. അഭിമാനത്തോടെയല്ല, അപകർഷതയോടെയാണ് മലയാളപഠനത്തെ ഉന്നതവിദ്യാഭ്യാസമേഖലയിൽ കണ്ടുപോരുന്നത്. വർഷങ്ങൾക്കുമുമ്പ് സ്കൂളിൽ ഞാൻ പഠിപ്പിച്ച ഒരു വിദ്യാർഥിയുടെ രക്ഷിതാവ് ഒരിക്കൽ എന്നെ സമീപിച്ച്, മലയാളം ബി.എക്കു ചേരാൻ പുറപ്പെട്ട തന്റെ മകനെ പിന്തിരിപ്പിക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. സാഹിത്യാഭിരുചിയുണ്ടായിരുന്ന ആ മിടുക്കൻ നല്ല വായനക്കാരനും പ്രാസംഗികനുമായിരുന്നു. മലയാളമെടുത്തു മുടിഞ്ഞുപോകാതിരിക്കാൻ ആ രക്ഷിതാവ് സഹായമഭ്യർഥിച്ചത് അവന്റെ മലയാളം അധ്യാപകനോടുതന്നെയായിരുന്നു എന്നതാണ് വൈരുദ്ധ്യം.

സ്കൂൾതലത്തിലുള്ള ഭാഷാപഠനത്തിലാണ് ഏറെ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളത്. അക്ഷരാഭ്യാസത്തിൽനിന്ന് ആശയഗ്രഹണത്തിലേക്ക് എന്ന പഴയ രീതി പാടേ ഉപേക്ഷിച്ച് ആശയതലത്തിൽനിന്ന് അക്ഷരാഭ്യാസത്തിലേക്ക് എന്ന വിപരീതദിശയിലാണ് ഇപ്പോഴത്തെ ഭാഷാപഠനം. ആധുനിക ഭാഷാശാസ്ത്രത്തിന്റേയും മനഃശാസ്ത്രത്തിന്റേയും പുതിയ കണ്ടെത്തലുകളെ അടിസ്ഥാനമാക്കിയാണ് ഈ രീതി സ്വീകരിച്ചിരിക്കുന്നത് എന്ന് പണ്ഡിതന്മാർ അവകാശപ്പെടുന്നു. എന്തായാലും ഭാഷാപഠനത്തിലെ ഈ തലകീഴ് മറിച്ചിൽ മലയാളത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. സ്കൂൾകുട്ടികളുടെ രചനകളിൽ കാണുന്ന വ്യാപകമായ അക്ഷരത്തെറ്റുകൾ ഇതിനു തെളിവാണ്. പഴയരീതിയിൽ അക്ഷരമാല പഠിച്ചുതുടങ്ങിയ കുട്ടികളിൽ ഇത്രത്തോളം അക്ഷരത്തെറ്റുകൾ കണ്ടിരുന്നില്ല എന്നാണ് എന്റെ അനുഭവം.

പരമ്പരാഗത മലയാളപഠനം എന്തുകൊണ്ടാണ് അക്ഷരപഠനത്തിലാരംഭിച്ചത് എന്ന് പുനഃപരിശോധിക്കേണ്ടതാണ്. എഴുത്തുപള്ളികളും എഴുത്താശാന്മാരുമാണ് പണ്ട് കുട്ടികളെ ഭാഷ പഠിപ്പിച്ചിരുന്നത്. എഴുത്തിനാണ് പ്രാമുഖ്യം. എഴുത്തിനിരുത്തൽ മലയാളികളുടെ ജീവിതദശയിൽ ഒരു പ്രധാനപ്പെട്ട ഘട്ടമാണ്. മലയാളം അക്ഷരമാല എഴുതിച്ചൊല്ലിയാണ് പഠിച്ചുവന്നത്. മണ്ണിലും മണലിലും അരിയിലും എഴുതിയെഴുതിയാണ് അതു മനസ്സിലാക്കപ്പെട്ടത്. ഉരുട്ടിയെഴുതേണ്ടതാണ് നമ്മുടെ ലിപികൾ. ഇങ്ങനെ ഉരുട്ടിയും ഉരുവിട്ടും ഉറപ്പിക്കുകയാണ് അതിന്റെ രീതി. മലയാളത്തിന്റെ പ്രകൃതിക്കും പാരമ്പര്യത്തിനും ഇണങ്ങുന്ന ഒരു പഠനരീതിയായിരുന്നു അത്.

എന്നാൽ ആധുനിക ഭാഷാചിന്തക





**കുമാരനാശാന്റെ കൈപ്പടയിൽ 'ചിന്താവിഷ്ടയായ സീത'**

രുടെ കണ്ടെത്തലുകൾക്കനുസരിച്ച് മാതൃഭാഷാപഠനത്തിൽ നാം മാറ്റങ്ങൾ വരുത്തിയപ്പോൾ ഈ പ്രകൃതിസഹജമായ സ്വാഭാവികത നഷ്ടപ്പെട്ടുവെന്നുവേണം വിചാരിക്കാൻ. കേട്ടെഴുത്ത്, പകർത്തെഴുത്ത് തുടങ്ങിയ ശീലങ്ങൾ ഉപേക്ഷിച്ചതും അക്ഷരത്തെറ്റുകൾ വർധിപ്പിക്കുന്നതിനിടയാക്കി. സംസ്കൃതവുമായുള്ള സംസർഗം മൂലം ധാരാളമായി സമസ്തപദങ്ങൾ ഉപയോഗിക്കുന്ന ഭാഷയാണ് നമ്മുടേത്. അത് യഥാവിധി വിഗ്രഹിച്ച് അർഥം ഗ്രഹിക്കണമെങ്കിൽ സന്ധിനിയമങ്ങളെക്കുറിച്ചും വാക്യഘടനയെക്കുറിച്ചുമെല്ലാം ചില പ്രാഥമിക ധാരണകളെങ്കിലും പരിശീലനത്തിലൂടെ കുട്ടികൾ നേടിയെടുക്കേണ്ടതുണ്ട്. എന്നാൽ ഇത്തരം ശീലങ്ങളെ പഴഞ്ചനെന്നു തള്ളിക്കളയുകയാണ് പിന്നീടുണ്ടായത്. ഇന്ന് മിക്ക കുട്ടികൾക്കും പദ്യത്തിലെഴുതിയ ഒരീരടിപോലും ചൊല്ലാൻ അറിയാത്ത അവസ്ഥയാണ്. ഉരുവിട്ടുരുവിട്ട് ഹൃദിസ്ഥമാക്കുക എന്ന ശീലവും ഉപേക്ഷിച്ചുകഴിഞ്ഞു. ബംഗാളി ടാഗോറിന്റെ വരികളും തമിഴൻ ഭാരതിയുടെ വരികളും അഭിമാനത്തോടെ ഉദ്ധരിക്കുന്നതുപോലെ ഇന്ന് മലയാളിക്കുട്ടികൾക്ക് വള്ളത്തോളിന്റെ വരികളോ ആശാന്റെ വരികളോ ഉദ്ധരിക്കാൻ കഴിയുമോ എന്നു സംശയമാണ്.

> ബംഗാളി ടാഗോറിന്റെ വരികളും തമിഴൻ ഭാരതിയുടെ വരികളും അഭിമാനത്തോടെ ഉദ്ധരിക്കുന്നതുപോലെ ഇന്ന് മലയാളിക്കുട്ടികൾക്ക് വള്ളത്തോളിന്റെ വരികളോ ആശാന്റെ വരികളോ ഉദ്ധരിക്കാൻ കഴിയുമോ എന്നു സംശയമാണ്.



**ഇടശ്ശേരി**

ഇതിനർഥം പുതിയ പാഠ്യപദ്ധതി മൊത്തത്തിൽ ഭാഷാപഠനത്തെ അവതാളപ്പെടുത്തി എന്നല്ല. വൃത്തം, അലങ്കാരം തുടങ്ങിയവയുമായി ബന്ധപ്പെട്ട സവിശേഷപഠനം താഴ്ന്ന ക്ലാസുകളിൽനിന്ന് ഒഴിവാക്കിയത് നല്ലതുതന്നെ. രണ്ടു പതിറ്റാണ്ടു മുമ്പുവരെ 'കേക'യുടേയും 'ശാർദ്ദൂലവിക്രീഡിത'ത്തിന്റേയും മറ്റും ലക്ഷണം കാണാതെ പഠിച്ചുവരാത്ത കുട്ടികളെ ശിക്ഷിക്കുന്നത് പതിവായിരുന്നു. നിത്യജീവിതത്തിൽ യാതൊരു പ്രയോജനവുമില്ലാത്ത ആ ലക്ഷണശ്ലോകങ്ങൾ കാണാതെ പഠിക്കുന്നതിൽപ്പരം വേറെന്തു ശിക്ഷയാണുള്ളത്! തൈരിനും മോരിനും പ്രത്യേകം പര്യായപദങ്ങളും കാടിനും വീടിനും വിപരീതപദങ്ങളും കണ്ടെത്താൻ അധ്യാപകർ പെടാപ്പാടുപെട്ട ആ കാലം ഇന്നോർക്കുമ്പോൾ ചിരിവരും. പറഞ്ഞുവന്നത്, ഭാഷാപഠനത്തിൽ ഓരോ ദേശത്തിനും തനതായ പാരമ്പര്യങ്ങളുണ്ടായിരുന്നതിനെ ആധുനിക ഭാഷാചിന്തകരെ അന്ധമായി പിന്തുടർന്ന് തള്ളിയത് അബദ്ധമായിപ്പോയി എന്നാണ്. ഇംഗ്ലീഷിനും റഷ്യനും ഫ്രഞ്ചിനുമുള്ളതുപോലെ തനിമ മലയാളത്തിനുമുണ്ട്. ദ്രാവിഡഭാഷകൾ പൊതുവേ പങ്കിടുന്ന ദേശത്തനിമയും പാരമ്പര്യവും യൂറോപ്യൻ ഭാഷാപഠനരീതികൾക്കു വഴങ്ങുന്നതായിക്കൊള്ളണമെന്നില്ല.

ഭാഷയുടെ സാങ്കേതികതയേക്കാൾ സാങ്കേതികതയുടെ ഭാഷയാണ് മലയാളത്തിന് ഇന്നാവശ്യം. എൻജിനീയറിങ്, മെഡിസിൻ, വിവരസാങ്കേതികവിദ്യ തുടങ്ങിയ നൂതന വൈജ്ഞാനികശാഖകളെ മലയാളത്തിൽ ഗ്രഹിക്കുവാനും പ്രയോഗിക്കാനുമുള്ള ശബ്ദകോശം നമ്മുടെ ഭാഷയിൽ വികസിച്ചിട്ടില്ല. റഷ്യയിലോ ജപ്പാനിലോ പോയി വൈദ്യം പഠിക്കുന്നത് ഇംഗ്ലീഷിലല്ല. അവരുടെ മാതൃഭാഷയിലാണ്. മലയാളഭാഷയിൽ കൃഷിയും എൻജിനീയറിംഗും മെഡിസിനും മറ്റും സ്വായത്തമാക്കാനുള്ള ശേഷി നാം വികസിപ്പിക്കേണ്ടതാണ്. അതൊടൊപ്പം നമ്മുടെ പ്രൊഫഷണൽ കോഴ്സുകളിൽ ഉപവിഷയമായി സാഹിത്യപഠനം ഉൾപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്. ഉദാഹരണമായി ഒരു മെഡിസിൻ വിദ്യാർഥി താരാശങ്കർ ബാനർജിയുടെ ആരോഗ്യനികേതനം എന്ന നോവൽ കൂടി പഠിച്ചിരിക്കേണ്ടതല്ലേ? മാനേജ്മെന്റ് വിദ്യാർഥികൾ മോഹനവർമയുടെ ഓഹരി എന്ന കൃതി പഠിക്കേണ്ടതല്ലേ? ശാസ്ത്രമെന്നും മാനവികമെന്നും വിഷയങ്ങളെ തരംതിരിച്ച് പതിത്വം കല്പിക്കുന്ന ഇന്നത്തെ അക്കാദമിക്ക് രീതി പുനഃപരിശോധിക്കണം.

ഏതാനും വർഷം മുമ്പ് ജപ്പാനിൽ സംഭവിച്ച ഒരു കൂട്ടക്കൊലയെക്കുറിച്ചുവന്ന വിശകലനം വായിച്ചതോർക്കുന്നു. അവിടത്തെ ഒരു അണ്ടർഗ്രൗണ്ട് തീവണ്ടിസ്റ്റേഷനിൽ തീവ്രവാദികൾ വിഷവാതകം ചീറ്റി നൂറുകണക്കിന് യാത്രക്കാരെ കൊലപ്പെടുത്തി. ഒരു ആൾദൈവത്തിന്റെ അനുയായികളായ ഇവർ തങ്ങളുടെ ഗുരുവിന്റെ നിർദേശമനുസരിച്ചാണത്രേ ഈ ക്രൂരകൃത്യം ചെയ്തത്. പിടിക്കപ്പെട്ട തീവ്രവാദികളെല്ലാം ശാസ്ത്ര സാങ്കേതികവിദ്യകളിൽ ഉന്നത ബിരുദധാരികളായിരുന്നു എന്നു കണ്ടെത്തി. സംഭവത്തെ കുറിച്ച് പഠിച്ച സാമൂഹ്യശാസ്ത്രജ്ഞർ ജപ്പാനിലെ വിദ്യാഭ്യാസരീതിയുടെ ഒരു മുഖ്യവൈകല്യത്തിലേക്കാണ് വിരൽ ചൂണ്ടിയത്. മാനവിക വിഷയങ്ങളെ അവഗണിച്ച് സാങ്കേതികശാസ്ത്രത്തിന് പരമപ്രാധാന്യം നൽകിയത് വിദ്യാർഥികളുടെ മാനസിക വളർച്ചയെ പ്രതികൂലമായി ബാധിച്ചു. ഒരു ഷേക്സ്പിയറോ ഷെല്ലിയോ പഠിച്ചിരുന്നെങ്കിൽ വിദ്യാർഥികളായ ഈ തീവ്രവാദികളുടെ ഹൃദയം ഇത്രമേൽ ക്രൂരമാവുകയില്ലായിരുന്നതായി നിരീക്ഷിക്കപ്പെട്ടു. മാനവികവിഷയങ്ങൾ, പ്രത്യേകിച്ച് ഭാഷാ സാഹിത്യപഠനം നിർവഹിക്കുന്ന ഈ സാംസ്കാരിക ദൗത്യം നമ്മുടെ ഉന്നതവിദ്യാഭ്യാസമേഖലക്കും ബാധകമാണ്. ■

■ ഡോ. പ്രമോദ് ഇരുമ്പുഴി

# കേരളത്തിലെ ഗൂഢഭാഷകൾ

**നാട്ടുപാരമ്പര്യത്തിന്റെ ഭാഗമായിരുന്ന ഗൂഢഭാഷകൾ ക്ഷയിച്ചുപോയിരിക്കുന്നു**

ആശയവിനിമയത്തിന് മുഖ്യധാരാഭാഷ ഉപയോഗിക്കുന്നതിനോടൊപ്പം, വേറെയെന്തെങ്കിലും താൽപര്യം സംരക്ഷിക്കാൻ വേണ്ടി രൂപപ്പെടുത്തുന്നതാണ് ഗൂഢഭാഷകൾ. ഗൂഢഭാഷ പൊതുധാരാഭാഷക്കൊപ്പം നിലനിൽക്കുന്ന സമാന്തരഭാഷയാണെന്നു പറയാം. അത് എല്ലാ നാട്ടിലും ഉണ്ടാകണമെന്നില്ല. ഒരു നാട്ടിൽ ഒരു ഗൂഢഭാഷ നിലനിൽക്കുന്നുണ്ടെങ്കിലും അന്നാട്ടിലെ എല്ലാവർക്കും അത് അറിയണമെന്നില്ല. കാരണം ഗൂഢഭാഷ ഉപയോഗിക്കുന്നവരുടെ ഉദ്ദേശ്യം തന്നെ തനിക്ക് ചുറ്റുമുള്ളവർ അറിയാതെ കാര്യം പറയുക എന്നതാണ്. മുഖ്യധാരാഭാഷയുടെ പ്രധാന ഉദ്ദേശ്യം തനിക്ക് ചുറ്റുപാടുമുള്ള മുഴുവൻ ആളുകളിലേക്കും ആശയം പകരുക എന്നതാണ്. ഗൂഢഭാഷയിൽ ആശയ വിനിമയം നടത്തുന്നത് ചില പ്രത്യേക സമുദായം, പ്രത്യേക തൊഴിൽ ചെയ്യുന്നവർ തുടങ്ങിയവരായിരിക്കും. ഗൂഢഭാഷക്ക് വ്യവസ്ഥകളും നിയമങ്ങളും ഉണ്ടാകുമെങ്കിലും പൊതുധാരാഭാഷകളെപ്പോലെ സങ്കീർണ വ്യാകരണനിയമങ്ങൾ ഉണ്ടാകാറില്ല. പ്രത്യേക ലിപിയും ഇവക്കുള്ളതായി അറിവില്ല. മുഖ്യധാരാഭാഷയുടെ ലിപിയുപയോഗിച്ച് വേണമെങ്കിൽ ഗൂഢഭാഷ എഴുതാൻ സാധിക്കും.

ചരിത്രപരമായ ഏതെങ്കിലും പ്രത്യേക സന്ധിയിൽ, പ്രത്യേക ആവശ്യകത വന്നതു കൊണ്ടാണ് ഒരു ഗൂഢഭാഷ രൂപപ്പെട്ടിരിക്കുക. രൂപംകൊണ്ട ഭാഷക്ക് കാലക്രമേണ മാറ്റം സംഭവിക്കാനും വികസിക്കാനും സാധ്യതയുണ്ട്. ചില ഗൂഢഭാഷകൾ ആ കാലഘട്ടത്തിന്റെ ആവശ്യം കഴിഞ്ഞ് തിരോഭവിച്ചിരിക്കാം. മുൻപ് ഗൂഢഭാഷ എന്തിനാണോ രൂപം കൊണ്ടത്, അത് ഇന്ന് നിലനിൽക്കുന്നുണ്ടെങ്കിൽ തന്നെ രൂപം കൊണ്ട കാലത്തെ ഉദ്ദേശ്യം നിറവേറ്റുവാൻ ആയിരിക്കണമെന്നില്ല നിലനിൽക്കുന്നത്. ലോകത്തിലെ പലയിടത്തും ഗൂഢഭാഷകളുള്ളതുപോലെ കേരളത്തിലും ചില ഗൂഢഭാഷകൾ നിലനിൽക്കുന്നുണ്ട്. ലഭിച്ച അറിവുകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഗൂഢഭാഷകളെ വംശീയഗൂഢഭാഷ, വംശീയേതരഗൂഢഭാഷ എന്നിങ്ങനെ തരംതിരിക്കാം.



## വംശീയ ഗൂഢഭാഷ

മുഖ്യധാരാഭാഷ ഉപയോഗിക്കുന്നതിനോടൊപ്പം തന്നെ ചില സമുദായങ്ങൾ, ചില പ്രത്യേക സന്ദർഭങ്ങളിൽ സമുദായാംഗങ്ങൾ തമ്മിൽ പരസ്പരം സംവദിക്കാനായി ഉപയോഗിക്കുന്ന ഗൂഢഭാഷയാണ് വംശീയഗൂഢഭാഷ. ആ വംശത്തിലുള്ളവർ പരസ്പരം കാണുമ്പോൾ മാത്രമായിരിക്കും പ്രസ്തുത ഗൂഢഭാഷ ഉപയോഗിക്കുന്നത്. ഒരു വംശത്തിലെ വ്യക്തികൾ മുഴുവൻ ഉപയോഗിക്കുന്ന വംശീയഗൂഢഭാഷക്ക് വംശീയേതരഗൂഢഭാഷകളെക്കാൾ വ്യാപ്തി ഉണ്ടായിരിക്കും. ചരിത്രപരമായ കാരണങ്ങളാൽ മറ്റൊരു നാട്ടിൽനിന്നും പലായനം ചെയ്ത് ഏതെങ്കിലും ഒരു സ്ഥലത്ത് താമസമാക്കിയവർ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയുടെ രീതിയിൽ ഇപ്പോൾ താമസിക്കുന്ന പ്രദേശത്തിന്റെ പ്രത്യേകതകൾ സ്വീകരിക്കുമെങ്കിലും തങ്ങൾ മുമ്പ് ഉപയോഗിച്ചിരുന്ന ഭാഷയെ മുഴുവനായി ഒഴിവാക്കില്ല. മുഖ്യധാരാഭാഷ സമുദായത്തിന് പുറത്ത് ഉപയോഗിക്കുമെങ്കിലും തന്റെ സമുദായത്തിലെ അംഗങ്ങളുമായി സംവദിക്കാൻ ഈ ഭാഷ ഉപയോഗിക്കുന്നു. അങ്ങനെ ആ ഭാഷ കാലക്രമേണ 'ഗൂഢഭാഷ'യായി മാറുന്നു. ഉദാ: കുംഭാരൻമാരുടെ ഭാഷ.

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന കാലത്ത് ചില സമുദായങ്ങൾ മുഖ്യധാരാസമൂഹത്തോട് അധികം ഇടപെടാതെയാണ് ജീവിച്ചിരുന്നത്. അവർക്ക് കാലക്രമേണ തനതായ വ്യക്തിത്വവും ആചാരാനുഷ്ഠാനങ്ങളും കൈവരുകയുണ്ടായി. കൂട്ടത്തിൽ അവർക്ക് മുഖ്യധാരയിലെ

ജനങ്ങൾക്ക് മനസ്സിലാകാത്ത ഒരു ഭാഷാ രീതിയുമുണ്ടായി. ഉദാ:- പാണന്മാർക്കിടയിലെ ഗൂഢഭാഷ മന്നാന്മാർ, മുതുവാന്മാർ എന്നീ ആദിവാസിസമുദായങ്ങളുടെ സംസാരഭാഷകൾ പ്രത്യേക വ്യക്തിത്വമുള്ള ഭാഷകളാകാൻ സാധ്യതയുണ്ടെന്ന് ഡോ.എം.ആർ. പ്രബോധനചന്ദ്രന്റെ കീഴിൽ നടന്ന ഇടുക്കി ജില്ലയിലെ ആദിവാസി ഭാഷാഭേദങ്ങളുടെ സാമൂഹ്യഭാഷാശാസ്ത്രസർവെ റിപ്പോർട്ടിൽ (1980) ചൂണ്ടിക്കാണിച്ചിട്ടുണ്ട് *2. ആദിവാസിഭാഷകൾ അവരുടെ വിഭാഗങ്ങൾക്കിടയിൽ മാത്രം സംസാരിക്കുന്ന ഭാഷ ഗൂഢഭാഷകളുടെ സ്വഭാവം പുലർത്തുന്നവയാണ്.

## വംശീയേതരഗൂഢഭാഷ

വിനോദത്തിനുവേണ്ടിയും, തൊഴിൽപരമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയും, ചില ചരിത്രപരമായ കാരണങ്ങളാലും രൂപംകൊണ്ട ഗൂഢഭാഷകളാണ് വംശീയേതരഗൂഢഭാഷകൾ. കടപയാദി, ചെട്ടിഭാഷ, ഫാൻസികടകളിൽ ഉപയോഗിക്കുന്നത്, മറിച്ചു ചൊല്ലൽ, മൂലഭദ്രി, മൈഗുരുഡ് തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇവയിൽ വിനോദ ത്തിനുവേണ്ടി രൂപാന്തരപ്പെടുത്തിയവയാണ് കടപയാദി, മറിച്ചു ചൊല്ലൽ എന്നിവ. വ്യാപാര ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നവക്ക് ഉദാഹരണങ്ങളാണ് ചെട്ടി ഭാഷ, ഫാൻസി കടയിൽ ഉപയോഗിക്കുന്ന ഭാഷ തുടങ്ങിയവ. സംഖ്യകളെ നിഗൂഢവത്ക്കരിക്കാൻ രൂപപ്പെടുത്തിയവയാണ് കടപയാദി, ചെട്ടിഭാഷ, ഫാൻസികട ഭാഷ എന്നിവ. ചരിത്രപരമായ പ്രത്യേക സാഹചര്യങ്ങളാൽ രൂപപ്പെട്ടുവന്നവയാണ് മൂലഭദ്രി, മൈഗുരുഡ് തുടങ്ങിയവ.

അക്ഷരങ്ങൾക്ക് പകരം സംഖ്യകളും (കടപയാദി) സംഖ്യകൾക്ക് പകരം അക്ഷരങ്ങളും (ഫാൻസികടയിലെ ഭാഷ) സംഖ്യകൾക്ക് പകരം വാക്യങ്ങളും (ചെട്ടിഭാഷ) ഉപയോഗിക്കുന്ന ഗൂഢഭാഷകളുണ്ട്. അക്ഷരങ്ങൾക്ക് പകരം സംഖ്യകൾ ഉപയോഗിക്കുന്ന ഗൂഢഭാഷയാണ് കടപയാദി. കടപയാദി എന്ന പേര് വരാൻ കാരണം ക,ട,പ,യ എന്നീ അക്ഷരങ്ങൾക്ക് പകരം ഒന്ന് എന്ന സംഖ്യ ഉപയോഗിക്കുന്നതു കൊണ്ടാണ്. ഏത് അക്ഷരത്തിനു പകരമാണ് ഏത് അക്കം പ്രയോഗിക്കുന്നത് എന്ന് വിശദമാക്കുന്ന ചാർട്ട് താഴെ കൊടുക്കുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ശ | സ | ഹ | ള | ഴ | റ |

മുൻകാലങ്ങളിൽ ചിലർ വിനോദമെന്ന നിലയിൽ വാക്കിനെ നിഗൂഢവത്ക്കരിക്കാനാണ് കടപയാദി ഉപയോഗിച്ചിരിന്നത്. ഇതുപ്രകാരം 'വന്നു' എന്നതിന് 'വ' യ്ക്കും പകരം നാല് 'ന' യ്ക്ക് പകരം പൂജ്യവുമാണ്. വ്യാഖ്യാനിക്കുമ്പോൾ 'വന്' (40) എന്നേ ആകുമെങ്കിലും സാമാന്യ ബുദ്ധി കൊണ്ട് വന്നു എന്ന് മനസ്സിലാക്കുന്നു.

കടപയാദി പ്രകാരം 40 നെ നിഗൂഢവൽക്കരിക്കാൻ 04 എന്ന് തിരിച്ച് പറയുന്നു. ഒരോ ഇംഗ്ലീഷുമാസത്തിൽ എത്ര ദിവസമുണ്ട് എന്നറിയുവാൻ സാധിക്കുന്ന ഒരു ശ്ലോകം കടപയാദി പ്രകാരം പ്രസിദ്ധമാണ്.

| | | | |
|---|---|---|---|
| പല | ഹാരേ | പാലു | നല്ലു |
| 31 | 28 | 31 | 30 |
| പുലർ | ന്നാലോ | കല | ക്കിലാം |
| 31 | 30 | 31 | 31 |
| ഇല്ലാ | പാലെ | ന്നുഗോ | പാലൻ |
| 30 | 31 | 30 | 31 |

അക്ഷരങ്ങളുടെ സംഖ്യയായ മൂല്യം തിരിച്ചുപയോഗിക്കുമ്പോഴാണ് മാസങ്ങളുടെ ദിവസങ്ങൾ ശരിയാകുന്നത്. ജനുവരിയെ പ്രതിനിധാനം ചെയ്യുന്നത് 'പല'യാണ്. അതുപ്രകാരം '13' ആണ് ലഭിക്കുക. തിരിച്ചുപയോഗിക്കുമ്പോൾ '31' ആണ്. മറ്റു മാസങ്ങൾക്കും ഇങ്ങനെ കാണണം. വൃത്തം തിരിക്കുമ്പോൾ ചില്ലക്ഷരങ്ങളെ പരിഗണിക്കാറില്ല. അതുപോലെ ഇവിടെയും ചില്ലക്ഷരത്തെ പരിഗണിക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഫാൻസികടകളിൽ കടക്കാരൻ വാങ്ങിയ വിലയും വിൽക്കേണ്ട വിലയും രേഖപ്പെടുത്തുന്നത് പ്രത്യേക രീതിയിലാണ്. പ്രിന്റഡ് വിലയില്ലാത്ത സാധനങ്ങളിലാണ് ഈ രീതി ഉപയോഗിക്കുന്നത്. സാധനത്തിന്റെ മുകളിൽ SR/UE എന്ന രീതിയിൽ എഴുതിയിട്ടുണ്ടാകും. വാങ്ങിയ വില മുകൾ ഭാഗത്തും (SR) വിൽക്കേണ്ട വില (UE) താഴെ ഭാഗത്തും ആണ് കുറിക്കുന്നത് (തിരിച്ചു പയോഗിക്കുന്നവരുമുണ്ട്). ഏതെങ്കിലും പത്ത് ആൽഫബെറ്റുകൾ ഉള്ള ഒരു ഇംഗ്ലീഷ് വാക്കെടുത്ത് അതിന് ഒന്നു മുതൽ പൂജ്യം വരെയുള്ള മൂല്യങ്ങൾ കരുതുക. ഉദാഹരണത്തിന് s u p e r l a d y f എന്നവാക്കാണെങ്കിൽ

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
|---|---|---|---|---|---|---|---|---|---|
| s | u | p | e | r | l | a | d | y | f |

പ്രകാരം s ന് ഒന്നെന്നും f ന് പൂജ്യം എന്നും മൂല്യമാണ്. മേൽപറഞ്ഞ SR പതിനഞ്ചും വിൽക്കേണ്ട UE ഇരുപത്തിനാലും ആണ്.

സംഖ്യകൾക്ക് പകരം വാക്കുകൾ ഉപയോഗിക്കുന്ന ഗൂഢഭാഷയാണ് ചെട്ടിഭാഷ. കന്നുകാലി കച്ചവടക്കാർ 'ഉരു' വിന് വിലയുറപ്പിക്കാൻ വേണ്ടി ഉപയോഗിക്കുന്ന ഗൂഢഭാഷയാണ് ചെട്ടിഭാഷ. മലപ്പുറം ജില്ലയിലെ വ്യത്യസ്ത കന്നുകാലിച്ചന്തകളിൽ (ജില്ലക്ക് പുറത്തും)ഇതുപയോഗിക്കുന്നുണ്ട്. കന്നുകാലികളെ വീടുകളിൽനിന്ന് /ചന്തകളിൽനിന്ന് വാങ്ങാനോ വിൽക്കാനോ ഒന്നോ രണ്ടോ പേർ ചേർന്നാണ് പോവുക. ഉരുവിന്റെ ഗുണദോഷങ്ങൾക്കനുസരിച്ച് വില നിശ്ചയിക്കുമ്പോൾ വീട്ടുടമസ്ഥൻ അറിയാതിരിക്കാൻ വേണ്ടിയാണ് സംഖ്യകൾക്ക് പകരം ഈ ഗൂഢഭാഷ ഉപയോഗിക്കുന്നത്. ചെട്ടിഭാഷപ്രകാരം അക്കങ്ങൾക്കു പയോഗിക്കുന്ന ഗൂഢഭാഷ താഴെ കൊടുക്കുന്നു.

1. വാച്ച, 2. യശവ്, 3. കായ, 4. പണയം, 5. തട്ട, 6. കരാതി, 7. ആളി, 8. വലിവ്, 9. കുണ്ടംബേലം, 10. മാട, 11. മാടവാച്ച, 12. മാടയശവ്, 11/2 മുറിവാച്ച, 21/2 യശവട്ടം, 31/2 കായട്ടം, 4 1/2 പണയട്ട, 51/2 തട്ടമുറി, 61/2 കരാതിവട്ടം, 71/2 ആളിമുറി, 81/2 വലിവട്ടം, 25 ചെലേപ്പോട്ട്, 50 തട്ടത്തടപ്പ്, 450 പണയമുറി. ഒന്നിന് ഉപയോഗിക്കുന്ന 'വാച്ച' എന്ന വാക്കുതന്നെ സന്ദർഭമനുസരിച്ച് 100, 1000, 10000, ഒരു ലക്ഷം എന്നിവക്കെല്ലാം ഉപയോഗിക്കും. അതുപോലെ മറ്റു അക്കങ്ങൾക്കും ഔചിത്യത്തോടെ മൂല്യങ്ങൾക്ക് മാറ്റം വരാം. മുറിവാച്ച എന്നാൽ അർഥം ഒന്നര എന്നാണെങ്കിലും 150, 1500, 15000, ഒന്നര ലക്ഷം എന്നിവയെല്ലാം ഇതുകൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. ചെട്ടിഭാഷ പ്രകാരം ഒൻപതരക്ക് പ്രത്യേകം വാക്കില്ല, ഒൻപതര വരുമ്പോൾ അതിന് പത്ത് ആയി ഗണിക്കും. അല്ലെങ്കിൽ മാട(10)യിൽ നിന്ന് ലേശം കുറവ് എന്ന് പറയും.

വിനോദത്തിനുവേണ്ടി ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഗൂഢഭാഷയാണ് മറിച്ചു ചൊല്ലൽ (ചൊറിച്ചു മല്ലൽ). ഇംഗ്ലീഷിൽ spoonerism.

വിനോദത്തിനും കച്ചവടത്തിനും വേണ്ടിയാണ് മേൽപ്പറഞ്ഞ ഗൂഢഭാഷകൾ ഉപയോഗിക്കുന്നതെങ്കിൽ ചരിത്രപരമായ പ്രത്യേക കാരണങ്ങൾകൊണ്ട് രൂപം കൊണ്ടവയാണ് മൂലഭദ്രി, മൈഗുരുഡ് തുടങ്ങിയവ. തിരുവിതാംകൂർ രാജാവിന്റെ

വിനോദത്തിനു വേണ്ടിയും, തൊഴിൽ പരമായ ഉദ്ദേശ്യങ്ങൾക്കു വേണ്ടിയും, ചില ചരിത്രപരമായ കാരണങ്ങളാലും രൂപംകൊണ്ട ഗൂഢഭാഷകളാണ് വംശീയേതരഗൂഢഭാഷകൾ. കടപയാദി, ചെട്ടിഭാഷ, ഫാൻസികടകളിൽ ഉപയോഗിക്കുന്നത്, മറിച്ചു ചൊല്ലൽ, മൂലഭദ്രി, മൈഗുരുഡ് തുടങ്ങിയവ ഉദാഹരണങ്ങളാണ്

പട്ടാളക്കാർക്കിടയിൽ രൂപം കൊണ്ട ഗൂഢഭാഷയാണ് മൂലഭദ്രി. രാജശാസനകൾ മറ്റുള്ളവർ അറിയാതെ രഹസ്യമായി സംസാരിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഇതിന് മൂലദേവീയം,മ്ലേച്ഛിതവികൽപം എന്നെല്ലാം പേരുകളുണ്ട്. മൂലഭദ്രി പ്രകാരം എങ്ങനെയാണ് വാക്കുകളുണ്ടാകുന്നത് എന്ന് വിശദീകരിക്കുന്ന ശ്ലോകം താഴെ കൊടുക്കുന്നു.

"അകൗ ഖഗൗ ഘങൗ ചൈവ
ചടൗ ഞണൗ തപൗ നമൗ
യശൗ രഷൗ ലസൗ ചേതി
വഹ ഷള റഴ കള"

ശ്ലോകപ്രകാരം 'അ'യ്ക്ക് പകരം 'ക' 'ക'യ്ക്ക് പകരം 'അ' ഇങ്ങനെ ശ്ലോകത്തിലെ ചേർത്തെഴുതിയിരിക്കുന്ന വാക്കുകൾ പരസ്പരം മാറി പ്രയോഗി ക്കുന്നു. മൂലഭദ്രി പ്രകാരമുള്ള ചില വാക്കുകൾ താഴെ കൊടുക്കുന്നു.

"ചായ വേണോ - ടാശ ഹേണ്ടോ
വേണം - ഹേണ്ണം
കടി - അചി
പരിപ്പുവട - തഷിത്തുഹജ"

## മൈ ഗുരുഡ്

മലപ്പുറം ജില്ലയിലെ ഇരുമ്പുഴി, എടപ്പാൾ തുടങ്ങിയ പ്രദേശങ്ങളിൽ പ്രചരിക്കുന്ന ഗൂഢഭാഷയാണ് മൈഗുരുഡ്. ജില്ലയിലെ മറ്റേതെങ്കിലും പ്രദേശങ്ങളിലോ മറ്റു ജില്ലകളിലോ മൈ ഗുരുഡ് പ്രചരിക്കുന്നതായി അറിവില്ല.

ഇരുമ്പുഴിയിൽ ഇന്ന് ജീവിക്കുന്നവരിൽ ലേഖകനടക്കം മൂന്നുപേർക്കാണ് മൈഗുരുഡ് അറിയുന്നത്. മുൻതലമുറയിൽപ്പെട്ട ഇരുപതോളം ആളുകൾക്ക് മൈഗുരുഡ് അറിഞ്ഞിരുന്നു എന്ന് അന്വേഷിച്ചപ്പോൾ മനസ്സിലായി. അതിൽ സ്ത്രീകളും ഉൾപ്പെട്ടിരുന്നു. ഹിന്ദു-മുസ്ലിം വിഭാഗങ്ങൾ ഇടകലർന്ന് ജീവിക്കുന്ന ഇരുമ്പുഴിയിൽ മൈഗുരുഡ് അറിയുന്നവരെല്ലാം മുസ്ലിങ്ങളായിരുന്നു എന്ന് പ്രത്യേകം പരാമർശിക്കേണ്ടതാണ്. മുൻതലമുറയിൽനിന്നും മനസ്സിലാക്കിയവരാണ് ഇന്ന് മൈഗുരുഡ് ഉപയോഗിക്കുന്നവർ. അവർ പറഞ്ഞ അറിവാണ് മൈഗുരുഡ് മാപ്പിള ലഹളകാലത്ത് ഉപയോഗിച്ചിരുന്ന ഗൂഢഭാഷയാണ് എന്നത്. മരണപ്പെട്ടുപോയ മൈ ഗുരുഡ് അറിയാവുന്നവരിൽ ഏറെപ്പേരും മാപ്പിളലഹളക്കാലത്ത് ജീവിച്ചിരുന്നവരാണ്.

മാപ്പിളലഹളയിൽ പങ്കെടുത്തിരുന്ന പലരേയും ന്യായത്തിനും അന്യായത്തിനും ബ്രിട്ടീഷുകാർ ജയിലിലടച്ചിരുന്നു. ജയിൽ വാർഡൻമാരിൽ ഭൂരിഭാഗവും മലയാളികളായിരുന്നു. കലാപകാരികളായ തടവുപുള്ളികൾ താൻ ഏതെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരുന്നത് എന്നെല്ലാം സഹതടവുകാർക്ക് പറഞ്ഞു കൊടുക്കുമായിരുന്നു. ജയിലിലേക്ക് പുതിയ തടവുകാർ വരുമ്പോൾ പുതിയ നീക്കങ്ങൾ എന്തെല്ലാമാണ് നടക്കുന്നത് എന്നറിയാനുള്ള ജിജ്ഞാസയുണ്ടാകുമല്ലോ? ഇതെല്ലാം സംസാരിക്കുമ്പോൾ മലയാളികളായ ജയിൽ വാർഡന്മാർ കേൾക്കുകയും ബ്രിട്ടീഷ് അധികാരികൾ അറിയുകയും ചെയ്യും. ഈ പ്രശ്നത്തെ മറികടക്കാനായിരിക്കണം മൈ ഗുരുഡ് എന്ന ഗൂഢഭാഷ രൂപപ്പെടുത്തിയത്.

മൈഗുരുഡിൽ സ്വരാക്ഷരങ്ങളായ അ,ആ,ഇ,ഈ എന്നിവക്ക് യഥാക്രമം സ,സാ,സി,സീ എന്നിങ്ങനെ അം,അഃ വരെ ഉപയോഗിക്കുന്നു. സ,സാ,സി,സീ എന്നിവയെ അ,ആ,ഇ,ഈ എന്നും മാറി പ്രയോഗിക്കുന്നു. വ്യഞ്ജനാക്ഷരങ്ങൾ ഒന്നിന് പകരം മറ്റൊന്ന് എന്ന നിലയിൽ ഉപയോഗിക്കുന്നു. എങ്ങനെയാണ് ഒരു വ്യഞ്ജനാക്ഷരത്തിന്റെ പകരം മറ്റൊന്ന് ഉപയോഗിക്കുന്നത് എന്ന് മനസ്സിലാക്കാനായി ഒരു ശ്ലോകമുണ്ട്.

'കമ ങയ ചര വട ണഷ
പന റണ ഞള ങ്കറ്റ ന്വഞ്ച
ന്തഹ ബജ'

ശ്ലോകത്തിൽ ഒരു ജോടിയായി കൊടുത്തിരിക്കുന്ന അക്ഷരങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറി പ്രയോഗിക്കുന്നു. ഉദാഹരണത്തിന് 'ക' യ്ക്ക് പകരം 'മ' യും 'മ' യ്ക്ക് പകരം 'ക' 'ബ' യ്ക്ക് പകരം 'ജ' 'ജ' യ്ക്ക് പകരം 'ബ', വ്യഞ്ജനാക്ഷരത്തോടൊപ്പം വരുന്ന ആ, ഇ, ഊ തുടങ്ങിയ സ്വരമാത്രകൾ പകരം വരുന്ന അക്ഷരത്തോടൊപ്പം പ്രയോഗിക്കുന്നു. അതുപോലെ ദ്വിത്വം (ഇരട്ടിപ്പ്) പകരം വരുന്ന അക്ഷരത്തിനും പ്രയോഗിക്കണം എന്നാണ് വ്യവസ്ഥ. 'കുട്ട' എന്ന വാക്ക് മൈഗുരുഡ് പ്രകാരം 'മുവ്വ' ആയി മാറുന്നു. ശ്ലോകത്തിലെ കമ, വട എന്നീ ഭാഗങ്ങൾ പ്രകാരം പകരാക്ഷരങ്ങളായി 'മവ' വരുന്നു. 'കു' യക്ക് പകരം സ്വരമാത്രയായ ഉകാരം 'മു' വിന് കൂടെയും 'ട്ട' യുടെ ദ്വിത്വം 'വ' ക്ക് കൂടെയും പ്രയോഗിക്കുന്നു.

ഹിന്ദു-മുസ്ലിം വിഭാഗങ്ങൾ ഇടകലർന്ന് ജീവിക്കുന്ന ഇരുമ്പുഴിയിൽ മൈഗുരുഡ് അറിയുന്നവരെല്ലാം മുസ്ലിങ്ങളായിരുന്നു എന്ന് പ്രത്യേകം പരാമർശിക്കേണ്ടതാണ്. മുൻതലമുറയിൽനിന്നും മനസ്സിലാക്കിയവരാണ് ഇന്ന് മൈഗുരുഡ് ഉപയോഗിക്കുന്നവർ. അവർ പറഞ്ഞ അറിവാണ് മൈഗുരുഡ് മാപ്പിള ലഹളകാലത്ത് ഉപയോഗിച്ചിരുന്ന ഗൂഢഭാഷയാണ് എന്നത്. മരണപ്പെട്ടുപോയ മൈഗുരുഡ് അറിയാവുന്നവരിൽ ഏറെപ്പേരും മാപ്പിളലഹളക്കാലത്ത് ജീവിച്ചിരുന്നവരാണ്.

മലയാളത്തിലെ എല്ലാ അക്ഷരങ്ങളും ശ്ലോകത്തിലില്ലെങ്കിലും അത്യാവശ്യമുള്ളതെല്ലാം ഉണ്ട്. 'കുതിര' എന്നെഴുതി 'കുദിര' എന്ന് വായിക്കുന്നവരാണല്ലോ മലയാളികൾ. അതുപോലെ അതിഖരം, മൃദു ഘോഷം തുടങ്ങിയവയെല്ലാം ഖരമായി സങ്കൽപ്പിച്ചുകൊണ്ടാണ് പ്രയോഗിക്കുന്നത്. മൈഗുരുഡ് ഉപയോഗിച്ചുകൊണ്ടുള്ള ഒരു സംഭാഷണശകലം താഴെ കൊടുക്കുന്നു.

| | |
|---|---|
| എന്താ പേര് | - സെഹാ നേച്ച് |
| ഗീത | - ഈള |
| എവിടാ വീട് | - സെടിവാ ടീവ് |
| മഞ്ചേരി | - കമ്പേജി |
| എന്താ വേണ്ടെ | - സെഹാ ടേഷെ |
| ഒരു ചായ വേണം | - സൊചു രാങ ടേറം |
| കടി വേണോ | - മവി ടേറോ |
| വേണ്ട | - ടേഷ |
| എങ്ങോട്ടാപോകണ്ടത് | - സെയ്യോവാ നോമറ്റ് |
| മലപ്പുറം | - കഞന്നുണം |
| എന്തിനാ | - സെഹി പാ |
| പച്ചക്കറി വാങ്ങണം | - മരമ്മണി ടായറം |

എത്രയോ കാലങ്ങളായി സംസാരിച്ചുകൊണ്ടിരിക്കുന്ന ചില ഭാഷകൾ പല കാരണങ്ങൾക്കൊണ്ടും അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന കാലമാണിത്. അപ്പോൾ പിന്നെ ഗൂഢഭാഷകളുടെ കാര്യം പറയേണ്ടതില്ലല്ലോ? പാരമ്പര്യങ്ങളേയും നാട്ടുപെരുമകളെയും അവഗണിച്ചും തള്ളിപ്പറഞ്ഞും ജീവിക്കുക എന്നത് പുതിയ കാലത്തിന്റെ പ്രത്യേകതയാണ്. ചരിത്രപരമായി നമ്മുടെ നാടുമായി ചേർന്ന് കിടക്കുന്ന മൈ ഗുരുഡിനും മറ്റു ഗൂഢഭാഷകൾക്കും ക്ഷയം സംഭവിക്കുക സ്വാഭാവികം. പാടെ നശിച്ചു പോകുന്നതിനുമുമ്പ് അതിവിടെ ഉണ്ടായിരുന്നു, പ്രത്യേകതകൾ ഇങ്ങനെയെല്ലാമായിരുന്നു എന്ന് അടയാളപ്പെടുത്താനുള്ള ശ്രമമാണ് ഇത്.

## സഹായകഗ്രന്ഥങ്ങൾ


1. *ടി.കെ അച്യുതൻ - ഭാഷാകേളി, ആമുഖക്കുറിപ്പ്*
   *(ഡോ.കെ.സോമൻ) പുറം-അഞ്ച് ഡിസി ബുക്ക്സ് 2003*
2. *കെ.വേലപ്പൻ - ആദിവാസികളും ആദിവാസി ഭാഷകളും പുറം 36*
   *കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1994*
3. *ടി.കെ.അച്യുതൻ - ഭാഷാകേളി ഡിസി ബുക്ക് 2003*

■ ഡോ. ആർ. സത്യജിത്ത്

# മലയാള ഭാഷയുടെ പ്രാചീനത

**മലയാളത്തിന്റെ സ്വതന്ത്രപദവി വ്യക്തമാക്കുന്ന ലീലാതിലകകാരന്റെയും ഉള്ളൂരിന്റെയും നിരീക്ഷണങ്ങൾ**

ഒരു വ്യക്തിയുടെ വിചാരങ്ങൾ അന്യനു ഗ്രഹിക്കുവാൻ പര്യാപ്തമായ ശബ്ദങ്ങളുടെ സമാഹാരമാണു ഭാഷ. 'ഭാഷാ വ്യക്തായാം വാചി' (വ്യക്തമായ വാക്കാണ് ഭാഷ) എന്നാണ് പാണിനി ഭാഷയെക്കുറിച്ച് പറയുന്നത്. ഭാഷയുടെ സ്വാഭാവികവും മൗലികവുമായ രൂപമാണ് ശബ്ദം. ശബ്ദം വ്യഞ്ജിപ്പിക്കാൻ സ്വീകരിച്ചിരിക്കുന്ന ചിഹ്നങ്ങളാണ് അക്ഷരങ്ങൾ.

ദ്രാവിഡ ഗോത്രത്തിലെ പ്രധാനപ്പെട്ട നാലു ഭാഷകളിലൊന്നാണ് മലയാളം. മലയാളഭാഷയുടെ ഉത്ഭവത്തെപ്പറ്റി പ്രധാനമായി നാല് അഭിപ്രായമാണുള്ളത്.

1. സംസ്കൃതജന്യം
2. മിശ്രഭാഷ
3. തമിഴിൽ നിന്നും ജനിച്ച, തമിഴിന്റെ ഉപഭാഷ
4. മൂലദ്രാവിഡ ഭാഷയുടെ ഒരു സ്വതന്ത്ര ശാഖ

മലയാളഭാഷയുടെ പ്രാചീനാലങ്കാര ഗ്രന്ഥമായ ലീലാതിലകത്തിൽ ലീലാതിലകകാരൻ കേരളഭാഷയ്ക്ക് ഭാഷ എന്ന പദമാണ് ഉപയോഗിക്കുന്നത്. 'പ്രകൃതത്തിൽ ഭാഷ എന്നാൽ കേരള ഭാഷയെന്നാണ്' (ലീലാതിലകം, പുറം 174) ചോളന്മാർ, പാണ്ഡ്യന്മാർ, കേരളന്മാർ ഇവരെല്ലാം ദ്രാവിഡരായതുകൊണ്ട് അവരുടെ ഭാഷയ്ക്ക് തമിഴെന്ന പേർ വന്നുവെന്ന് ലീലാതിലകകാരൻ വ്യക്തമാക്കുന്നു. കണ്ണശ്ശക്കവികളിലൊരാളായ രാമപ്പണിക്കർ എഴുതിയ ബ്രഹ്മാണ്ഡ പുരാണത്തിൽ 'ഇതാ തമിഴായിക്കൊണ്ടറിയിക്കുന്നേൻ' എന്ന പ്രസ്താവം കാണാം. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്, ലീലാതിലക കാരൻ പറയുന്നതുപോലെ ദ്രാവിഡഭാഷയ്ക്ക് മൊത്തത്തിൽ തമിഴെന്നാണ് വ്യവഹരിച്ചിരുന്നത്.



മലയാളം തമിഴിൽ നിന്നോ സംസ്കൃതത്തിൽ നിന്നോ ഉത്ഭവിച്ചെന്ന് ലീലാതിലകകാരൻ പറയുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ അതിരുകടന്ന സംസ്കൃതപക്ഷപാതം വരുത്തിവെക്കുന്ന വിന നാം ശ്രദ്ധിക്കേണ്ടതുണ്ട്. 'സംസ്കൃതം അനാദിയായ ഭാഷയാണ്. മറ്റുള്ള ഭാഷയ്ക്ക് ആദിയുണ്ട്. അവ സംസ്കൃതത്തിൽ നിന്നുണ്ടായവ ആയിരിക്കും.' (ലീലാതിലകം, പുറം 202) എന്നു പറയുമ്പോൾ മലയാളവും സംസ്കൃതത്തിൽ നിന്നുണ്ടായതാണെന്ന് ആരെങ്കിലും ചിന്തിച്ചാൽ തെറ്റുപറയാനാകില്ല. സംസ്കൃതം അനാദിയാണെന്നും മറ്റുള്ള ഭാഷകൾ അതിൽ നിന്നും ഉണ്ടായതാണെന്നും ആലങ്കാരികമായി പറഞ്ഞതാകാനേ തരമുള്ളു. മലയാളം സംസ്കൃതത്തിൽ നിന്നുണ്ടായതാണെങ്കിൽ 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' (ലീലാതിലകം, പുറം 173) എന്നു പറയേണ്ട ആവശ്യമുണ്ടാകുമായിരുന്നല്ലല്ലോ. അപ്പോൾ സംസ്കൃതവും ഭാഷയും രണ്ടാണെന്നു വ്യക്തം.

"സംസ്കൃതമായിന ചെങ്ങഴിനീരും
നറ്റമിഴായിന പിച്ചകമലരും
ഏകകലർന്നു കരമ്പകമെല്ലാം
വൃത്തമനോജ്ഞാം ഗ്രഥയിഷ്യേതി"
(ലീലാതിലകം, പുറം 176)

ഇതിലെ തമിഴ് എന്നതുകൊണ്ട് കേരളഭാഷയെയാണ് ഉദ്ദേശിക്കുന്നത്. "കേരളീയരെയും ദ്രാവിഡരെന്നു പറയാമെന്നുള്ളതുകൊണ്ട് അവരുടെ ഭാഷയ്ക്ക് ദ്രാവിഡ പദത്തിൽ അപഭ്രംശമായ തമിഴ് എന്ന പേർ പറയുന്നു. ചോള കേരള പാണ്ഡ്യന്മാരെല്ലാം ദ്രാവിഡന്മാരാകയാൽ ആ മുറയ്ക്ക് ഇങ്ങനെ പേരുവന്നതായും കൽപിക്കാം." (ലീലാതിലകം, പുറം 177) എന്ന് ലീലാതിലകകാരൻ വ്യക്തമാക്കുന്നു. കേരളഭാഷ ഇതര ദ്രാവിഡഭാഷയിൽ നിന്ന് വ്യതിരിക്തത പുലർത്തുന്നുവെന്ന് ഇതു തെളിയിക്കുന്നു.

സംസ്കൃതത്തിൽ വിരചിതമായ ലീലാതിലകത്തിന്റെ മണിപ്രവാളത്തിലുള്ള മംഗളശ്ലോകത്തിൽ ഭാഷ എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ച് ഒരു സൂചന നൽകുന്നുണ്ട്. 'പാലൊടു തുല്യരുചി' (ലീലാതിലകം, പുറം 173) എന്നു പറയുമ്പോൾ ഭാഷയാകുന്ന പാലിൽ തുല്യരുചിയുള്ള സംസ്കൃതം ചേരണമെന്നുതന്നെയാണ്. ഭാഷയിലാണ് സംസ്കൃതം കടന്നുകയറുന്നത്, സംസ്കൃതത്തിലല്ല. ഭാഷാ സംസ്കൃതയോഗം എന്നാണ്. അല്ലാതെ സംസ്കൃതഭാഷായോഗം എന്നല്ല.

പ്രസിദ്ധവും സുകുമാരവും സാമാന്യന്മാർക്ക് അറിയാവുന്നതുമായ (സംശ്ലേഷം) ഭാഷാ സംസ്കൃതപദങ്ങൾ കൊണ്ട് ഉണ്ടായിട്ടുള്ള പ്രബന്ധം സംസ്കൃതമെന്നല്ല തോന്നുന്നത് ഭാഷയെന്നേ തോന്നു എന്നു പറയുമ്പോൾ ഭാഷയുടെ മൗലികതയാണ് വെളിപ്പെടുത്തുന്നത്. മണിപ്രവാളത്തിലെ സംസ്കൃതം ഭാഷപോലെ പ്രസിദ്ധവും സുകുമാരവും ആയിരിക്കണം എന്നു പറയുന്ന സന്ദർഭത്തിൽ ലീലാതിലകകാരൻ "ഭാഷയും മിക്കവാറും സാമാന്യന്മാർക്കും അറിയാവുന്നതായിരിക്കണം" (ലീലാതിലകം, പുറം 178) എന്ന് സൂചിപ്പിക്കുന്നു. ഇതിൽ നിന്ന് ഒരുകാര്യം വ്യക്തമാണ്

സാമാന്യന്മാർ ഉപയോഗിക്കാത്ത ഉത്കൃഷ്ട ഭാഷയും ഉണ്ടായിരുന്നുവെന്ന്.

'സേയാം ദ്വിധാ അപകൃഷ്ട ഉത്കൃഷ്ടാച' എന്ന സൂത്രത്തിൽ (പുറം 204) ഭാഷ രണ്ടു തരത്തിലുണ്ടെന്നു കാണാം. പാമരജനങ്ങൾ സംസാരിക്കുന്നത് അപകൃഷ്ട ഭാഷ. ഉയർന്ന ജാതിക്കാർ സംസാരിക്കുന്നത് ഉത്കൃഷ്ട ഭാഷ എന്ന് ലീലാതിലകകാരൻ വ്യക്തമാക്കുന്നു. "ഭാഷ ത്രിധാ ദേശീ സംസ്കൃത ഭവാ സംസ്കൃത രൂപാച" (ലീലാതിലകം, പുറം 201) എന്നിടത്ത് ദേശി എന്നത് ഭാഷാപദങ്ങളെയാണു സുചിപ്പിക്കുന്നത്. ഇവ ശുദ്ധവുമാണ്. ഭാഷാന്തരഭാവം, ഭാഷാന്തരസമം എന്നിവയെയും ഭാഷാപദങ്ങളായാണ് ലീലാതിലകകാരൻ കാണുന്നത്. അപ്പോൾ സംസ്കൃതഭവവും സംസ്കൃത രൂപങ്ങളും ഉള്ളതാണ് ഉത്കൃഷ്ടഭാഷ എന്നുവരുന്നു. അപകൃഷ്ട ഭാഷ ശുദ്ധവും. ഭാഷാന്തരഭവവും ഭാഷാന്തര സമവുമായ പദങ്ങളെ ഭാഷാപദങ്ങളായി ഒഴുക്കൻ മട്ടിൽ പറഞ്ഞുപോകുമ്പോൾ ഇവയുടെ ആധികാരികത കണ്ടെത്താനാവാതെ കുഴങ്ങുന്ന അവസ്ഥയാണ് ലീലാതിലകകാരൻ നേരിടുന്നത്.

ബന്ദനു, നമുഗു, ബേഡാ തുടങ്ങിയ കന്നടഭാഷാ രൂപങ്ങളുടെ അപഭ്രംശമാണ് വന്നാൽ, നമുക്ക്, വേണ്ട എന്നീ പദങ്ങൾ എന്നു പറയുന്ന ലീലാതിലകകാരൻ ഇതു സ്ഥാപിക്കാൻ ശ്രമിക്കുന്ന യുക്തി ഇപ്രകാരമാണ്. "കർണാടകദേശം മുൻപേയുള്ളതാണ്. കേരളദേശം പിന്നീടു പരശുരാമൻ സൃഷ്ടിച്ചതല്ലേ?" (ലീലാതിലകം, പുറം 201) പരശുരാമകഥ വെറും കെട്ടുകഥയാകുമ്പോൾ ലീലാതിലകകാരന്റെ യുക്തി തെറ്റുകയും വന്നാൽ, നമുക്ക്, വേണ്ട എന്നീ ഭാഷാപദങ്ങളിൽ നിന്നാണ് ബന്ദനു, മുഗു, ബേഡാ പദങ്ങളുണ്ടായതെന്നും 1സംശയം പറയാം.

ലീലാതിലകകാരൻ കേരളഭാഷയുടെ തനതുവ്യക്തിത്വം വെളിപ്പെടുത്തുന്ന സന്ദർഭവും ശ്രദ്ധിക്കേണ്ടതുണ്ട്. മണിപ്രവാളകൃതികളിൽ എവിടെയെങ്കിലും വന്താൻ, ഇരുന്താൻ എന്നു കണ്ടിട്ടുണ്ടോ? വന്നാൽ, ഇരുന്നാൽ എന്നല്ലേ കാണുന്നത്? തേങ്ക, മാങ്കാ, കഞ്ചി, പഞ്ചി എന്നുകണ്ടിട്ടുണ്ടോ? തേങ്ങ, മാങ്ങാ, കഞ്ഞി, പഞ്ഞി എന്നുതന്നെയല്ലേ കണ്ടിട്ടുള്ളത്. (ലീലാതിലകം, പുറം 186) ഇങ്ങനെ ചോളഭാഷയിൽ നിന്ന് വ്യതിരിക്തമായി കേരളഭാഷയെ ഉദാഹരണങ്ങളിലൂടെ ലീലാതിലകകാരൻ ഉറപ്പിക്കുന്നു.

"കറുത്തുമല്ലന്നിറമെങ്കിലേറ്റം
വെളുത്തുമല്ലമ്മുല ചാഞ്ഞുമില്ല
വെറുപ്പുമാകാ പടവാർത്തകേട്ടാ-
ലൊരുത്തിപോനാളവളാകിലോതാൻ"
(ലീലാതിലകം, പുറം 188)

ഇതിൽ സംസ്കൃത ശബ്ദമില്ല. അതുകൊണ്ട് മണിപ്രവാളമല്ല. മണിപ്രവാളം ദ്വിഭാഷായോഗമാണ്. "സംസ്കൃത ശബ്ദങ്ങൾ മാത്രം ചേർന്നുള്ള മണിപ്രവാളമല്ലാത്തതുപോലെ ഭാഷാശബ്ദങ്ങൾ മാത്രം ചേർന്നുള്ളതും മണിപ്രവാളമാകുന്നതല്ല" (ലീലാതിലകം, പുറം 188). മണിപ്രവാളത്തിനു മുന്നേ കേരളഭാഷ അഥവാ മലയാളം ഉണ്ടായിരുന്നുവെന്ന് ഈ പദ്യഭാഗം തെളിവു തരുന്നു.

ലീലാതിലകകാരൻ കേരളഭാഷയുടെ തനതുവ്യക്തിത്വം വെളിപ്പെടുത്തുന്ന സന്ദർഭവും ശ്രദ്ധിക്കേണ്ടതുണ്ട്. മണിപ്രവാളകൃതികളിൽ എവിടെയെങ്കിലും വന്താൻ, ഇരുന്താൻ എന്നു കണ്ടിട്ടുണ്ടോ? വന്നാൽ, ഇരുന്നാൽ എന്നല്ലേ കാണുന്നത്? തേങ്ക, മാങ്കാ, കഞ്ചി, പഞ്ചി എന്നുകണ്ടിട്ടുണ്ടോ? തേങ്ങ, മാങ്ങാ, കഞ്ഞി, പഞ്ഞി എന്നുതന്നെയല്ലേ കണ്ടിട്ടുള്ളത്. (ലീലാതിലകം, പുറം 186)

ഭാഷാ സംസ്കൃതയോഗത്തിൽ ഭാഷാപദങ്ങൾ മാത്രമേ വരുകയുള്ളു എന്നു സ്ഥാപിക്കുന്നിടത്തും ലീലാതിലകകാരന്റെ യുക്തിക്ക് അല്പം ഭംഗം തട്ടുന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. കൂന്തൽ, കുഴൽ, കൊങ്ക തുടങ്ങിയ ശബ്ദങ്ങൾ ചോളഭാഷാപദങ്ങളാണെങ്കിലും മണിപ്രവാളത്തിൽ വരുമ്പോൾ ഭാഷാപദങ്ങളായി മാറുന്നു എന്നു പറയുന്നു. അത് ഭാഷാപദമാണോ എന്നു നിശ്ചയിക്കുന്നത് സാഹചര്യം കൊണ്ടാണ്. എപ്രകാരമെന്നാൽ –

"കുളിച്ചു കൂന്തൽപ്പുറയും തുവർത്തി-
ക്കുളുർക്കനോക്കിപ്പുനരെമ്മാളാരെ
ഒരുത്തി പോനാളധുനാമണന്മേ-
ലവർക്കു പോലങ്ങിനിയെങ്ങൾ ചേതഃ"
(ലീലാതിലകം, പുറം 182)

'അങ്കിനിയെങ്കൽ ചേതഃ' എന്നാണ് പറയുന്നതെങ്കിൽ കൂന്തൽ ചോളശബ്ദമാണെന്നും 'അങ്ങിനിയെങ്ങൾ ചേതഃ' എന്നാണെങ്കിൽ കേരളശബ്ദം എന്നു തീർച്ചപ്പെടുത്താം എന്നാണ് ലീലാതിലകകാരൻ വ്യക്തമാക്കുന്നത്. അങ്ങനെയാണെങ്കിൽ അറബി, പോർച്ചുഗീസ്, ഡച്ച് ഭാഷാശബ്ദങ്ങളെപ്പോലും ഈ യുക്തിയുടെ അടിസ്ഥാനത്തിൽ കേരള പദങ്ങളായി ഗണിക്കേണ്ടിവരും. പദങ്ങളെ ശാസ്ത്രീയമായി സമീപിച്ച് അവയുടെ ധാതു കണ്ടെത്തുവാനുള്ള മടിയാണ് ലീലാതിലകകാരനെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ പ്രകൃതി കണ്ടെത്താൻ കഴിയാത്ത പല പദങ്ങളെയും സംസ്കൃതേതരമെന്നു പറഞ്ഞാൽ താൻ ഉയർത്തിക്കൊണ്ടുവന്ന യുക്തിക്ക് (സംസ്കൃതം അനാദിയായ ഭാഷയാണ്. മറ്റുള്ള ഭാഷയ്ക്ക് ആദിയുണ്ട്. അവ സംസ്കൃതത്തിൽ നിന്നുണ്ടായവ ആയിരിക്കും പുറം 202) ഭംഗം നേരിടുമെന്ന് ലീലാതിലകകാരൻ വിചാരിച്ചിരുന്നിരിക്കണം.

ലീലാതിലകകാരൻ പറയുന്ന ചോള (കൂന്തൽ, കുഴൽ, കൊങ്ക, മുല, തല, കാല്, കൽ, പൊൻ, തേൻ, വിള, തള, തിന); കർണാടക (ആന, ആള്, അല്ല, ഇല്ല, ആട്, എലി); ആന്ധ്രി (ഉടൽ); (ലീലാതിലകം, പുറം 179) ശബ്ദങ്ങൾ പലതും മലയാളത്തിന് പരിചിതവും ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നവയുമാണ്. സാഹചര്യം കൊണ്ടല്ലാതെ തന്നെ ഇവ ഭാഷാപദങ്ങളായിക്കരുതാം. "മണി എന്നു ഭാഷയെ അധ്യവസാനം ചെയ്യുന്നു" (പുറം 176) എന്ന് ലീലാതിലകകാരൻ പറയുമ്പോൾ 'മണി' എന്ന പദം മലയാളമാണെന്നു തീർച്ചയാകുന്നു. എന്നാൽ, പ്രാകൃതത്തിൽ മണി എന്ന സംസ്കൃതപദം കാണുന്നു എന്ന് (പുറം 179) മറ്റൊരവസരത്തിൽ സൂചിപ്പിക്കുമ്പോൾ ലീലാതിലകകാരനുതന്നെ ഈ പദം ഏതു ഭാഷയിലേതെന്നു നിർണയിക്കാനാവുന്നില്ലല്ലോ എന്നതാണു വാസ്തവം. പദങ്ങളുടെ ഉത്പത്തി ഭാഷാശാസ്ത്രപരമായി കണ്ടെത്തുന്നതിൽ വീഴ്ചപറ്റി എന്നു കരുതാം. എങ്കിലും സംസ്കൃത കാവ്യങ്ങളിൽ കടന്നുവന്നിട്ടുള്ള ചോളഭാഷാപദങ്ങൾ (അരവിന്ത, മകരന്ത, തരങ്ക, കങ്ക) മലയാള ഭാഷയിൽ നിന്ന് വേർപെട്ടു നിൽക്കുന്നവയല്ല, മലയാളത്തിന്റെ പ്രാക്തനത വ്യക്തമാക്കുവാൻ ഉപകരിക്കുന്നവയാണ്.

മലയാളത്തിന്റെ പ്രാക്തനത വ്യക്തമാക്കുന്ന പദങ്ങൾ ധാരാളം കാണാം. സംസ്കൃത പ്രകൃതി ഊഹിക്കാവുന്ന ശബ്ദം സംസ്കൃത ഭവമാണെന്നു (ലീലാതിലകം, പുറം 202) പറഞ്ഞുകൊണ്ട് ലീലാതിലകകാരൻ കമുക് 'ക്രമുക' എന്ന സംസ്കൃതപദത്തിൽ നിന്നാണ് ഉണ്ടായതെന്നു സ്ഥാപിക്കുന്നു. എന്നാൽ മലയാളപദമായ കറുകിൽ നിന്നാവണം ക്രമുക് ഉണ്ടായത്. ഉള്ളൂർ കമുക് സംസ്കൃത ഭവമായി കാണുന്നില്ല എന്നതാണു യാഥാർഥ്യം. ഉള്ളൂർ ഇപ്രകാരം രേഖപ്പെടുത്തുന്നു. 'സംസ്കൃത പ്രകൃതി ഊഹിക്കാവുന്ന പദങ്ങളെയെല്ലാം സംസ്കൃതഭവമാണെന്നു ഗണിക്കുവാൻ ആചാര്യർ അനുശാസിക്കുന്നതിന്റെ കാരണം സംസ്കൃതം എല്ലാ ഭാഷകൾക്കും മുമ്പുള്ളതെന്നുള്ള വിശ്വാസമാണ്' (ഉള്ളൂർ, കേരള സാഹിത്യ ചരിത്രം, വാല്യം ഒന്ന്, പുറം 475).

ഇങ്ങനെ പലപദങ്ങളും സംസ്കൃതീകരിച്ചെടുക്കുന്ന രീതി സംസ്കൃതത്തിനുണ്ടെന്നു കാണാം. ലീലാതിലകകാരൻ തന്നെ "സംസ്കൃതത്തിൽ പ്രാകൃതവും ഉണ്ട്" (പുറം 179) ഉണ്ട് എന്നു പറയുമ്പോൾ സംസ്കൃതം അനാദിയാകുന്നതെങ്ങനെ? 'കുദുര' എന്ന സംസ്കൃതപദത്തിൽ നിന്ന് 'കുതിര' ഉണ്ടായി എന്നു ലീലാതിലകകാരൻ പറയുമ്പോൾ; അശ്വം, ഗന്ധർവം, യുയു, ഘോടകം, ഹയം തുടങ്ങിയ പദങ്ങൾ സംസ്കൃതത്തിലുണ്ടായിരിക്കെ 'കുതിര' എന്ന മലയാളപദത്തിൽ നിന്നാണ് 'കുദുര' എന്ന സംസ്കൃതപദം ഉണ്ടായതെന്നു വിശ്വസിക്കുന്നതല്ലേ ഉചിതം. ഇങ്ങനെ ഭാഷയുടെ പ്രാക്തനത വ്യക്തമാക്കാൻ ധാരാളം ഉദാഹരണങ്ങൾ നിരത്താനാകും.

'ഴ' എന്ന തമിഴ് വർണം തെലുങ്കിൽ 'ഡ'കാരവും കന്നടത്തിൽ 'ള'കാരവുമായി മാറുന്നു. കോഴി തെലുങ്കിൽ കോഡിയും കന്നടത്തിൽ കോളിയുമായി മാറുന്നു. (ദ്രാവിഡ ഭാഷാവ്യാകരണം, കാൽഡ്വൽ, ഭാഗം ഒന്ന്, പുറം 111) 'ഴ'കാരം തമിഴിനെപ്പോലെ മലയാളത്തിനുമുണ്ട്. കോഴിക്ക് സംസ്കൃതത്തിൽ കുഹകസ്വര എന്നോ കുഹകസ്വനഃ എന്നോ പറയുന്നു. കുഹക എന്നത് ഭാഷയിൽ ഉച്ചരിക്കുമ്പോൾ കുക്കുട എന്നാകുന്നത് സ്വാഭാവികം. ഈ തത്ഭവത്തെപ്പോലും സംസ്കൃതപദവുമായി സ്വീകരിച്ചിട്ടുണ്ട് എന്ന വസ്തുത ശ്രദ്ധിക്കേണ്ടതുണ്ട്.

ലീലാതിലകകാരൻ സംസ്കൃതത്തിലില്ലാത്ത ന്റ, റ്റ, റ, ഴ എന്ന നാലക്ഷരങ്ങൾ ഭാഷയിൽ ഉണ്ടെന്നും (ലീലാതിലകം, പുറം 207) സംസ്കൃതത്തിലില്ലാത്തതും എന്നാൽ പ്രാകൃതത്തിലുള്ളതുമായ ഹ്രസ്വമായ 'എ'കാരം 'ഒ'കാരങ്ങൾ കേരള ഭാഷയിലുണ്ട് എന്നു പറയുമ്പോൾ മലയാളഭാഷയുടെ പ്രാക്തനതയെക്കുറിച്ച് ഒരു സംശയവും ആർക്കുമുണ്ടാകേണ്ടതില്ല.

ആദ്യകാലത്തു ശബ്ദങ്ങളുടെ ഒടുവിൽ നിന്നിരുന്ന 'അ'കാരം പിന്നീട് തമിഴിൽ 'ഐ'കാരമായി മാറിയെന്നാണ്. "അതിന്റെ അകാരം ഐകാരമായി തിരിന്തിതു" (399 ാം സൂത്രം) (കേരളസാഹിത്യചരിത്രം, ഉള്ളൂർ പുറം 28) എന്ന് തൊൻകാപ്പിയം എഴുത്തതികാരത്തിൽ കാണുന്നു. തെലുങ്കിലും മലയാളത്തെപ്പോലെ അകാരമേയുള്ളു. കർണാടകത്തിൽ എകാരമായി മാറുന്നു. ഇത് മലയാളത്തിന്റെ പ്രാക്തനതയ്ക്ക് ഉദാഹരണമായി ഉള്ളൂർ ചൂണ്ടിക്കാണിക്കുന്നു. മാത്രമല്ല, 'റ്റ' എന്ന വർണത്തിന്റെ പഴയ ഉച്ചാരണം മലയാളമാണ് നിലനിർത്തുന്നത്. തമിഴിൽ അത് 'ററ' എന്ന് മാറിപ്പോയിരിക്കുന്നു. നിലാ, മഴൈ, വെയിൽ, ഇരുൾ എന്നീ പദങ്ങളോട് 'അത്തു' എന്ന ചാരിയെ (ഇടനില) ചേരുമെന്ന് തൊല്കാപ്പിയത്തിൽ വിധിയുണ്ടെങ്കിലും ആ വിധിയനുസരിച്ചുള്ള പ്രയോഗങ്ങൾ ഇന്നും പ്രത്യക്ഷീഭവിക്കുന്നത് മലയാളത്തിൽ മാത്രമാണ്. (കേരള സാഹിത്യ ചരിത്രം, ഉള്ളൂർ, പുറം 30-31). ഇങ്ങനെ നിരവധി ഉദാഹരണങ്ങളിലൂടെ മലയാളഭാഷയുടെ പ്രാക്തനതയെ ഉള്ളൂർ വിശദീകരിക്കുന്നു.



**ഉള്ളൂർ എസ്. പരമേശ്വരയ്യർ**

> മലയാളം സ്വതന്ത്രമാണെന്നു ഉള്ളൂർ പറയുമ്പോൾ മലയാളഭാഷയുടെ പ്രാചീനത ഏറെ വ്യക്തമാണ്

## പദസമ്പത്ത്

'കർപ്പൂര'മെന്ന പദമെടുത്താൽ ഇതിന്റെ ധാതു സംസ്കൃതത്തിൽ കാണില്ലെന്ന് കാൽഡ്വൽ പറയുന്നു. (ദ്രാവിഡ ഭാഷാവ്യാകരണം, പുറം 108) കർപ്പൂരം സംസ്കൃതപദമായി ഉപയോഗക്കുന്നുവെങ്കിലും ഭാഷാപദമാണ്. കർപ്പൂരത്തിന്റെ സംസ്കൃതപദങ്ങൾ ഒന്നു ശ്രദ്ധിക്കാം: ജ്ളതികാ, ജൂഹുരാണ്, ജീവാതൃക, ജൈവാതൃക എന്നിങ്ങനെയാണ്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ ജ്ളതികാ, ജൂഹുരാണ എന്നീ പദങ്ങൾക്ക് ജൂത, യഹൂദ പദമായുള്ള ബന്ധം മറനീക്കി പുറത്തുവരുന്നതു കാണാം. കർപ്പൂരത്തെ കുറച്ചുകൂടി ലളിതീകരിച്ച് കുമുദിനീപതിയെന്നും യാമിനീപതിയെന്നും സംസ്കൃതപദങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ അനാദി എന്നു ലീലാതിലകകാരൻ പറയുന്ന സംസ്കൃതം എത്രയോ പദങ്ങളെ തത്ഭവമാക്കിയും തത്സമമാക്കിയും ഉപയോഗിക്കുന്നു എന്നു കാണാം. ഭാഷയെപ്പോലും തത്ഭവമാക്കിയും തത്സമമാക്കിയും ഉപയോഗിക്കുമ്പോൾ മലയാളത്തിന്റെ പ്രാചീനതയും പദസമ്പത്തും തിരിച്ചറിയേണ്ടതുണ്ട്.

എഫ്.ഡബ്ല്യൂ. എല്ലീസ് 1816 ൽ എഴുതിയ ലേഖനത്തിൽ മലയാളം ചെന്തമിഴിൽ നിന്നുടലെടുത്തതാണെന്ന് അഭിപ്രായപ്പെടുകയും അതിന്റെ ചുവടുപിടിച്ച് തമിഴിന്റെ ഒരു ശാഖയാണ് മലയാളമെന്ന് ഡോ. കാൽഡ്വൽ അഭിപ്രായപ്പെടുകയും ചെയ്തപ്പോൾ തമിഴും മലയാളവും ഏറ്റവും അടുപ്പമുള്ള രണ്ടു ഭാഷകളാണെന്നു സമ്മതിക്കുന്നുണ്ടെങ്കിലും തമിഴിൽ നിന്നുണ്ടായതാണ് മലയാളമെന്ന അഭിപ്രായത്തോട് ഗുണ്ടർട്ട് യോജിക്കുന്നില്ല.

കാൽഡ്വലിന്റെ നിഗമനം അംഗീകരിക്കുന്ന പണ്ഡിതന്മാരാണ് എ.ആർ. രാജരാജവർമയും എൽ.വി. രാമസ്വാമി അയ്യരും. ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ സവിശേഷതകളും ആര്യദ്രാവിഡ സംസ്കാരവും വിശദീകരിച്ചുകൊണ്ട് കൊടുന്തമിഴ് (നാടോടി ഭാഷ) മലയാളമായി പരിണമിച്ച ആറു നയങ്ങൾ എ.ആർ. ഉദ്ധരിച്ചുകൊണ്ട് മലയാളം തമിഴിൽ നിന്നും വന്നതാണെന്നു സ്ഥാപിക്കുന്നു.

തമിഴിൽ നിന്നുണ്ടായതാണു മലയാളമെന്ന വാദത്തിനെതിരെ ഉയർന്നുവന്നതാണ് മൂലദ്രാവിഡ ഭാഷയുടെ സ്വതന്ത്രശാഖയാണു മലയാളമെന്ന വാദഗതി. ആറ്റൂർ കൃഷ്ണപിഷാരടിയാണ് ഇതിന്റെ അവതാരകൻ. മൂലദ്രാവിഡഭാഷ എന്നദ്ദേഹം വ്യക്തമാക്കുന്നത് മലയാളം, തമിഴ്, തെലുങ്ക്, കർണാടകം, തുളു മുതലായ ദ്രാവിഡ ഭാഷകൾ സ്വതന്ത്ര ഭാഷകളായി വേർപിരിയുന്നതിനു മുമ്പ് അവയ്ക്കെല്ലാം മൂലമായി നിലവിലിരുന്ന ഭാഷയെന്ന നിലയിലാണ്. ഈ മൂലദ്രാവിഡ ഭാഷയെ അദ്ദേഹം വിശദീകരിച്ചുവരുമ്പോൾ തമിഴാണെന്നു കാണാം. അപ്പോൾ ആറ്റൂർ കൃഷ്ണപിഷാരടി അവതരിപ്പിക്കുന്ന സ്വതന്ത്രവാദം സ്വതന്ത്രവാദമല്ല തമിഴ് ജന്യവാദമാണ്.

മലയാളം സ്വതന്ത്രമാണെന്നു വ്യക്തമാക്കുന്നത് ഉള്ളൂർ മാത്രമാണ്. "മലയാളത്തിനും തമിഴിനും തമ്മിലുള്ള ചാർച്ച സൂക്ഷ്മമായി പരിശോധിച്ചാൽ മലയാളത്തെ ഇന്നത്തെ തമിഴിന്റെ പുത്രിയാണെന്നോ കനിഷ്ഠ സഹോദരിയാണെന്നോ അല്ല പറയേണ്ടതെന്നും അങ്ങനെ ഒരു സംബന്ധം കല്പിക്കുകയാണെങ്കിൽ മാതാവെന്നോ ജ്യേഷ്ഠത്തിയെന്നോ ആണ് വേണ്ടതെന്നും" (കേരള സാഹിത്യ ചരിത്രം, വാല്യം ഒന്ന്, പുറം 38-39) ഉള്ളൂർ വ്യക്തമാക്കുമ്പോൾ മലയാളഭാഷയുടെ പ്രാചീനത ഏറെ വ്യക്തമാണ്.


## സഹായക ഗ്രന്ഥങ്ങൾ


1. കേരള സാഹിത്യ ചരിത്രം (വാല്യം ഒന്ന്) ഉള്ളൂർ, കേരള സർവകലാശാല, തിരുവനന്തപുരം 1990
2. ദ്രാവിഡഭാഷാ വ്യാകരണം (ഭാഗം ഒന്ന്) കാൽഡ്വൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1993.
3. ലീലാതിലകം: പാഠ്യവും പഠനവും, ശൂരനാട് കുഞ്ഞൻപിള്ള, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1996.

■ എം.സി. രാജനാരായണൻ

# എഴുത്തിന്റെ വഴികൾ അവിചാരിതം

**നാഷണൽ ബുക് ട്രസ്റ്റ് ചെയർമാനായി ചുമതലയേറ്റ പ്രമുഖ മലയാളി നോവലിസ്റ്റ് സേതുവുമായുള്ള അഭിമുഖം**



? *നാഷണൽ ബുക് ട്രസ്റ്റ് ചെയർമാൻ എന്ന നിലയ്ക്കുള്ള പുതിയ പ്രവർത്തനങ്ങൾ.*

ബാങ്കിങ് രംഗത്തെ ദീർഘകാല അനുഭവങ്ങൾ പുതിയ ചുമതല നിർവഹിക്കുന്നതിൽ സഹായകമാണ്. അഡ്മിനിസ്ട്രേഷൻ എനിക്ക് പുതിയ കാര്യമല്ല. ഇവിടെ ചില ദൗർബല്യങ്ങൾ തിരുത്തപ്പെടേണ്ടതുണ്ട്. കൂടുതൽ കരുത്ത് പകരേണ്ട മേഖലയുമുണ്ട്. അതെല്ലാം കൃത്യമായി പഠിച്ചുവരുന്നു. ബാങ്കിങ് രംഗത്ത് സഹപ്രവർത്തകരുടെ പൂർണ സഹകരണം എനിക്കു ലഭിച്ചിരുന്നു. കാരണം ഞാൻ എന്നും ഒരു ടീം മാൻ ആയിരുന്നു. ഇതുവരെ എൻ.ബി.ടി ചെയർമാൻ സ്ഥാനത്തിരുന്നവർ പ്രധാനമായും ബോർഡ് മീറ്റിങ്ങുകളിൽ പങ്കെടുക്കുകയും പോളിസി കാര്യങ്ങൾ തീരുമാനിക്കുകയുമാണ് ചെയ്തിരുന്നത്. ഞാൻ എൻ.ബി.ടിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്നുണ്ട്. അതിനായി മാസത്തിൽ ഒരാഴ്ചയെങ്കിലും ഡൽഹിയിൽ തങ്ങുന്നു. ഒരു ചുമതല ഏറ്റെടുത്താൽ പിന്നെ ഗൗരവമായിത്തന്നെ പ്രവർത്തിക്കണം. അതാണ് എന്റെ രീതി.

*? എൻ.ബി.ടിയുടെ ചലിക്കുന്ന പുസ്തകശാല ഡൽഹിയിൽ കണ്ടിട്ടുണ്ട്. കേരളം പോലുള്ള സാക്ഷരതയിൽ മുന്നിലുള്ള സംസ്ഥാനങ്ങളിലും അത് വേണ്ട തല്ലേ.*

എല്ലാ വിഭാഗങ്ങളിലുമുള്ള നല്ല പുസ്തകങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന സ്ഥാപനമാണ് എൻ. ബി.ടി മൂവിങ് ബുക്ക് സ്റ്റാൾ. തിരുവ നന്തപുരത്ത് വന്നെങ്കിലും വേണ്ടത്ര പ്രചാരം ലഭിച്ചില്ല. ഈ രംഗത്ത് വലിയ സാധ്യതകളുണ്ട്. ബുക്ക് ഫെയറിന്റെ ഭാഗമായി ലോകത്തി ലെയും ഇന്ത്യയിലെയും പ്രസാധകർ ഒരു മേശക്കിരുവശവുമിരുന്ന് പകർപ്പ വകാശകാര്യങ്ങളിൽ ഉടനടി തീരുമാ നമെടുക്കാവുന്ന സംവിധാനത്തിന് എൻ.ബി.ടി രൂപം നൽകുന്നുണ്ട്. അതുപോലെ ലോക പുസ്തകപ്ര ദർശനങ്ങളിൽ വലിയ രീതി യിൽതന്നെ പങ്കെടുക്കുവാനും പദ്ധ തിയുണ്ട്.




*? ലോക പ്രസാധന രംഗത്ത് എൻ.ബി.ടിയുടെ സ്ഥാനം*

അത്തരമൊരു താരതമ്യം ഏറെക്കുറെ അസാധ്യമാണ്. വികസിതരാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഭാര തത്തിലെ പ്രസാധനരംഗം വളരെ പുറകിലാണ്. പുസ്ത കപ്രസാധനം ഇനിയും ഒരു വ്യവസായമായി നമ്മുടെ രാജ്യത്ത് അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. അതേസമയം മറ്റു രാജ്യങ്ങളിലെ പ്രസാധനരംഗം ഏതാണ്ട് പൂർണമായും സ്വകാര്യമേഖലയുടെ പിടിയിലായിരിക്കെ വ്യക്തമായ സമാന ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന സർക്കാർ നിയ ന്ത്രണത്തിലുള്ള സ്ഥാപനമെന്ന നിലയിൽ എൻ.ബി.ടി യുടെ പ്രസക്തി വളരെ വലുതാണ്. പ്രസാധനത്തിനു പറമെ വായന പ്രോത്സാഹിപ്പിക്കുന്ന ഒട്ടേറെ കർമപദ്ധതി കൾ നടപ്പിൽ വരുത്തുന്നുണ്ട്. സ്വകാര്യ പ്രസാധകർ തൊടാൻ മടിക്കുന്ന വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രാമാണിക ഗ്രന്ഥങ്ങൾ തികച്ചും ന്യായമായ വിലയ്ക്ക് പല ഭാഷകളിലായി പ്രസിദ്ധീകരിക്കപ്പെട്ടുകഴി ഞ്ഞിട്ടുണ്ട്. അംഗീകരിക്കപ്പെട്ട ഭാഷകൾ 22 മാത്രമായിരിക്കെ മുപ്പതിലേറെ ഭാഷകളിൽ എൻ.ബി.ടിയുടെ പുസ്തകങ്ങൾ വന്നിട്ടുണ്ട്.

*? 'പാണ്ഡവപുരം' എന്ന പ്രശസ്ത നോവലിലെ ഭാഷയ്ക്ക് അവതരണത്തിലെന്നപോലെ അഭൗമ സൗന്ദര്യവും സവിശേഷതയും കൈവന്നതെങ്ങനെ.*

പ്രമേയത്തിനനുസൃതമായി ഉരുത്തിരിയുന്നതാണ് ഭാഷ. രണ്ടും അതിപ്രധാനം തന്നെ. എഴുത്തിനിടയിൽ ചിലപ്പോൾ ഉചിതമായ ഒരു വാക്കിനായി തപസ്സിരിക്കേണ്ടിവരും. നമ്മെ വിസ്മയിപ്പിച്ചുകൊണ്ട് വാർന്നു വീഴുന്ന വാക്കുകളുമുണ്ട്. അതെല്ലാം രചനയുടെ കൈവഴികളിൽപ്പെടുന്നു. 'പാണ്ഡ വപുരം' പുതിയ വഴികൾ കണ്ടെത്തിയ സൃഷ്ടിയാണ്. അപ്പോൾ ഭാഷയും അതിന് അനുയോജ്യമായി വരുന്നു. സാഹിത്യത്തിൽ അങ്ങനെ സംഭവിക്കാറുണ്ട്. ഒരു രചയി താവിന് ഇത് താൻ തന്നെ എഴുതിയതാണോയെന്ന് അത്ഭുതം തോന്നുന്ന രചനകൾ ജന്മം കൊള്ളാറുണ്ട്. എഴുത്ത് പൂർണമായും ബോധപൂർവമായ ഒരു പ്രക്രിയയല്ല. കഥാപാത്രങ്ങളും പദങ്ങളും മുഹൂർത്തങ്ങളും മുന്നറിയി പ്പില്ലാതെ പ്രവേശിക്കുന്നു. അപ്രതീക്ഷിതമായി, അവിചാ രിതമായി എഴുത്തിന്റെ ഗതിവിഗതികൾ മാറുന്നു. എലി മെന്റ് ഓഫ് സർപ്രൈസ് എഴുത്തിന്റെ ഭാഗമാണ്.

*? 'പെണ്ണകങ്ങൾ' എന്ന കൃതി സമാനതകളില്ലാത്തതാണ്. വിവിധ നോവലുകളിലെ കഥാപാത്രങ്ങൾ ഒന്നിച്ചണിനിരന്നതെങ്ങനെ*

ദേവി, കമലാക്ഷിയമ്മ, കത്രീന, പ്രിയംവദ, മോഹന, കാദംബരി എന്നീ കഥാപാത്രങ്ങളെല്ലാം ജീവത ത്തിൽ ശക്തിയുക്തം പ്രവർ ത്തി ക്കുന്നവരാണ്. അവർക്ക് അവരുടെ സ്വന്തം മനസ്സും ചിന്തയുമുണ്ട്. ആറ് വ്യത്യസ്ത കഥാപാത്രങ്ങളിലുപരി, സ്ത്രീകളുടെ ആറ് ജീവിതാവസ്ഥ കൾ, സാഹചര്യങ്ങളാണ് ഇവരിലൂടെ വെളിപ്പെടുന്നത്. ആറ് പ്രതീകങ്ങ ളായും ഇവരെ അപഗ്രഥിക്കുന്നതിൽ അപാകതയില്ല. അതെല്ലാം അന്വേഷ കർക്കും നിരൂപകർക്കും വിട്ടുകൊ ടുക്കാം. ഈ ആറു കഥാപാത്രങ്ങൾ ഒന്നിച്ചു വന്നപ്പോൾ അവർ തമ്മിൽ അദൃശ്യമായ ഒരു ബന്ധം പാര സ്പര്യം ഉള്ളതായി തോന്നി. എഴു തിക്കഴിഞ്ഞിട്ടും എന്നെ വിടാതെ പിന്തുടർന്ന് ഈ കഥാപാത്രങ്ങളെ ക്കുറിച്ച് വീണ്ടും എഴുതിയത്, ആന യിച്ചത് ഒരു ബാധയൊഴിപ്പിക്കൽ പോലെയാണെന്നു പറ യാം.

*? വിശ്വസാഹിത്യത്തിലെ താങ്കൾക്കിഷ്ടപ്പെട്ട സാഹിത്യകാ രന്മാർ, കൃതികൾ.*

പറയാൻ വിഷമമാണ്. അര നൂറ്റാണ്ടിലേറെക്കാലത്തെ വായനയിൽ മോഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്ത എത്രയോ മഹാരഥന്മാരുണ്ട്. എങ്കിലും സമകാലിക സാഹിത്യം മടുപ്പിക്കുമ്പോൾ പഴയ ക്ലാസിക്കുകളിലേക്ക് മടങ്ങിപ്പോകാറുണ്ട്. അങ്ങനെ ടോൾസ്റ്റോയിയും ദസ്തയേ വ്സ്കിയും വിക്ടർ യൂഗോവുമക്കെ ഇന്നും പ്രിയപ്പെട്ടവർ തന്നെ. *അന്നാകരെനീന കുറ്റവും ശിക്ഷയും, പാവങ്ങൾ, കരമസോവ് സഹോദരന്മാർ* അങ്ങനെ എത്രയെത്ര... *അന്നാ കരെനീന, മദാംബോവറി, വുതറിങ്, ഹൈറ്റ്സ്, ഗുഡ് എർത്ത്* തുടങ്ങിയ കൃതികളിലെ സ്ത്രീ കഥാപാത്രങ്ങൾ ഇന്നും മഹാ വിസ്മയങ്ങളല്ലേ!

*? പുനത്തിൽ കുഞ്ഞബ്ദുള്ളയുമായി ചേർന്നെഴുതിയ 'നവഗ്രഹങ്ങളുടെ തടവറ' എന്ന നോവലിനെക്കുറിച്ച്.*

വ്യത്യസ്ത ശൈലികളിൽ എഴുതുന്ന രണ്ടു സമകാലി കരുടെ ഈ കൂട്ടായ്മ രസകരമായൊരു അനുഭവമായിരു ന്നു. രചനാവേളയിൽ അറിയാതെ വന്നുകൂടിയ പരസ്പര പൂരണം ഹൃദ്യവുമായിരുന്നു. പക്ഷെ, കാലം തെറ്റിപ്പിറന്ന ഈ നോവൽ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ലെന്നു തോന്നു ന്നു. അത്യന്തികമായി നോക്കിയാൽ ഏതു സർഗാത്മകപ്ര വർത്തനത്തിലും സ്വകാര്യത ഒഴിവാക്കാനാവാത്ത ഘടകമാ ണെന്ന് പിന്നീട് തോന്നി.

*? പുതിയ രചന*

ചരിത്രപരമായ പ്രാധാന്യമുള്ള ഒരു നോവലിന്റെ പണി പ്പുരയിലാണെന്നു പറയാം. എന്റെ ജന്മനാടായ ചേന്ദമംഗ ലവും പരിസരവും പശ്ചാത്തലമാക്കി ഒരുക്കുന്ന ഒരു കൃതിയാണ്. തയാറെടുപ്പുകൾ ആവശ്യമുള്ള കൃതിയാണ്. ചരിത്രത്തിന്റെ പശ്ചാത്തലത്തിലാകുമ്പോൾ അത് അനി വാര്യം തന്നെ. പാലിയത്തച്ചന്റെ ചരിത്രം ഇതിൽ വരുന്നുണ്ട്. അക്കാലത്തെ സാമൂഹിക രാഷ്ട്രീയ ജീവിത സാഹചര്യങ്ങ ളിലേക്കുള്ള മടക്കയാത്രയായി കാണാം. ചരിത്രവും ഫിക്ഷനും എല്ലാം കൂടിച്ചേരുന്ന ഒരു കൃതി. അതാണ് ലക്ഷ്യം. ■

മനോജ് കുറൂർ

# കവിതയിൽ പെയ്ത മഴകൾ

മഴയെന്ന ചെറുവാക്കു കേട്ടാൽ മതി വലിയൊരു വെള്ളപ്പരപ്പിലേക്ക് ഇറങ്ങിനില്ക്കാൻ. പുറത്തു കാലവർഷം കൊമ്പു വിളിച്ചു തുടങ്ങി. കോട്ടയത്തിനടുത്ത് നട്ടാശ്ശേരി എന്ന ഗ്രാമത്തിൽ മീനച്ചിലാറും അതിന്റെ കൈവഴികളും മൂന്നു വശവും ചുറ്റുന്ന ചെറിയ ഉപദ്വീപിലിരുന്ന് മഴയെക്കുറിച്ചു സംസാരിക്കുമ്പോൾ ഒരാധികാരികതയൊക്കെ തോന്നും. വീടിനു പിന്നിലെ കുളം നിറഞ്ഞു തുടങ്ങി. വീടിനു കുറുകേ വഴിക്കു സമാന്തരമായി ഒഴുകിയിരുന്ന വരട്ടാർ എന്ന മുക്കാലും മറഞ്ഞുപോയിരുന്ന തോട് ഇപ്പോഴും ഞാനിവിടെയുണ്ട് എന്നോർമിപ്പിച്ചു തുടങ്ങി. മീനച്ചിലാറിന്റെ കൈവഴികൾക്കു വീണ്ടും ഉശിരുവന്നു തുടങ്ങി. കാലവർഷം കനത്താൽ നട്ടാശ്ശേരി പുഴകൾക്കിടയിൽ കുടുങ്ങിപ്പോയ ഒരു തടാകമായി മാറും. നാട്ടിലെ പല വീടുകളും കരയ്ക്കു കയറാനാവാതെ അരയറ്റം വെള്ളത്തിൽ കുളിച്ചു നില്ക്കും. വെള്ളപ്പൊക്കം കനത്താൽ വൈദ്യുതി നിലയ്ക്കും. ഒരാഴ്ചയോളമൊക്കെ ട്രാൻസ്ഫോർമർ ഓഫ് ചെയ്യും. പുറത്ത് ആർത്തു പെയ്യുന്ന മഴയും അകത്ത് കനത്ത ഇരുട്ടിലേക്കു നുഴഞ്ഞു കയറാൻ പാടുപെടുന്ന മെഴുകുതിരിവെളിച്ചവുമായി തടവിലായ ഒരു മത്സ്യകന്യകയെപ്പോലെ എന്റെ വീടും വിറങ്ങലിച്ചു നില്ക്കും. വഴികളിൽനിന്നൊഴിഞ്ഞ വണ്ടികൾക്കു പകരം വള്ളങ്ങളും ചങ്ങാടങ്ങളും സർവീസ് തുടങ്ങും. ഉരുൾപൊട്ടിയ ഒരു വെള്ളപ്പൊക്കക്കാലത്ത് ഒറ്റയ്ക്ക് ഒരു ചങ്ങാടത്തിൽ മീനച്ചിലാറ്റിലേക്കു കുതിക്കുന്ന വരട്ടാറിലൂടെ പാഞ്ഞുപോയതിന്റെ നടുക്കവും മഴയത്തു കണ്ണുമൂടുന്ന കനത്ത തുള്ളികൾക്കിടയിലൂടെ പുഴ മുറിച്ചു നീന്തുമ്പോൾ ഉള്ളിലുണ്ടാവുന്ന നിറവുമുൾപ്പെടെ എന്തെന്ത് അനുഭവങ്ങളാണ് ഒറ്റവാക്കിൽ വന്നു നിറയുന്നത്!

ഹൈസ്കൂൾ ക്ലാസ്സിലാണെന്നു തോന്നുന്നു വി. സി. ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപം പഠിച്ചത്. അതിൽ മഴ മറ്റെന്തിന്റെയെങ്കിലും രൂപകമാകുന്നില്ല. മഴയുടെ വിശദമായ വർണനയുമില്ല. തിങ്ങിപ്പൊങ്ങുന്ന ഇരുട്ടിൽ കടലിലൊരു കുടംപോലെ ഭൂചക്രവാളം മുങ്ങി, ഇളംകാറ്റുപോലും താനേ നിലച്ച ഒരു പാതിരാത്രിക്ക് തന്റെ പ്രിയപ്പെട്ടവളുടെ ചേതനയറ്റ ശരീരവും താങ്ങിയിരിക്കുന്ന ഒരു പുരുഷൻ. വലുതായുള്ള വർഷാനിശീഥത്തിൽ നീട്ടാനുംകൂടി വയ്യാതെരിയുമൊരു വിളക്കിന്റെ നേരിട്ടിരിക്കുകയാണ് അയാൾ. കവിത വായിച്ചപ്പോൾ അതിലെ അന്തരീക്ഷം മാത്രം മതിയായിരുന്നു ആ മനുഷ്യന്റെ അനുഭവം വേണ്ടപ്പെട്ട ഒരാളുടേതാവാൻ.

മരണവും മഴയും കവിതയിൽ ആവർത്തിച്ചു. വിലാപകാവ്യങ്ങളിൽ മരിച്ചയാളെച്ചൊല്ലിയുള്ള പ്രകൃതിയുടെ വിലാപമായി മഴ. കുമാരനാശാന്റെ പ്രരോദനത്തിൽ എ. ആർ. രാജരാജവർമ്മയുടെ മരണത്തിൽ മനംനൊന്ത് കേരളഭൂമി വൻ വൃഷ്ടിയാൽ കേണ് ഭുവനം കണ്ണീരിൽ മുക്കി. ചങ്ങമ്പുഴയുടെ രമണനിൽ ആദ്യം പെയ്ത പൂമഴ മാഞ്ഞപ്പോൾ മഴ മരണംതന്നെയായി.

> ഉയിരു പൊള്ളിക്കുമെന്തു തീച്ചൂളയാ-
> ണുയരുവതനുമാത്രമെൻ ചുറ്റുമായ്!
> മരണമേ, നീ ശമിപ്പിക്കുകൊന്നു നിൻ
> മഴ ചൊരിഞ്ഞതിൻ ധൂളികാപാളികൾ

എന്നാണ് രമണൻ മരണത്തോടാവശ്യപ്പെടുന്നത്. ഉയിരു പൊള്ളിക്കുന്ന തീച്ചൂളയുടെ ധൂളികാപാളികൾ ശമിപ്പിക്കാൻ മരണത്തിന്റെ മഴതന്നെ പെയ്യണം. മരണം, കരച്ചിൽ, കണ്ണുനീർ, മഴ എന്നിവ തമ്മിൽ കവിതയിൽ കൊടുക്കൽവാങ്ങലുകൾ ഏറെയുണ്ട്. വൈലോപ്പിള്ളിയുടെ മാമ്പഴത്തിൽ കുട്ടികളുടെ വസന്തകാലം അമ്മയുടെ വർഷകാലമായി മാറുന്നത് അങ്ങനെയാണ്.

> വാസന്തമഹോത്സവമാണവർക്കെന്നാലവൾ-
> ക്കാഹന്ത, കണ്ണീരിനാലന്ധമാം വർഷാകാലം

എന്നാണ് അമ്മയുടെ അനുഭവം. മരണത്തെയും മഴയെയും ചേർത്തു നിർത്തുന്ന ഈ അനുഭവപരിസരം പിന്നെയും പല കവിതകളിലും ആവർത്തിക്കുന്നുണ്ട്. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'യാത്രാമൊഴി'യിൽ തുലാവർഷരാവിന്റെ മച്ചറയിലാണ് പെങ്ങൾ ഒരാഗ്നേയനിർവൃതി നുണഞ്ഞതും ആറിന്റെ നെഞ്ചകം കീറിപ്പിളർന്നു മറകൊണ്ടതും. ഒരീറൻനിലാവ് അന്നു മിഴിപൊത്തിക്കരഞ്ഞു. പുതിയ കാലത്ത് റഫീക്ക് അഹമ്മദിന്റെ 'തോരാമഴയിൽ'വരെ മഴയുടെ മരണബന്ധം തുടരുന്നു. മരണത്തിനു ശേഷവുമുള്ള തോരാമഴയിൽ മകൾ നനയരുതെന്നാണ് ഉമ്മയുടെ മോഹം.

> വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
> പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
> പള്ളിപ്പറമ്പിൽ പുതുതായ് കുമിച്ചിട്ട
> മണ്ണട്ടിമേലേ നിവർത്തിവച്ചു.

ഉമ്മയുടെ ദുഃഖത്തിന്റെ പ്രതീകമായ തോരാമഴയെക്കാൾ ഇവിടെ നേരനുഭവമായി വരുന്ന തോരാമഴയാവും നമ്മെ കൂടുതൽ നനയിക്കുന്നത്.

കവിതയിൽ ഉപമയും രൂപകവും ഉത്പ്രേക്ഷയുമായി വരുന്ന മഴയുടെ പ്രതീ


ചങ്ങമ്പുഴ


വൈലോപ്പിള്ളി


പി. കുഞ്ഞിരാമൻ നായർ

കങ്ങളെപ്പറ്റി പറഞ്ഞാൽ തീരില്ല. മഴ എന്തിന്റെ പ്രതീകമാണ് എന്നതിനെക്കാൾ അത് എന്തിന്റെ പ്രതീകമല്ല എന്നാണു ചോദിക്കാൻ തോന്നുക. മഴ കാഴ്ചയാണ്, കേൾവിയാണ്; മണവും സ്പർശവുമാണ്. ഒപ്പം ഇവയുടെയൊക്കെ അസാന്നിധ്യവുമാകുന്ന തരത്തിൽ അമൂർത്തവുമാണ്. പിന്നെ മഴയെ കവികൾ വെറുതേ വിടുമോ? ഇടശ്ശേരി മഴയെക്കുറിച്ച് അധികം എഴുതിയിട്ടില്ല. എങ്കിലും പുതുമഴപോൽ ചുടുകണ്ണുനീർ പൊഴിച്ചാൾ (നിനക്കുവേണ്ടി) എന്ന മട്ടിലുള്ള ഉപമ അദ്ദേഹവും തുടരുന്നു.

നീലക്കാർകളേ മാമല തന്മേൽ
പേമാരി പെയ്തു കൊള്ളുവിൻ (ലവണാസുരവധത്തിലെ ഹനുമാൻ)

എന്നതിലെ ശരങ്ങളുടെ പേമാരി എന്ന കല്പനയും പഴയ കവിതകളിൽ സുലഭമാണെങ്കിലും ഹനുമാൻ മാമലയായും ലവകുശന്മാരുടെ അമ്പുകൾ മഴയായും മാറുന്നിടത്ത് മലയ്ക്കു മഴയോടുള്ളത് വാത്സല്യം കലർന്ന സഹനവുമൊക്കെയാകുന്നതിനാൽ ഈ കല്പനയുടെ താഴെയുള്ള കയ്യൊപ്പ് കവിയുടേതുതന്നെ. ഇടശ്ശേരിയുടെ 'കറുത്ത ചെട്ടിച്ചികൾ' എന്ന കവിതയിൽ മഴ ഒരു സാംസ്കാരികാനുഭവമാണ്. തമിഴ്- മലയാളദേശീയതകൾ തമ്മിലുള്ള കൊടുക്കൽ വാങ്ങലിനോട് അദ്ദേഹത്തിനുള്ള സ്നേഹം ഇവിടെ മാത്രമല്ല ഐക്യകേരളമെന്ന ആവേശം അലയടിച്ച കാലത്ത് ഒപ്പം വന്ന തമിഴ് വിരുദ്ധതയോടുള്ള വിപ്രതിപത്തിയായും തുടരുന്നുണ്ടല്ലൊ. കുഞ്ഞിരാമൻ നായരുടെ 'കാലവർഷം' എന്ന കവിതയിലും മഴ സാമൂഹികാനീതികൾ ഇല്ലായ്മ ചെയ്യാനുള്ള ഒറ്റമൂലിയായി പ്രത്യക്ഷപ്പെടുന്നുണ്ട്. മഴയില്ലാത്ത കാലത്തെപ്പറ്റി,

വാരുറ്റ വൈശാഖവർഷപൂരത്തിനു
കൂറയിടുന്നോരിടവമാസം
വിണ്ടുവരണ്ട മനസ്സുമായ് നില്ക്കുന്നു
വിത്തമില്ലാത്ത വരൻ കണക്കെ
എന്നാണു കവിയുടെ കല്പന.

മകീര്യം, തിരുവാതിര ഞാറ്റുവേലകളിൽ കുടിക്കാൻ പോലും വെള്ളമില്ലാതെ ഗതി മുട്ടിയപ്പോൾ മിഥുനമാസത്തിൽ പെയ്ത മഴയാണല്ലൊ അദ്ദേഹത്തിന്റെ കാലവർഷമേ നന്ദി എന്ന കവിത.

ഇക്കൊടുംവറുതിച്ചൂടി-
ലിന്നീ- മിഥുനരാത്രിയിൽ
നീ തന്ന മുത്തുമാലയ്ക്കു
കൂപ്പുകൈ കാലവർഷമേ!

എന്ന് അദ്ദേഹം മഴയെ മുത്തുമാലയായി കോർത്തെടുക്കുന്നു.



റഫീക്ക് അഹമ്മദ്



ബാലചന്ദ്രൻ ചുള്ളിക്കാട്

മഴക്കാലത്തെയും മഴയില്ലാക്കാലത്തെയും അയ്യപ്പപ്പണിക്കരും കവിതയാക്കുന്നുണ്ട്.

ദക്ഷിണപശ്ചിമകാലവർഷമോ
ദിക്കുകളെട്ടിൽ പഞ്ചാരിമേളമോ
തുംഗമതംഗതുരംഗമേഘമോ
പെയ്തു പെയ്തു മഴ പെയ്തു വരുംനീ
മഴ മഴ മഴ പെയ്തു വരും നീ (ഒരു മഴ പെയ്തു)

എന്ന് മഴയുടെ നാദഘോഷം കേട്ട കവി

പ്രസവലീവെടുത്തും കൊ-
ണ്ടകലെപ്പോയ് ഹേമന്തം (ഋതുവിലാസം)

എന്നാണ് മഴയില്ലാക്കാലത്തെപ്പറ്റി പറയുന്നത്.

കടമ്മനിട്ടയുടെ 'മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു' എന്ന കവിത നാട്ടുചൊല്ലുകളിലൂടെ സാമൂഹികമായ അസംബന്ധങ്ങളുടെ ഘോഷയാത്രയൊരുക്കുന്നു. സച്ചിദാനന്ദൻ ചരിത്രം എന്ന കവിതയിൽ ആധുനികമലയാളകവിതാചരിത്രത്തെത്തന്നെ ഓരോ ദശകത്തിലും ഓരോ നിറത്തിൽ പെയ്ത മഴയായാണ് അടയാളപ്പെടുത്തുന്നത്. ഇങ്ങനെയൊക്കെ മഴ ഓരോ കാലത്തും സാമൂഹിക-സാംസ്കാരിക-ചരിത്രങ്ങളുടെ പുറത്തിണയായിട്ടുണ്ട്.

മഴ വൈയക്തികാനുഭവമായി നിറയുന്ന കവിതകളുമുണ്ട്. യുവതിയായ ഭ്രാന്തിയായും ആശ്വാസവാക്കുമായെത്തുന്ന പ്രിയജനമായും പ്രേമസാക്ഷിയായും ദുഃഖസാക്ഷിയായുമൊക്കെ പകർന്നാടി ഒടുവിൽ താൻ തന്നെയാകുന്ന രാത്രിമഴയെ സുഗതകുമാരി അവതരിപ്പിക്കുന്നുണ്ടല്ലൊ.

I am alone with rickety materials,
the rain falls on me,
and it is like me,
it is like me in its raving, alone in the dead world,
repulsed as it falls,
and with no persistent form (Weak with the Dawn)

എന്നു മറ്റൊരു സന്ദർഭത്തിൽ പാബ്ലോ നെരൂദയും എഴുതിയിട്ടുണ്ട്.

ഇങ്ങനെ മഴയുടെ നാനാർത്ഥങ്ങളും അനുഭവവൈവിധ്യവും ഉള്ളിലുള്ളതുകൊണ്ടാവാം,

മഴക്കാലമാണ്,
മനസ്സാലെ നമ്മൾ
നിനയ്ക്കാത്തതെല്ലാം
കൊടുങ്കാറ്റുപോലെ
വരും കാലമാണ് (മഴക്കാലം)

എന്ന് അൻവർ അലി എഴുതിയപ്പോൾ ഇനിയും വരാനിരിക്കുന്നതെന്തെന്ന ആകാംക്ഷ തോന്നിയത്. ഒരു മഴയും ഞാൻ നേരേ നനഞ്ഞില്ല എന്ന പി. രാമന്റെ വരിയിലും കവിതയിൽ ഇതുവരെയറിഞ്ഞ മഴകളുടെ മുഴങ്ങുന്ന പശ്ചാത്തലമുണ്ട്.

കവിതയിൽ ഇനി മഴ പെയ്യാനുള്ള സാധ്യതയുണ്ടോ? ഉണ്ടെങ്കിലും അതിന് ഇതുവരെ പെയ്ത മഴകളുടെ സ്വഭാവമാകുമോ? ആവാൻ വഴിയില്ലെന്നു തോന്നുന്നു. എന്റെ വീടിനു മുന്നിലെ വരട്ടാർ മഴക്കാലത്തു മാത്രം തെളിയുന്ന ഓർമയാണല്ലൊ. ഓ, മറന്നു. വലിയൊരു വെള്ളപ്പൊക്കംതന്നെ കണ്ടിട്ട് കുറേക്കാലമായി. പുറത്തു മഴ നിലച്ചു തുടങ്ങി. ഇതെഴുതുമ്പോൾ ഞാൻ കുട്ടിക്കാലത്തായിരുന്നു. ■



# അക്ഷരനഗരി ഇനി ചിത്രനഗരം




സമ്പൂർണ സാക്ഷരതയുടെ മികവുമായി നേരത്തെ ചരിത്രത്തിൽ ഇടം നേടിയ കോട്ടയം ഇപ്പോൾ രാജ്യത്തെ ആദ്യത്തെ ചുവർ ചിത്രനഗരമെന്ന നിലയിൽ ലോക സാംസ്കാരിക ഭൂപടത്തിൽ നിർണായക സ്ഥാനം കൈവരിച്ചിരിക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. മെയ് 13ന് ആരംഭിച്ച ചിത്രരചനാ ക്യാമ്പിൽ വിദേശരാജ്യങ്ങളിൽനിന്ന് ഉൾപ്പെടെയുള്ള മുന്നൂറോളം ചിത്രകാരൻമാർ വിവിധ കേന്ദ്രങ്ങളിലെ ചുവരുക



കോട്ടയം ചുമർചിത്രനഗരമായി പ്രഖ്യാപിക്കുന്നതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു

ളിലായി ആകെ 13000 ചതുരശ്ര അടി വിസ്തീർണമുള്ള പ്രതലത്തിൽ നൂറോളം ചിത്രങ്ങളാണ് വരച്ചിട്ടുള്ളത്. മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ചതിനു പിന്നാലെ അക്ഷരനഗരമായ കോട്ടയം ചുവർചിത്രനഗരമായി പ്രഖ്യാപിക്കപ്പെടുന്നത് സംസ്ഥാനത്തിനും രാജ്യത്തിനും അഭിമാനം പകരുന്ന നേട്ടമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


ചുവർചിത്രനഗരിപദവിയിലൂടെ രാജ്യാന്തരതലത്തിൽ കൂടുതൽ ശ്രദ്ധപിടിച്ചുപറ്റാൻ കോട്ടയത്തിന് കഴിയുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. അക്ഷരനഗരിയുടെ മുഖഛായ മാറ്റിയ ക്യാമ്പാണ് ഇവിടെ നടന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ചിത്രകാരൻമാർ പങ്കെടുത്ത ഇത്തരമൊരു പരിപാടി അത്യപൂർവമാകാം. അവരുടെ സംഭാവന











നഗരത്തിന് ഒരിക്കലും വിസ്മരിക്കാനാവില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോട്ടയത്തിന് എന്നും അഭിമാനത്തിന് വക നൽകുന്ന ചുവർചിത്രങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഇളംതലമുറകൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ കോട്ടയം നിവാസികൾ പരിശ്രമിക്കണമെന്ന് ചടങ്ങിൽ സംബന്ധിച്ച ആഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർദേശിച്ചു.

കേവലം പ്രദർശന വസ്തുക്കൾ എന്നതിലുപരിയായി ചുവർചിത്രങ്ങളുടെ വിശാദംശങ്ങളും അവയിൽ ഉൾക്കൊള്ളുന്ന കഥകളും കുട്ടികൾക്ക് വിശദമാക്കിക്കൊടുത്താൽ അവർക്ക് ചിത്രങ്ങളോടുള്ള താത്പര്യം വർധിക്കുമെന്ന് ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തിയ ചലച്ചിത്ര നടൻ മധു നിർദേശിച്ചു.

ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച കോട്ടയം ജില്ലാ ചുവർചിത്ര പുസ്തകം നടൻ മധുവിനു നൽകി മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രകാശനം ചെയ്തു. ചിത്രകലാ ക്യാമ്പിനോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച ബുള്ളറ്റിന്റെ പ്രകാശനം ജോസ് കെ. മാണി എം.പിക്ക് നൽകി അദ്ദേഹം നിർവഹിച്ചു.

ബിജുലാൽ വരച്ച മ്യൂറൽ ചിത്രം നടൻ മധു മുഖ്യമന്ത്രിക്ക് സമ്മാനിച്ചു. ക്യാമ്പിൽ പങ്കെടുത്ത വിദേശ കലാകാരന്മാരെയും ക്യാമ്പിന് നേതൃത്വം നൽകിയവരെയും മുഖ്യമന്ത്രി ആദരിച്ചു. തിരുനക്കര മൈതാനത്തിന്റെ കവാടത്തിലും മുനിസിപ്പാലിറ്റി മന്ദിരത്തിലും ചിത്രങ്ങൾ വരച്ചവർക്ക് മുനിസിപ്പാലിറ്റിയുടെ ഉപഹാരം മുഖ്യമന്ത്രി സമ്മാനിച്ചു.

കേരള കലാമണ്ഡലം കൽപ്പിത സർവകലാശാല വൈസ് ചാൻസലർ പി.എൻ. സുരേഷ്, ജില്ലാ കളക്ടർ മിനി ആന്റണി, മുനിസിപ്പൽ ചെയർമാൻ എം.പി. സന്തോഷ് കുമാർ, ജില്ലാ പഞ്ചായത്ത് ആക്ടിങ് പ്രസിഡന്റ് ബീനാ ബിനു, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ, ലളിതകലാ അക്കാദമി ചെയർമാൻ കെ.എ. ഫ്രാൻസിസ്, സെക്രട്ടറി ശ്രീമൂലനഗരം മോഹനൻ, വൈസ് ചെയർമാൻ പ്രൊഫ. കാട്ടൂർ നാരായണൻ പിള്ള, ചീഫ് കോ -ഓർഡിനേറ്റർ കെ.യു. കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

ശ്രേഷ്ഠഭാഷയായി പ്രഖ്യാപിക്കപ്പെട്ട മലയാളത്തിലെ എല്ലാ അക്ഷരങ്ങളും തെളിഞ്ഞുനിൽക്കുന്ന മരത്തിന്റെ ചിത്രം കോട്ടയം കളക്ട്രേറ്റിലെ സന്ദർശകരുടെ ശ്രദ്ധയാകർഷിക്കുന്നു. കളക്ട്രേറ്റിന്റെ പ്രവേശനകവാടത്തിന്റെ വലത്തേ ഭിത്തിയിൽലാണ് ഈ ചിത്രം.

കളക്ട്രേറ്റിലെ ചുമരുകളിലെല്ലാം വർണചിത്രങ്ങൾ നിറഞ്ഞിട്ടുണ്ട്. ഇവിടെ വന്നുപോകുന്ന സാധാരണക്കാരെയും കലാസ്വാദകരാക്കി മാറ്റാൻ ഇത് സഹായകമാകും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കലാകാരന്മാരാണ് ലളിതകലാ അക്കാദമിയുടെ ചുവർചിത്രരചനാക്യാമ്പിൽ പങ്കെടുത്തത്. മറ്റ് ചുമർചിത്ര നഗരികളിൽനിന്ന് വിഭിന്നമായി രാജ്യത്തും വിദേശത്തും ഇന്ന് പ്രചാരത്തിലുള്ള രചനാശൈലികളിലും മാധ്യമങ്ങളിലുമുള്ള ചിത്രങ്ങൾ കോട്ടയത്തുണ്ട്.

ഇന്ത്യൻ ചിത്രകലാ പാരമ്പര്യത്തിലെ ആദിവാസി ഗോത്ര ചിത്രകല, പാരമ്പര്യ ചുമർചിത്രകല, സമകാലീന ചുമർ ചിത്രകല എന്നിവയുടെയെല്ലാം മനോഹര മാതൃകകളാണ് കളക്ട്രേറ്റിൽ വരച്ചിരിക്കുന്നത്. ഇവിടെ എത്തുന്നവരെ ഗേറ്റിനു സമീപം വരവേൽക്കുന്നത് കാനഡയിലെ ഒട്ടാവ സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ ജെന്നിഫർ മക്കെല്ലം, ജർമനിയിൽ നിന്നുള്ള പ്രശസ്ത ചിത്രകാരി കൊർണേലിന മാർട്ടിനസ് എന്നിവരുടെ സൃഷ്ടികളാണ്.

കളക്ട്രേറ്റ് കവാടത്തിൽ സുരേഷ് മുതുകുളവും സംഘവും കേരളീയ ചുവർചിത്ര ശൈലിയിൽ വരച്ച മനോഹര ചിത്രങ്ങളുണ്ട്. പുറംവരാന്തയിൽ രാജസ്ഥാനിൽ നിന്നുള്ള ചിത്രകാരന്മാർ ജയ്പൂർ, ഉദയ്പൂർ, കിഷൻഗഡ് ശൈലികളിൽ രചന നടത്തിയിരിക്കുന്നു. സർജന്റ് റൂം പരിസരം സമകാലീന ചിത്രചുവരായി മാറിക്കഴിഞ്ഞു. ബറോഡ എം.എസ്. സർവകലാശാലയിലെ പ്രൊഫ. ശശിധരന്റെ നേതൃത്വത്തിലാണ് ഇവിടെ ചിത്രരചന നടത്തുന്നത്.

മണ്ഡപസമാനമായ ചിത്രതലമാണ് താഴത്തെ നിലയുടെ നടുഭാഗത്തായി ഒരുങ്ങിയിരിക്കുന്നത്. മാവോഷ്, രമേഷ്‌രാജ് (തഞ്ചാവൂർ) എന്നിവർ നായ്ക്ക് ശൈലിയിലും മൈസൂരിൽ നിന്നുള്ള രവീഷ് മൈസൂർ ശൈലിയിലും പവൻകുമാർ കുമാവത്ത് ജയ്പൂർ ശൈലിയിലും ചിത്രങ്ങൾ വരച്ചിരിക്കുന്നു.

കാത്തിരിപ്പ് മുറിയിൽ ബനാറസ് ഹിന്ദു സർവകലാശാലയിലെ പ്രൊഫസർ സത്യേന്ദ്ര ബൗണിയുടെയും സന്തോഷ് കുമാർ സിങ്ങിന്റെയും ചിത്രങ്ങളാണ്. കോണിപ്പടിയുടെ ചുവരിന്റെ ഇരുവശത്തും ഭോപ്പാലിൽ നിന്നുള്ള ഗോണ്ട് ആദിവാസി ചിത്രകാരന്മാരായ രാംസിങ് ഉർവേദി, ഗരീബ് സിങ് ടിക്കാം എന്നിവർ വരച്ച ചിത്രങ്ങളും രാജസ്ഥാനിൽ നിന്നുള്ള കല്യാൺ സിങ്ങ് ജോഷിയുടെ ആനപ്പുറത്ത് എഴുന്നള്ളുന്ന രാജാവിന്റെ ചിത്രവും അനേകരുടെ ശ്രദ്ധയാകർഷിക്കുന്നു.

ശലഭോദ്യാനത്തിൽ പ്രത്യേകം തയാറാക്കിയ ചുമരിൽ കടപ്പാ സർവകലാശാലയിലെ അധ്യാപകനായ ജയ് വിജയ് ശ്രീധറിന്റെ റിലീഫ് ചിത്രമുണ്ട്. കളക്ട്രേറ്റിന്റെ രണ്ടാം നിലയിൽ കൊറിയൻ ചിത്രകാരികളായ ജം ചായ് ഹിയും ഓ ഹും ജോയും ചിത്രം വരച്ചു.

മഹാപ്രളയത്തിൽനിന്ന് രക്ഷപ്പെടുന്നതിന് നോഹ തയാറാക്കിയതായി ബൈബിളിൽ പരാമർശിക്കപ്പെടുന്ന പെട്ടകം തെള്ളകം പുഷ്പഗിരി പള്ളിപ്പരിസരത്തെ ചുമരിൽ പുനർജനിച്ചതോടെ ചുവർചിത്ര കലാചരിത്രത്തിലെ അപൂർവമായ മറ്റൊരു നേട്ടംകൂടി കോട്ടയത്തിന് സ്വന്തമായി. കേരള ലളിതകലാ അക്കാദമിയുടെ അന്താരാഷ്ട്ര ചുമർചിത്ര ക്യാമ്പിൽ പങ്കെടുത്ത മുന്നൂറോളം കലാകാരൻമാരും കലാകാരികളുമാണ് മൂവായിരം ചതുരശ്ര അടി വിസ്തീർണമുള്ള ചുമരിൽ മൂന്നു മണിക്കൂർകൊണ്ട് നോഹയുടെ പെട്ടകത്തിലെ ജീവജാലങ്ങളെയും മനുഷ്യരെയും വരച്ചുചേർത്തത്.

ജില്ലാ പഞ്ചായത്ത് ഓഫീസിനു മുന്നിലുള്ള മഴവെള്ള സംഭരണിയുടെ പുറത്ത് ഒരുങ്ങുന്ന ജലത്തെയും സംഗീതത്തെയും അടിസ്ഥാനമാക്കിയുള്ള സിമന്റ് റിലീഫ് വർക്കും ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ബനാറസ് ഹിന്ദു സർവകശാലയിലെ പ്രഫ. സുരേഷ് കെ. നായരും സംഘവുമാണ് ഇത് തയാറാക്കിയത്.

ജില്ലാ പഞ്ചായത്തിന്റെ താഴത്തെ നിലയിലും മുകളിലേക്കുള്ള പടികൾക്കു സമീപവും മണിമാല ചിത്രാകർ (മേദിനിപ്പൂർ, പശ്ചിമ ബംഗാൾ), പ്രഹ്ളാദ് മഹാറാണ(പുരി, ഒറീസ), വിപിൻ വർമ(ഭോപ്പാൽ), പ്രീതി സംയുക്ത, അങ്കിത ജയൻ (ഹൈദരാബാദ്) തുടങ്ങിയവരുടെ ചിത്രങ്ങളായിരിക്കും.

തൃശൂർ സ്വദേശി അനൂപ് ഗോപിയുടെ നേതൃത്വത്തിൽ കൊൽക്കത്ത ശാന്തിനികേതനിൽനിന്നുള്ള ചിത്രകാരൻമാർ ജില്ലാ പഞ്ചായത്ത് മന്ദിരത്തിലെ പുതിയ കോൺഫറൻസ് ഹാളിന്റെ ചുമരിലാണ് ചിത്രങ്ങൾ സൃഷ്ടിച്ചത്.

## കോട്ടയത്തെ ചുവർചിത്രങ്ങൾ സംരക്ഷിക്കാൻ സംവിധാനം

രാജ്യാന്തര ചുമർചിത്രകലാ ക്യാമ്പിന്റെ ഭാഗമായി കോട്ടയം നഗരത്തിൽ വരച്ചിട്ടുള്ള ചിത്രങ്ങൾ സംരക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയതായി ലളിതകലാ അക്കാദമി ചെയർമാൻ കെ.എ. ഫ്രാൻസിസ് പറഞ്ഞു. ജില്ലാ കളക്ടർ ചെയർമാനായുള്ള സമിതിയായിരിക്കും ഈ ചുമതല നിർവഹിക്കുക. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പോലീസ് സൂപ്രണ്ട്, മുനിസിപ്പൽ ചെയർമാൻ, ലളിതകലാ അക്കാദമി ചെയർമാൻ എന്നിവർ സമിതിയിൽ അംഗങ്ങളായിരിക്കും.

ചിത്രങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ വൈകാതെ പരിഹരിക്കുന്നതിന് ഏഴംഗ സാങ്കേതിക സമിതിക്കും രൂപം നൽകിയിട്ടുണ്ട്. ചിത്രങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അതെക്കുറിച്ച് വിവരം നൽകുന്നതിന് ടോൾഫ്രീ ടെലിഫോൺ നമ്പർ സംവിധാനം ഏർപ്പെടുത്തുമെന്നും കെ.എ. ഫ്രാൻസീസ് പറഞ്ഞു. ■



■ കെ. ബാബു
തുറമുഖ മന്ത്രി

# വിഴിഞ്ഞം പദ്ധതി: യാഥാർഥ്യം എന്ത് ?

## വിഴിഞ്ഞം പദ്ധതി സംബന്ധിച്ച ദുഷ്പ്രചരണങ്ങൾ അടിസ്ഥാനരഹിതമാണ്

യുഡി.എഫ്. സർക്കാർ ഫ്ളാഗ്ഷിപ് പദ്ധതികളിൽ പ്രഖ്യാപിക്കപ്പെട്ടവയിൽ ഒന്നായ വിഴിഞ്ഞം അന്താരാഷ്ട്ര വിവിധോദ്ദേശ്യ ആഴക്കടൽ തുറമുഖ പദ്ധതിയുടെ നടത്തിപ്പ് സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ശക്തമായ എല്ലാ നടപടികളും ഇതിനകം സർക്കാർ സ്വീകരിച്ചിട്ടുണ്ടെങ്കിലും മറിച്ചുള്ള പ്രചരണങ്ങൾ നടക്കുന്നതിനാലാണ് ഈ കുറിപ്പ്. വിഴിഞ്ഞം പദ്ധതിയെ അട്ടിമറിക്കാനാണ് ഒരു വിഭാഗത്തിന്റെ ശ്രമം. ഇക്കൂട്ടരുടെ വികാരപരമായ പ്രതികരണങ്ങൾ പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങളെ സാരമായി ബാധിക്കും. ഇപ്പോൾ പ്രതികരിക്കുന്നവർ കഴിഞ്ഞകാലങ്ങളിൽ പ്രായോഗികമായി ഈ പദ്ധതിക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലെന്നതാണ് സത്യം.

### വികസന മാതൃകയിൽ മാറ്റമില്ല

ലാൻഡ് ലോർഡ് മോഡൽ മാതൃകയിൽ, അതായത് പോർട്ടിന്റെ അടിസ്ഥാന സൗകര്യ വികസനം സർക്കാരിന്റെ ചുമതലയിലും സൂപ്പർ സ്ട്രക്ച്ചറും തുറമുഖ നടത്തിപ്പും സ്വകാര്യസംരംഭകരും ഏറ്റെടുക്കുന്ന പദ്ധതിയുടെ വികസന മാതൃകയിൽ ഒരു മാറ്റവും വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടില്ല. ഈ വികസന മോഡൽ നിലനിർത്തിക്കൊണ്ടുതന്നെ കേന്ദ്രത്തിൽ നിന്നും Viability Gap Funding ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നുണ്ട് എന്നുമാത്രം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിൽ നിന്നും Viability Gap Funding ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നതിന്റെ തുടർച്ചയായാണ് ഇപ്പോഴത്തെ ഈ ശ്രമം.

ലാൻഡ് ലോർഡ് മാതൃകയൽ സ്വീകരിച്ചുകഴിഞ്ഞാൽ സർക്കാർ ആദ്യമായി ചെയ്യേണ്ടത് പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള ആദ്യപടിയായ ടേംസ് ഓഫ് റഫറൻസ് (TOR) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും അംഗീകരിച്ചു വാങ്ങുകയെന്നുള്ളതാണ്. ഇതിനുശേഷം എല്ലാ ഋതുക്കളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പാരിസ്ഥിതിക പഠനം നടത്തണം. ഈ സർക്കാർ അധികാരം ഏറ്റെടുത്തശേഷം മാത്രമാണ് പദ്ധതിയുടെ പാരിസ്ഥിതിക പഠനത്തിനുവേണ്ടിയുള്ള TOR 2011 ജൂലൈയിൽ കേന്ദ്രത്തിൽ നിന്നും അംഗീകരിച്ചു വാങ്ങിയതും തുടർ നടപടികൾ ആരംഭിച്ചതും.

### കാലാനുസൃതമായ രൂപരേഖ

അന്താരാഷ്ട്ര തുറമുഖ ചാനലിനോട് ചേർന്നുകിടക്കുന്ന വിഴിഞ്ഞത്ത് ഏറ്റവും ആധുനികമായ മദർ വെസലുകൾ അടുപ്പിക്കുന്നതിനുള്ള രൂപരേഖയാണ് അത്യാവശ്യം. ഇതനുസരിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തയാറാക്കിയ 9000 ടി.ഇ.യു ശേഷിയുള്ള കപ്പലുകൾ അടുപ്പിക്കത്തക്ക വിധത്തിൽ തയാറാക്കിയ രൂപരേഖ, 2014 ൽ മാത്രം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിക്കുന്ന 18000 ടി.ഇ.യു വെസലുകൾ

അടുപ്പിക്കാൻ സാധിക്കുന്ന രീതിയിൽ മാറ്റിയിട്ടുണ്ട്. രണ്ടു മീറ്റർ ആഴമുള്ള വിഴിഞ്ഞത്ത് അന്താരാഷ്ട്ര തുറമുഖ ചാനലിൽക്കൂടി മാത്രം സഞ്ചരിക്കുന്ന ഇത്തരം കപ്പലുകൾ അടുപ്പിക്കുവാനുള്ള സൗകര്യം ഇല്ലാതുള്ള മാസ്റ്റർ പ്ലാനിന് ഒരു പ്രസക്തിയുമില്ല. പുതിയ രൂപരേഖയിൽ ടൂറിസം വികസനത്തിനായി ഒരു ക്രൂയിസ് ടെർമിനലും മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി ഫിഷ് ലാൻഡിങ് സെന്ററും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതിക്കുവേണ്ടിയുള്ള വിശദമായ ഡി.പി. ആറും സാമൂഹിക സാമ്പത്തികാഘാത പഠനവും നടത്തിക്കഴിഞ്ഞു. ഇവയെല്ലാം തന്നെ പാരിസ്ഥിതിക പഠന റിപ്പോർട്ടിനോടൊപ്പം പൊതുജനങ്ങളുടെ അറിവിലേക്കായി സമർപ്പിക്കുന്നതാണ്.

## ഇന്ത്യൻ നേവിക്കും കോസ്റ്റ് ഗാർഡിനും സൗകര്യം

വിഴിഞ്ഞം നിർദിഷ്ട തുറമുഖത്തിൽ ഇന്ത്യൻ നേവിക്കും ഇന്ത്യൻ കോസ്റ്റ് ഗാർഡിനും സൗകര്യമൊരുക്കും. ഇന്ത്യയിലെ വളരെ തന്ത്രപ്രധാനമായിട്ടുള്ള പ്രദേശമായതിനാൽ നിർദിഷ്ട വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ സൗകര്യം ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ നേവിയും ഇന്ത്യൻ കോസ്റ്റ് ഗാർഡും സംസ്ഥാന സർക്കാരിന് കത്ത് അയച്ചതിൻപ്രകാരം ഇന്ത്യൻ നേവിക്ക് 500 മീറ്റർ ബർത്തും ഇന്ത്യൻ കോസ്റ്റ് ഗാർഡിന് 120 മീറ്റർ ബർത്തും അതിനോടനുബന്ധിച്ചുള്ള മറ്റ് സൗകര്യങ്ങളും കോസ്റ്റ് ഷെയറിങ് പ്രകാരം നൽകുവാൻ തയാറാണെന്ന് സർക്കാർ അവരെ അറിയിച്ചിട്ടുണ്ട്. ഇന്ത്യൻ ആർമിയുടെ ഏക ആംഫിബിയസ് ബ്രിഗേഡ് തിരുവനന്തപുരത്തു മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ആയതിനാൽ നിർദിഷ്ട വിഴിഞ്ഞം തുറമുഖം ഇന്ത്യൻ ആർമിയുടെയും നേവിയുടെയും സംയുക്ത ഓപ്പറേഷൻസ് ഉപയുക്തമാകുന്നതാണ്. ഇതിന്റെ ചർച്ചകൾ നടക്കുന്നുണ്ട്. ഇതിനുള്ള അംഗീകാരം താമസിയാതെ ലഭിക്കും.

> വിഴിഞ്ഞം തുറമുഖത്തിലെ വാണിജ്യസംബന്ധമായ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിലാണ് ഇന്ത്യൻ നേവിക്കും ഇന്ത്യൻ കോസ്റ്റ് ഗാർഡിനും സൗകര്യം ഒരുക്കുക. ഇന്ത്യൻ നേവിയുടെയും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെയും പദ്ധതിയിലുള്ള പങ്കാളിത്തം, വിഴിഞ്ഞം തുറമുഖ പദ്ധതിയെ ഒരു പുതിയ തലത്തിലേക്ക് എത്തിക്കും.

വിഴിഞ്ഞം തുറമുഖത്തിലെ വാണിജ്യസംബന്ധമായ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിലാണ് ഇന്ത്യൻ നേവിക്കും ഇന്ത്യൻ കോസ്റ്റ് ഗാർഡിനും സൗകര്യം ഒരുക്കുക. ഇന്ത്യൻ നേവിയുടെയും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെയും പദ്ധതിയിലുള്ള പങ്കാളിത്തം, വിഴിഞ്ഞം തുറമുഖ പദ്ധതിയെ ഒരു പുതിയ തലത്തിലേക്ക് എത്തിക്കും.

## ഭൂമി ഏറ്റെടുക്കൽ

ഭൂമി ഏറ്റെടുക്കലിനു, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെടുത്തി മുൻഗണന നിശ്ചയിക്കുകയും ഇതനുസരിച്ച് തുറമുഖ നിർമാണത്തിന് ഏറ്റവും അത്യന്താപേക്ഷമായ ബാക്കപ്പ്, ട്രക്ക് ടെർമിനൽ, റോഡ് കണക്ടിവിറ്റി എന്നിവയുടെ 98 ശതമാനം സ്ഥലം ഈ സർക്കാർ ഏറ്റെടുക്കുകയും ചെയ്തു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 34 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിരുന്നത്. ഇതിനു പുറമെ പുതിയ സർക്കാർ ഇതുവരെ 81 ഏക്കർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. കോട്ടുകാലിലുള്ള ഭൂമി വെയർഹൗസിങ്ങിനായി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

## സർക്കാരിൽ നിന്നും പദ്ധതിക്കുള്ള ധനസഹായം

സംസ്ഥാന സർക്കാർ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 410 കോടി രൂപ തുറമുഖ പദ്ധതിക്ക് നൽകിക്കഴിഞ്ഞു. മുൻ സർക്കാർ ആകെ നൽകിയിരുന്ന തുക 207 കോടി രൂപയാണ്.

## ധനസമാഹരണം

മുൻ സർക്കാരിന്റെ കാലത്ത് പദ്ധതിയുടെ ധനസമാഹരണത്തിനായി 2011 ഫെബ്രുവരിയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി ധാരണാപത്രം ഒപ്പിട്ടു. എസ്.ബി.ടി. കൺസോർഷ്യം ആകെ 150 കോടി രൂപ പദ്ധതിക്ക് നൽകുമെന്ന് തത്ത്വത്തിൽ അംഗീകാരം ലഭ്യമാക്കിയിരുന്നു. ഇപ്പോഴത്തെ സർക്കാർ പദ്ധതിയുടെ ചെലവ് പുനർനിർണയിച്ച് ധനസമാഹരണത്തിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി. എസ്. ബി. ടി. കൺസോർഷ്യത്തിൽ നിന്നും 300 കോടിയും ഹഡ്കോയിൽ നിന്നും 500 കോടിയും ഇന്ത്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ്




വിഴിഞ്ഞം പദ്ധതിയുടെ പാരിസ്ഥിതിക പഠനറിപ്പോർട്ടും ഇന്റർഗ്രേറ്റഡ് മാസ്റ്റർ റിപ്പോർട്ടും മന്ത്രി കെ. ബാബു മുഖ്യമന്ത്രിക്ക് കൈമാറുന്നു



**മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന വിഴിഞ്ഞം തുറമുഖ ബോർഡ് യോഗം**

കമ്പനി ലിമിറ്റഡിൽ (ഐ.ഐ.എഫ്.സി.എൽ.) നിന്നും 300 കോടിയും ലഭിക്കുന്നതിനുള്ള അംഗീകാരവും ലഭ്യമാക്കി. 800 കോടി രൂപ സർക്കാർ ബോണ്ടായി ഇറക്കുന്നതിനുള്ള റേറ്റിങ് പൂർത്തിയാക്കിക്കഴിഞ്ഞു. പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം തുക ലഭ്യമാകും.

## പദ്ധതിക്കാവശ്യമായ ജലം, വൈദ്യുതി, റെയിൽ, റോഡ് സംവിധാനങ്ങൾ

പദ്ധതിക്കാവശ്യമായ ജലം എത്തിക്കുന്നതിനുള്ള നിർമാണ പ്രവർത്തനങ്ങൾ ഈ സർക്കാർ ഇതിനകം തന്നെ പൂർത്തിയാക്കിക്കഴിഞ്ഞു. 3.3 എം.എൽ.ഡി. ശേഷിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി പദ്ധതി പ്രദേശത്തേക്കുള്ള കുടിവെള്ള വിതരണത്തിന്റെയും ഉദ്ഘാടനം മുഖ്യമന്ത്രി 2013 ഏപ്രിൽ 25 ന് നിർവഹിച്ചു. പദ്ധതിക്കാവശ്യമായ വൈദ്യുതി കാട്ടാക്കട സബ്സ്റ്റേഷനിൽ എത്തിക്കുന്നതിനുള്ള ടെൻഡർ നടപടികൾ കെ.എസ്.ഇ.ബി. പൂർത്തിയാക്കി. ഇവയുടെ പണി ഉടനെ ആരംഭിക്കാനുള്ള നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. പദ്ധതിക്കുള്ള താത്കാലിക റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. പദ്ധതിക്കാവശ്യമായ റെയിൽവെ ലൈൻ കേന്ദ്ര സർക്കാരിന്റെ ലാസ്റ്റ് മെയിൽ കണക്ടിവിറ്റിയിലുൾപ്പെടുത്തി കേന്ദ്ര റെയിൽവെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ സർവെ പ്രവർത്തനങ്ങൾ ഇതിനകം പൂർത്തിയായിക്കഴിഞ്ഞു.

## വിഴിഞ്ഞം തുറമുഖം മത്സരിക്കുന്നത് കൊളംബൊ തുറമുഖവുമായി

അന്താരാഷ്ട്ര തുറമുഖ ചാനലിൽ 18000 ടി.ഇ.യു ശേഷിയുള്ള വെസലുകൾ അടുപ്പിക്കാനുള്ള സൗകര്യത്തോടുകൂടി ട്രാൻസ്ഷിപ്മെന്റ് ഹബ്ബായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി മത്സരിക്കേണ്ടത്, കൊളംബോ തുറമുഖവുമായി മാത്രമാണ്. അല്ലാതെ ചിലർ പ്രചരിപ്പിക്കുന്നതുപോലെ തൂത്തുക്കുടി പോലെയുള്ള ഇന്ത്യയിലെ തുറമുഖങ്ങളുമായിട്ടല്ല. തൂത്തുക്കുടി തുറമുഖം ബി.ഒ.ടി അടിസ്ഥാനത്തിൽ നടപ്പാക്കുമെന്നാണ് കേന്ദ്രസർക്കാർ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

## പാരിസ്ഥിതിക പഠനം

പാരിസ്ഥിതിക പഠനത്തിനായി മുൻസർക്കാർ ചുമതലപ്പെടുത്തിയിരുന്നത് ഇന്റർനാഷണൽ ഫിനാൻസ് കോർപറേഷനെ (ഐ.എഫ്.സി.) ആയിരുന്നു. ഇന്ത്യയിൽ പാരിസ്ഥിതിക പഠനം നടത്തുവാൻ ഐ.എഫ്.സിക്ക് അനുമതിയില്ലാത്തതിനാൽ കേന്ദ്രം വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ അക്രഡിറ്റേഷനുള്ള ഏജൻസിയെ ഏൽപ്പിക്കുകയാണുണ്ടായത്. പാരിസ്ഥിതികപഠനത്തിനു വേണ്ടി ലഭ്യമായ ടി.ഒ. ആറിൽ പറഞ്ഞിട്ടുള്ള പുതിയ പഠനങ്ങൾ ഏറ്റെടുക്കാൻ ഐ.എഫ്.സി. തയാറാകാത്തതിനെ തുടർന്ന് അവയെപ്പറ്റി പഠിക്കുന്നതിനുവേണ്ടി പാരിസ്ഥിതിക പഠനത്തിന് അനുമതിയുള്ള എൽ&ടി റാംബോളിനെ ഈ സർക്കാർ നിയോഗിക്കുകയായിരുന്നു. എൽ&ടി റാംബോൾ പാരിസ്ഥിതിക പഠന റിപ്പോർട്ടുകൾ 2012 ഡിസംബറിൽ തന്നെ ലഭ്യമാക്കിയിരുന്നുവെങ്കിലും ചില എൻ.ജി.ഒ കളുടെ പരാതിയെത്തുടർന്ന് ഐ.എഫ്.സി പുതിയ പഠനങ്ങൾ നടത്തുകയുണ്ടായി. അതിനാൽ ഐ.എഫ്.സി. റിപ്പോർട്ട് സമർപ്പിച്ചത് 2013 മാർച്ചിൽ മാത്രമാണ്. ഈ റിപ്പോർട്ടുകൾ സംയോജിപ്പിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന് മെയ് 28 ന് സമർപ്പിച്ചു. പബ്ലിക് ഹിയറിങ് നടത്തുന്നതിനുള്ള ചുമതല 2006 ലെ ഇ.ഐ.എ വിജ്ഞാപനപ്രകാരം ആ ഏജൻസിക്ക് ആയതിനാലാണ്. റിപ്പോർട്ട് ജൂൺ 29 ന് പബ്ലിക് ഹിയറിങ്ങിനുശേഷം പങ്കെടുത്തവരുടെ അഭിപ്രായം കൂടി ഉൾപ്പെടുത്തി കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിനായിരിക്കും അനുമതിക്കായി സമർപ്പിക്കുക. അതാണ് ഇന്ത്യയിലെ നിയമം.

> പദ്ധതിക്കാവശ്യമായ ജലം എത്തിക്കുന്നതിനുള്ള നിർമാണ പ്രവർത്തനങ്ങൾ ഈ സർക്കാർ ഇതിനകം തന്നെ പൂർത്തിയാക്കിക്കഴിഞ്ഞു. 3.3 എം.എൽ.ഡി. ശേഷിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി പദ്ധതി പ്രദേശത്തേക്കുള്ള കുടിവെള്ള വിതരണത്തിന്റെയും ഉദ്ഘാടനം മുഖ്യമന്ത്രി 2013 ഏപ്രിൽ 25 ന് നിർവഹിച്ചു

## നിർമാണ പ്രവർത്തനം

നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ സമാന്തരമായി പൂർത്തിയാക്കിയിട്ടുണ്ട്. പാരിസ്ഥിതികാനുമതി ലഭിച്ചാലുടൻ നിർമാണ പ്രവർത്തനങ്ങൾക്ക് ആഗോള ടെൻഡർ വിളിക്കുവാൻ സാധിക്കുന്നതരത്തിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്.

മുകളിൽ പറഞ്ഞ കാര്യങ്ങൾ യാഥാർഥ്യമായിരിക്കെ ഇവയെല്ലാം മറച്ചുവച്ചുകൊണ്ട് മറ്റു പ്രചരണങ്ങൾ നടത്തുന്നത് പദ്ധതിയെ പുറകോട്ടടിക്കുവാനെ സഹായിക്കുകയുള്ളൂ. ■

■ ഡോ. എസ്. സജിത്കുമാർ

# മഴക്കാല രോഗങ്ങൾ ഭയമല്ല വേണ്ടത്, ജാഗ്രത

മൺസൂൺ കേരളത്തിൽ തിമിർത്തു പെയ്യുകയാണ്; പടരുന്ന രോഗവാർത്തകളും. കഴിഞ്ഞ ചില വർഷങ്ങളായി കേരളത്തിലെ കൊച്ചുകുട്ടികൾക്കുപോലും പരിചിതമായിക്കഴിഞ്ഞ ഡെങ്കുപ്പനി, എലിപ്പനി എന്നിവയാണ് മരണകാരികൾകൂടിയായി മാറിക്കൊണ്ട് ജനങ്ങളിൽ ഭീതി വിതച്ചിരിക്കുന്നത്. മെഡിക്കൽ കോളേജുകളിലെയും മറ്റു ആശുപത്രികളിലെയും തിങ്ങിനിറയുന്ന പനിവാർഡുകളും ജനങ്ങളുടെ ഭയം മുതലെടുത്ത് ആവശ്യമില്ലെങ്കിലും പ്ളേററ്ലെറ്റ് വിറ്റു കാശാക്കുന്ന സ്വകാര്യ നക്ഷത്രാശുപത്രികളും പ്രതിജ്ഞാബദ്ധമായ മാധ്യമവാർത്തകളിൽ ഒപ്പം നിറയുന്നു. സർക്കാരും ജനങ്ങളും പാലിക്കേണ്ട മുൻകരുതലുകളും അവ ആവർത്തിച്ച് ഓർമിപ്പിക്കുന്നു. നിരീക്ഷണബുദ്ധി പുലർത്തുന്ന കേരളീയരുടെ വിമർശനങ്ങളെ തള്ളിക്കളയേണ്ടതില്ല. പക്ഷെ ആരോഗ്യരംഗത്തെ കേരളമാതൃകകൊണ്ട് പേരുകേട്ട നാട്ടിലെ ജനങ്ങൾ ഇന്ന് ഒരു ആത്മപരിശോധനയ്ക്കുകൂടി തയാറാവണമെന്നാണു തോന്നുന്നത്. വ്യക്തിശുചിത്വത്തിലും പരിസരശുചിത്വത്തിലും നാം ഇന്ന് എത്ര ജാഗ്രത പാലിക്കുന്നു എന്നതാണ് പരിശോധനാവിഷയം. മഴക്കാല രോഗങ്ങൾ നിയന്ത്രിക്കുന്നതിൽ ഈ ശുചിത്വത്തിന്റെ പങ്ക് നിർണായകമാണെന്നതാണ് ഈ പരിശോധന അനിവാരമാക്കുന്നത്.



അന്തരീഷോഷ്മാവിൽ വരുന്ന മാറ്റത്താൽ ശരീരത്തിന്റെ പ്രതിരോധശേഷി കുറഞ്ഞിരിക്കുന്ന സമയംകൂടിയായതിനാലാണ് മഴക്കാലം രോഗസാധ്യതകൾ വർധിപ്പിക്കുന്നത്. മൂന്നു മാർഗങ്ങളിലൂടെയാണ് പ്രധാനമായും രോഗപ്പകർച്ച ഉണ്ടാകുന്നത്. വായു, ജലം, വൈറസ്, ബാക്ടീരിയവാഹികളായ പ്രാണികൾ എന്നിവ വഴി.

### സർവസാധാരണമായ ഇൻഫ്ളുവൻസ

സാധാരണ ജലദോഷവും വൈറൽപനിയും മുതൽ എച്ച്1എൻ1 പോലുള്ള പകർച്ചവ്യാധികൾവരെ വായുവഴി പകരുന്നതാണ്. പനി ബാധിക്കുന്നവർ മറ്റുള്ളവരുമായി അകലം പാലിക്കണം, ഇടപഴകുമ്പോൾ, തുമ്മുന്നതും ചുമയ്ക്കുന്നതും സൂക്ഷിക്കണം എന്നൊക്കെ ജനസാന്ദ്രതയേറിയ കേരളത്തിൽ പറയുന്നത് പാലിക്കാൻ അത്ര എളുപ്പമല്ല, എന്നാൽ പറയാതെവയ്യതാനും. എന്തായാലും മൂന്നുനാലു ദിവസം നീണ്ടുനിന്നാൽ മാത്രമെ സാധാരണഗതിയിൽ പനി അപകടകാരിയാവുകയുള്ളൂ. അപ്പോൾ സ്വയംചികിത്സ പാടില്ല. തീർച്ചയായും ഡോക്ടറെ കാണണം. ന്യുമോണിയയും മറ്റും പിടികൂടി സ്ഥിതി വഷളാവാതിരിക്കാൻ അതാവശ്യമാണ്. ഏതുതരം പനിയായാലും സമ്പൂർണവിശ്രമത്തിനു ശ്രദ്ധിക്കുക.

ജലജന്യരോഗങ്ങളിൽ വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയിഡ് തുടങ്ങിയവ വരുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ജലമലിനീകരണം തന്നെയാണ് ഇവിടെ പ്രധാനപ്രതി. പ്രത്യേകിച്ചും ആലപ്പുഴയിലും കുട്ടനാടൻ മേഖലയിലും. കോളറ ഭീഷണി അങ്ങിങ്ങായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അമർച്ച ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. നിർജലീകരണം ഒഴിവാക്കുകയും ഒആർഎസ് ലായനി ഉപയോഗിക്കുകയും അത്യാവശ്യമാണ്. കുടിയന്മാർ ജലമലിനീകരണം ഏറെ ഭയക്കണം. ഹെപ്പറ്റൈറ്റിസ്-എ ബാധിതരിൽ മരണനിരക്ക് കൂട്ടുന്നത് മദ്യപാനശീലം കൂടിയാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷം ഞങ്ങൾ നടത്തിയ പഠനത്തിൽ പരിശോധനാവിധേയരായ 62 രോഗികളുടെ ചരിത്രമെടുത്തപ്പോൾ (18-നും 55-നും മധ്യേ പ്രായമുള്ളവർ) 85 ശതമാനംപേരും മദ്യപാനികളാണെന്നു തെളിഞ്ഞു. ഏതു കീടത്തെയും നിർവീര്യമാക്കാൻ മറ്റവനു കഴിയും എന്ന മദ്യപാനികളുടെ അലിഖിത വിശ്വാസം തെറ്റാണെന്നർഥം.

ഇപ്പോൾ ചർച്ചാവിഷയമാവുന്നത് കൊതുകുകൾ പരത്തുന്ന പ്രാണിജന്യരോഗ വിഭാഗത്തിൽപെടുന്ന ഡെങ്കുപ്പനിയാണ്. (മലേറിയ മുതൽ ചിക്കുൻഗുനിയ വരെ പരത്തുവാൻ കഴിയുന്ന കൊതുകുകടിയാണ് ഇന്നു കേരളീയരുടെ പേടിസ്വപ്നം) ഈഡിസ് ഈജിപ്തി എന്ന ഭയങ്കരിയാണ് ഡെങ്കു പരത്തുന്ന വില്ലത്തി. അവളുടെ രക്തദാഹമാണ് പ്രശ്നം. സാധാരണ കൊതുകുകൾ അതിന്റെ ജീവിതചക്രത്തിൽ കടിക്കുന്ന ആളുകളുടെ ചോര പോര അവൾക്ക്. ഒരു മുറിയിൽ ഇരിക്കുന്ന അഞ്ചുപേരിൽ ഒരാളുടെ ചോരകൊണ്ട് ഈഡിസ് തൃപ്തിപ്പെടണമെന്നില്ല. അഞ്ചുപേരുടെയും ചോര അവൾ കുടിക്കും. അതാണ് വൈറസ് വ്യാപനം എളുപ്പമാക്കുന്നത്. (നാലുതരം വൈറസുകൾ-ഡെൻ-1, 2,3,4). ഈ നാലുതരം വൈറസുകൾ ഓരോന്നായും ശരീരത്തിൽ കടന്നുകൂടാം, ഒന്നൊന്നായി ആവർത്തിച്ചു കടന്നുവരാം, നാലുംകൂടി ഒരുമിച്ചും ആക്രമിച്ചേക്കാം. ആവർത്തിച്ചുള്ള രോഗബാധ അപടകരമാവാം. നൂറിൽ രണ്ടുപേർക്കു മാത്രമാണ് മരണത്തോളമെത്തുന്ന രീതിയിൽ മാരകമാവുന്നത്.

മനുഷ്യരിൽനിന്നു മനുഷ്യരിലേക്കു പകരാത്ത ഈ രോഗത്തിനു മാത്രമായി പ്രത്യേക ചികിത്സയില്ല. രോഗലക്ഷണങ്ങൾക്കാണ് മരുന്ന്. എല്ലാത്തരം പനികൾക്കുമെന്നപോലെ വിശ്രമം, നിർജലീകരണം തടയുക

എന്നിവ ഇവിടെയും പ്രധാനം. കുട്ടികൾക്കും വൃദ്ധർക്കും സവിശേഷ പരിചരണം ആവശ്യമാണ്. മറ്റു രോഗങ്ങളുമായി ചേർന്നു വരുമ്പോഴാണ് അപകടസാധ്യത ഏറുന്നത്. പ്രമേഹവും മറ്റുമുള്ളവർ കരുതണം. മദ്യപാനശീലമുള്ളവരും. സാധാരണ ഗതിയിൽ ഡെങ്കു ലക്ഷണങ്ങൾ ഇവയാണ്: കടുത്ത പനിയും തലവേദനയും, സന്ധിവേദന, മനംമറിയൽ, ഛർദ്ദി, മൂത്രത്തിന് ഇളചുവപ്പുനിറം, കണങ്കാലിൽ വേദന.

രക്തത്തിൽ പ്ളേറ്റ്ലെറ്റ് എണ്ണം കുറയുന്നതാണ് മറ്റൊരു പ്രശ്നം. സാധാരണ ഗതിയിൽ ആരോഗ്യമുള്ള വ്യക്തിയുടെ ശരീരത്തിൽ 1.5 ലക്ഷത്തിനും 2.5 ലക്ഷത്തിനും ഇടയിൽ പ്ളേറ്റ്ലെറ്റ് എണ്ണം മതിയാവും. ഇത് ഒന്നിലെത്തിയാൽപോലും വീട്ടിലെ വിശ്രമം മതിയാവും. 50,000 ത്തിൽ താണാൽ സൂക്ഷിക്കണം. അപ്പോൾ ശരീരത്തിൽ ചോര പൊടിയുന്ന തിണർപ്പുകൾ വരും. 20,000 ത്തിൽ താണാൽ രക്തമൊഴുക്ക് ഉണ്ടാകും. ഏതു പനിക്കും പ്ളേറ്റ്ലെറ്റ് കുറയുന്നോയെന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. ഡെങ്കുവിന്റെ കാര്യത്തിൽ അത് ഗുരുതരമാവുന്നെന്നു മാത്രം. ജനങ്ങളുടെ ഇക്കാര്യത്തിലെ ഭീതി പലരും മുതലെടുത്തിട്ടുണ്ടാവുമെന്നാണു വാർത്തകൾ സൂചിപ്പിക്കുന്നത്.



ആരോഗ്യ മന്ത്രി വി.എസ്. ശിവകുമാർ പനി ബാധിതരെ സന്ദർശിക്കുന്നു

## എലിപ്പനി-അജ്ഞതയുടെ അപകടം

കേരളത്തിൽ മരണത്തിനിരയാക്കുന്ന പനികളിൽ പലപ്പോഴും മുൻപന്തിയിലെത്തുന്ന എലിപ്പനിയുടെ കാരണം ലെപ്റ്റോസ്പൈറെക്ടെറോ ഹെമറാജിയ എന്ന ബാക്ടീരിയയാണ്. ഇതേ സ്പീഷീസിലുള്ള സമാനമായ 250-ഓളം ബാക്ടീരിയകളും രോഗകാരണമാവുന്നു. ബാധിതമായ എലികളുടെ മൂത്രത്തിലൂടെ പുറത്തുവരുന്ന ബാക്ടീരിയകളും വെള്ളത്തിലും മണ്ണിലും കലരുകയും നിസ്സാര മുറിവുകളിലൂടെപ്പോലും മനുഷ്യശരീരത്തിലെത്തുകയും ചെയ്യുന്നു. ഒരു കൊതുകുകടി മതിയാവും ഇതിന്. നെൽപ്പാടങ്ങളിലും കൈതച്ചക്ക കൃഷിസ്ഥലങ്ങളിലും പണിയെടുക്കുന്നവർക്ക് എളുപ്പം പിടികൂടാം. കന്നുകാലികൾക്ക് രോഗബാധയുണ്ടാവുമ്പോൾ അവയുടെ മൂത്രത്തിന്റെ അളവു കൂടുതലാണെന്നതിനാൽത്തന്നെ പകർച്ചാഭീഷണി ഏറുന്നു. 12 ശതമാനംവരെ എലിപ്പനി കേസുകൾ ഗുരുതരമാവാറുണ്ടെങ്കിലും ബാക്ടീരിയയാണ് രോഗകാരിയെന്നതിനാൽതന്നെ എലിപ്പനിക്ക് കൃത്യമായ ആന്റി ബയോട്ടിക് നൽകി ചികിത്സിക്കാൻ കഴിയും. ഡെങ്കുവിൽനിന്നുള്ള വ്യത്യാസം ഇതാണ്.

ഇവിടെ രോഗം സംബന്ധിച്ച അജ്ഞതയും സ്വയം ചികിത്സയുമാണ് പലപ്പോഴും മരണത്തിനിടയാക്കുന്നത്. രോഗം കൃത്യമായും തിരിച്ചറിയാതെ പലപല ചികിത്സകൾ ചെയ്ത് വൃക്കകളെ ബാധിച്ചുകഴിയുമ്പോഴാണ് പലരും മെഡിക്കൽ കോളേജുകളിലും മറ്റും എത്തുന്നത്. അപ്പോഴേക്കും ഏറെ വൈകിപ്പോവും.

വിദ്യാസമ്പന്നതയും മറ്റു സംസ്ഥാനങ്ങളിൽനിന്നു വ്യത്യസ്തമായി വ്യാപകമായ ചികിത്സാസൗകര്യങ്ങളുമുണ്ടെങ്കിലും രോഗങ്ങൾ തടയുന്നതിൽ സർക്കാരിന്റെയോ പ്രാദേശിക ഭരണകൂടങ്ങളുടെയോ പോലെതന്നെ പ്രധാനമാണ് ജനതയുടേതുമെന്ന് കേരളീയ ജനത വേണ്ടത്ര തിരിച്ചറിയുന്നുണ്ടോയെന്നതാണ് ചോദ്യം. ഉദാഹരണത്തിന് കൊതുകുകൾ പെരുകുന്നതുതന്നെയെടുക്കാം. ഡെങ്കിപ്പനിക്ക് തടയിടാൻ കൊതുകുകളുടെ വളർച്ച തടയുകയാണ് ഏറ്റവും ഫലപ്രദമായ മാർഗം. കൊതുകുകൾ മുട്ടയിടാൻ സാധ്യതയുള്ള സ്ഥലങ്ങൾ പരമാവധി കുറയ്ക്കുക. എന്നാൽ ഇത്രയൊക്കെ ബോധവത്കരണത്തിനുശേഷവും അതിനുള്ള അവസരം നാം തന്നെ ഒരുക്കിക്കൊടുക്കുന്നു. കേരളത്തിലെ പല നഗരങ്ങളിലും വ്യാപകമായ കരിക്കുവി



ല്പനയാണ് നമ്മൾ അധികം ശ്രദ്ധിക്കാത്ത ഉദാഹരണം. വില്പനയ്ക്കുശേഷം ഇവ റോഡരികിലോ അടുത്ത പറമ്പിലോ കൂടിക്കിടക്കുകയാണ് പതിവ്. തിരുവനന്തപുരം കോവളം ബൈപാസിൽ ഇത് ധാരാളം കാണാം. ഇവ കൊതുകുകളുടെ ഇഷ്ട പ്രജനനകേന്ദ്രമാണെന്നു പരിശോധിച്ചാൽ അറിയാൻ കഴിയും. നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ അധികം വ്യത്യാസമില്ലാത്ത കേരളത്തിൽ കൊതുകുകൾക്ക് വളരാൻ ഇങ്ങനെ ഇടങ്ങൾ ഏറെ ഒരുങ്ങുന്നു എന്ന വസ്തുത ശ്രദ്ധ പതിയേണ്ടതാണ്. (ഡെങ്കു പരത്തുന്ന ഈഡിസ് ഈജിപ്തിതന്നെയാണ് ആഫ്രിക്കൻ ഉപഭൂഖണ്ഡത്തിൽ മാരകമായി മരണം വിതയ്ക്കുന്ന മഞ്ഞപ്പനിക്കും (യെല്ലോ ഫീവർ) കാരണമാകുന്നതെന്നത് ശ്രദ്ധിക്കുക. ഭാഗ്യത്തിന് ഈ വൈറസിന് ഇന്ത്യയിൽ ഇതുവരെ ഇടം കിട്ടി യിട്ടില്ല). അതുകൊണ്ട് കൊതുകുകളോടുള്ള യുദ്ധം ഭരണസംവിധാനത്തിന്റെയും ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും വിവിധ തലങ്ങളിലും ജനങ്ങൾ സ്വമനസ്സാലെയും തുടരുക തന്നെ വേണം. അതിനിടെ ഗുരുതര രോഗങ്ങൾക്കെതിരെ കരുതലോടെയിരിക്കുക; അമിതഭയമില്ലാതെ. വൈദ്യശാസ്ത്ര സമൂഹത്തിനു പറയാനുള്ളതിതാണ്. ■

*ആലപ്പുഴ മെഡിക്കൽ കോളേജിൽ കമ്യൂണിറ്റി മെഡിസിൻ അസോ.പ്രൊഫസറാണ് ലേഖകൻ*

ഡോ. വേണു തോന്നയ്ക്കൽ



ദേശാടനക്കിളികൾ ചിറകടിച്ചുയരുമ്പോൾ

2

# പുത്തൻ ഉറവ തേടുന്ന മൃഗയാത്രകൾ

**കാതങ്ങൾ താണ്ടി പക്ഷിമൃഗാദികൾ നടത്തുന്ന ദേശാന്തരഗമനത്തിന്റെ ശാസ്ത്രവും കഥകളും**

പക്ഷികൾക്ക് ദേശാടനത്തിനുള്ള വാസനയുള്ളതായി വിലയിരുത്തപ്പെടുന്നു. അതാണ് ആധുനിക കാഴ്ചപ്പാട്. ഈ വാസനയാണ് പക്ഷിക്കുള്ള ഗതിബോധത്തിന്റെ താക്കോൽ. ദേശാടനത്തെ ഒരു ശീലമായി കരുതണം. ആ ശീലത്തിന് ജീനിന്റെ പിൻബലവും പരിസ്ഥിതിയും ഋതുഭേദങ്ങളുടെയും പ്രകൃതി ശക്തികളുടെയും സ്വാധീനവുമുണ്ട്. ദേശാടനത്തിന് പുറപ്പെടുന്ന പക്ഷികൾ സ്ഥിരമായ ഒരു പാത സ്വീകരിക്കുന്നു. മുതിർന്ന ആൺപക്ഷികളെ അനുഗമിക്കുകയാണ് പെൺപക്ഷികൾ. ഒരു യാത്രയിൽ കുറച്ചുപേർ പുതുതായുണ്ടാവും. അവരാവും ഭാവിയിൽ ദേശാടനസംഘത്തെ നയിക്കേണ്ടത്. ഇന്നത്തെ സംഘാംഗങ്ങളെ നാളെ കണ്ടെന്നുവരില്ല.

പക്ഷികളെപ്പോലെ ചിത്രശലഭങ്ങളും ദേശാടനത്തിൽ മികവു പുലർത്തുന്നവരാണ്. ഇരുന്നൂറു ജാതി ചിത്രശലഭങ്ങളും നിശാശലഭങ്ങളും ദേശാടനം നടത്തുന്നു. മൊണാർക്, പെയിന്റ് ലേഡി, റെഡ് അഡ്മിറൽ, ലാർജ് വൈറ്റ്, ബ്രിംസ്റ്റോൺ തുടങ്ങി അനേകമിനങ്ങൾ ദേശാടനയാത്രകൾ നടത്തുന്നവയാണ്. മൊണാർക് ഒറ്റയായും കൂട്ടമായും ദേശാടനം ചെയ്യുന്നു. ഇവ നാലായിരം കിലോമീറ്റർ (2500 മൈൽ) ദൂരം പറക്കുന്ന ഇനങ്ങളാണ്. യാത്രകഴിഞ്ഞ് മടങ്ങിവരുമ്പോൾ ധാരാളം ചിത്രശലഭകുഞ്ഞുങ്ങളും ഒപ്പമുണ്ടാകും. പ്രജനനത്തിനും കാലാവസ്ഥയെ അതിജീവിക്കാനുമാണ് ഇവയുടെ യാത്ര. ബൊഗേജ് മോത്ത് കാലാവസ്ഥയെ അതിജീവിക്കാനായി ആൽപ്സ് പർവതനിരകളിലേക്ക് യാത്ര പോകുന്നു. ആഹാരത്തിനായിട്ടാണ് വെട്ടുക്കിളികൾ ദേശാന്തരഗമനം നടത്തുന്ത്. അവ ഒറ്റയടിക്ക് 3200 കിലോമീറ്റർ വരെ സഞ്ചരിക്കുന്നു.

ദേശാടനം പെൻഡുലം പോലെ അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രയാണ്. ഇതിനൊരപവാദമാണ് സാൽമൺ മത്സ്യത്തിന്റെ ജീവിതം. ഈ മത്സ്യത്തിന് ദേശാടനയാത്രയിൽ മടക്കമില്ല. ഒരുപാട് മക്കൾക്ക് ജന്മമേകി മരണത്തിന് കീഴടങ്ങുന്നു. മക്കൾ അമ്മ വന്ന വഴിയേ സ്വന്തം ദേശത്തേക്ക് മടങ്ങുന്നു. ഇവയുടെ യാത്രകളിൽ അനുഭവസമ്പത്തുള്ള ഒരു നേതാവില്ല സംഘത്തെ നയിക്കാൻ. എല്ലാവരും പുതിയ അംഗങ്ങൾ. തങ്ങളെ അമ്മ പ്രസവിച്ചത് അവിടെയാണ്. ആ ഒരു ബോധം ജനിതകബുദ്ധ്യാ അവയെ സ്വാധീനിക്കുന്നുണ്ടാവാം.

സാൽമൺ ഒരു കടൽ മത്സ്യമാണ്. മുട്ടയിടുന്ന (പ്രജനന) കാലമാകുമ്പോൾ ഉപ്പുവെള്ളത്തിലെ ജീവിതമവസാനിപ്പിച്ച് പുഴയിലോ നദികളിലോ ഉള്ള ശുദ്ധജലം തേടിയെത്തുന്നു. ഉപ്പുവെള്ളത്തിൽ നിന്നും ശുദ്ധജലത്തിലേക്ക്; കടലിൽ നിന്നും പുഴയിലേക്ക്. എത്രവലിയ പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച് പുഴയിൽ മത്സ്യം ആഗ്രഹിക്കുന്നിടത്ത് എത്തും. നദി

കടലിൽ ചേരുന്ന ഭാഗത്ത് കുത്തൊഴുക്കാവും. കുത്തൊഴുക്കിനെയോ വെള്ളച്ചാട്ടത്തേയോ കൂസാതെ അത് നീന്തിക്കയറും. അതിലേക്ക് ശക്തമായ പേശികൾ സാൽമൺ മത്സ്യത്തിനുണ്ട്. മുട്ടയിട്ടയുടനെ മത്സ്യം ചാവുന്നു. മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾ പുഴയ്ക്കൊപ്പം ഒഴുകി സമുദ്രത്തിലേക്ക്. ഇവയുടെ ദേശാടനം പ്രജനനത്തിനാണ്.

സാൽമൺ മത്സ്യം എന്തുകൊണ്ട് കടൽ ജലമുപേക്ഷിച്ച് ശുദ്ധജലം തേടുന്നു. മുട്ടയിടാനുള്ള കാലമാവുമ്പോൾ ശരീരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഹോർമോണുകളോ ഇതര ജൈവരസങ്ങളോ മത്സ്യശരീരത്തിന്റെ രസതന്ത്രത്തെയാകെ കീഴ്മേൽ മറിക്കാം. ഉപാപചയപ്രവർത്തനങ്ങളിലും ശ്വസനത്തിലും വ്യത്യാസം വരാം. അങ്ങനെ അവ ശുദ്ധജലത്തോട് ആർത്തികാണിക്കുകയും ഏതു പ്രതിബന്ധത്തെയും അതിജീവിച്ച് ലക്ഷ്യസ്ഥാനത്തെത്തുകയും ചെയ്യുന്നു. മുട്ടയിടുന്നതോടെ ഹോർമോണുകളുടെയും ജൈവരസങ്ങളുടെയും നിർമാണത്തിലും പ്രവർത്തനത്തിലും ഉണ്ടാകുന്ന മാറ്റം സാൽമൺ മത്സ്യത്തിന്റെ ശരീര രസതന്ത്രം പഴയപടിയാകുകയും തന്മൂലം ശുദ്ധജലത്തിലെ നിലനിൽപ് അസാധ്യമാകുകയും മരണത്തിനിടയാവുകയും ചെയ്യുന്നു. മുട്ടയ്ക്ക് നിലനിൽക്കാനും പൊട്ടി വിരിയാനും കുഞ്ഞിന് അത്യാവശ്യം നിലനിൽക്കാനും മെച്ചപ്പെട്ട പാരിസ്ഥിതിക ഘടകങ്ങൾ ശുദ്ധമായ ജലത്തിലാണ്. വെറുതെ ഇങ്ങനെ പറയാം. മരിക്കാനായി ജന്മഗൃഹം തേടിയെത്തി.

ഈൽ മത്സ്യം തെക്കുകിഴക്കൻ ബർമുഡോയ്ക്കു സമീപമുള്ള സർഗാസ്സോ സമുദ്രത്തിൽ നിന്നും യാത്ര ചെയ്ത് വടക്കേ അമേരിക്കയിലും യൂറോപ്പിലുമുള്ള നദികളിലെത്തുന്നു. ഇവിടെയും ഉപ്പുവെള്ളത്തിൽ നിന്നും ശുദ്ധജലത്തിലേക്കാണ് ദേശാടനം. പ്രജനനമാണ് ലക്ഷ്യം. സാൽമൺമത്സ്യത്തെപ്പോലെ ജീവിതമവസാനിപ്പിക്കുന്നില്ല. ഈൽ കുഞ്ഞുങ്ങൾ എൽവേഴ്സ് (elvers) എന്നറിയപ്പെടുന്നു. ഇവ ഭക്ഷണം തേടി കരയിൽ കയറാറുണ്ട്. അതിലേക്കു വേണ്ട അനുകൂലനങ്ങൾ സിദ്ധിച്ചവയാണ് ഈൽ മത്സ്യങ്ങൾ.

പ്രജനനത്തിനും ഭക്ഷണത്തിനും വേണ്ടിയാണ് ഗ്രേ തിമിംഗലങ്ങൾ ദേശാടനം ചെയ്യുന്നത്. ആഹാരത്തിനായി ധ്രുവപ്രദേശങ്ങളിലേക്കു പോകുന്ന തിമിംഗലങ്ങൾ പ്രജനനത്തിനായി ഉഷ്ണമേഖലാ സമുദ്രങ്ങളിലേക്ക് മടങ്ങുന്നു. സ്പൈനി ലോബ്സ്റ്ററുകൾ (spiny lobster) ഓരോ ശിശിരത്തിലും ദേശാന്തരഗമനം നടത്തുന്നു. കാലാവസ്ഥയെ അതിജീവിക്കാനായിട്ടാണ് ഈ യാത്ര. ഇതൊരു ലഘു യാത്രയാണ്. പർവതത്തിന്റെ മുകളിൽ നിന്ന് താഴേക്കും താഴെ നിന്നും മുകളിലേക്കുമാണ് സഞ്ചാരം. ഒരു സംഘത്തിൽ അംഗസംഖ്യ അറുപതു വരെയുണ്ടാകും. അവ ഒരു വരിയായിട്ടാണ് യാത്രചെയ്യുന്നത്. അവയുടെ സ്പർശിനികൾ പരസ്പരം സ്പർശിച്ചാകും യാത്ര. യാത്രയിൽ ഒരാളും നഷ്ടപ്പെടാനോ ഒറ്റപ്പെടാനോ പാടില്ല.

നോർതേൺ ഫർ സീൽ പെൺജീവി പ്രജനനത്തിനു വേണ്ടി അയ്യായിരം കിലോമീറ്ററോളം (3100 മൈൽ) യാത്ര ചെയ്യുന്നു.

**കാട്ടുപോത്തിൻ കൂട്ടവും ദേശാന്തരഗമനം നടത്തുന്നു. കടുത്ത വേനലിൽ പച്ചപ്പുല്ലിനും വെള്ളത്തിനും വേണ്ടിയാണ് ഈ യാത്ര. നൂറു കിലോമീറ്റർ (60 മൈൽ) അകലെയുള്ള ജലസാന്നിധ്യം പോലും ഈ മൃഗങ്ങൾക്ക് അറിയാനാവുമത്രെ. അതുപോലെ ഓരോ പ്രദേശത്തുമുള്ള മഴക്കാലം ഇവയ്ക്ക് കാണാപാഠമാണ്**

കാട്ടുപോത്തിൻ കൂട്ടവും ദേശാന്തരഗമനം നടത്തുന്നു. കടുത്ത വേനലിൽ പച്ചപ്പുല്ലിനും വെള്ളത്തിനും വേണ്ടിയാണ് ഈ യാത്ര. നൂറു കിലോമീറ്റർ (60 മൈൽ) അകലെയുള്ള ജലസാന്നിധ്യം പോലും ഈ മൃഗങ്ങൾക്ക് അറിയാനാവുമത്രെ. അതുപോലെ ഓരോ പ്രദേശത്തുമുള്ള മഴക്കാലം ഇവയ്ക്ക് കാണാപാഠമാണ്. കിഴക്കൻ ആഫ്രിക്കയിലെ പുൽത്തകിടികളിലാണ് ഇത്തരം യാത്രകൾ. ഈ യാത്രകളിൽ കഴുതപ്പുലി, സിംഹം എന്നിവ ഒളിപാർത്ത് ഇവയെ ആക്രമിക്കാറുണ്ട്. ചില ഗോത്രവർഗക്കാർ സംഘമായി കാട്ടുപോത്തുകളെ ആക്രമിക്കുന്നു. നായാടിക്കിട്ടുന്ന കാട്ടുപോത്തിന്റെ കരൾ ഇവർക്ക് ഏറ്റവും പ്രിയമുള്ള ആഹാരമാണ്. കാട്ടുപോത്തിന്റെ മാംസം ചുട്ടുതിന്നുമെങ്കിലും കരളും രക്തവും പച്ചയ്ക്കാണ് ഭക്ഷിക്കു



ന്നത്. കാട്ടുപോത്തുകൾ സംഘം ചേർന്ന് ദേശാടനം ചെയ്യുന്നത് കാണേണ്ട കാഴ്ചയാണ്. ഒന്നല്ല നൂറല്ല ആയിരങ്ങളാണ് ഒരു പ്രവാഹം പോലെ പുത്തൻ ഉറവതേടി പരക്കം പായുന്നത്.

മൃഗയാത്രകളാണ് നാം കണ്ടത്. മനുഷ്യരും ദേശാടനം ചെയ്യുന്നു. യാത്രകൾ ഇഷ്ടമുള്ളവരാണ് ടൂറിസ്റ്റുകൾ എന്ന മുദ്രകുത്തി നമ്മുടെ നാട്ടിലെത്തുന്നവർ ദേശാടനക്കാരാണ്. പുതിയ അനുഭവം തേടിയും കാഴ്ചകൾ കാണാനും കാലാവസ്ഥയെ അതിജീവിക്കാനും സുഖമന്വേഷിച്ചുമെത്തുന്നവർ. നമ്മിലും ഒരു യാത്രാവാസനയുണ്ട്. 'ടൂറിസം' എന്നു പറയുന്നത് ദേശാടനത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. തന്മൂലം സാംസ്കാരിക മൂല്യവും ജനിത കസമ്പത്തും കൈമാറ്റപ്പെടാം. പിന്നെ ധനവും. അക്കൂട്ടത്തിൽ നമ്മുടെ സംസ്കൃതിക്കനുഗുണമല്ലാത്ത ഘടകങ്ങളും കടന്നുകൂടും. അത്തരത്തിൽ നശിച്ച രാഷ്ട്രങ്ങളുണ്ട് എന്നുമോർക്കുക. ■



വേറ്റിനാട് പി.എസ്. കുമാർ

# ചവിട്ടുനാടകം

യവന നാടകവേദിയുടെ സത്തയുൾക്കൊണ്ടുവളർന്ന, യൂറോപ്യൻ നാടുകളിൽ നിന്നു വന്ന മിഷനറിമാരുടെയും കപ്പിത്താന്മാരുടെയും കേരളത്തിലെ സൈനികപാരമ്പര്യമുള്ള ക്രൈസ്തവ ജനതയുടെയും സംഭാവനയാണ് ചവിട്ടുനാടകം.

വിസ്തൃതമായ മൈതാനത്ത് കെട്ടി ഉയർത്തിയിട്ടുള്ള നീളമേറിയതും വീതികുറഞ്ഞതുമായ തുറന്ന അഭിനയവേദി. പിന്നിൽ അണിയറയോടുകൂടി രാജമന്ദിരത്തിന്റെ സാദൃശ്യം വഹിക്കുന്ന പശ്ചാത്തലം. രണ്ടറ്റത്തുമായി രംഗത്ത് പ്രവേശിക്കുന്നതിനും തിരിച്ചുപോകുന്നതിനുമുള്ള വാതായനങ്ങൾ.

സ്റ്റേജിൽ തന്നെ രംഗസ്ഥിതർക്ക് അഭിമുഖമായി പിന്നണിഗായക സംഘത്തിനു നേതൃത്വം കൊടുത്തുകൊണ്ടു നിൽക്കുന്ന ആശാന്റെ (അണ്ണാവി) യഥാതഥമായുള്ള അഭിനയവും വേഷഭൂഷാദികളും. അങ്ങനെ നാന്നൂറു വർഷം മുമ്പുതന്നെ തീരപ്രദേശങ്ങളിലെ വിശാലമായ മൈതാനങ്ങളിൽ കേരളത്തിലെ വിജയകരമായ നാടകവേദി ഉയർന്നുകഴിഞ്ഞിരുന്നു.

അന്ന് ഒന്നാമത്തെ ചവിട്ടുനാടകമായ 'കാറൾസ്മാൻ ചരിതം' അവതരിപ്പിക്കുന്നതിനുവേണ്ടി കെട്ടിയുണ്ടാക്കിയ എബാദോർക്കും തുർക്കു എമ്പ്രാദോർക്കും പ്രത്യേകം മേളകളോടുകൂടി കെട്ടിയുണ്ടാക്കിയ – ആ നെടുനീളൻ നാടക സ്റ്റേജുതന്നെയാണ് കേരളത്തിലെ ഒന്നാമത്തെ നാടകസ്റ്റേജ്. ശരിയായ അർഥത്തിലുള്ള ജനകീയ നാടകവേദിയും.

ചവിട്ടുനാടകപ്രസ്ഥാനം കേരളത്തിലെ കളരി സംസ്കാരത്തിന്റെ പ്രതീകമായിട്ടാണ് ക്രിസ്ത്യാനികൾക്കിടയിൽ കാണപ്പെട്ടിരുന്നത്. പുരാതന കേരളത്തിന്റെ ആയോധനവൃത്തിയുമായി അവഗാഢം ബന്ധപ്പെട്ടിട്ടുള്ള വീരരസ പ്രധാനമായ ഒരു സംഗീത നൃത്ത നാടകരീതിയാണ് ചവിട്ടുനാടകത്തിലുള്ളത്. മാത്രവുമല്ല പശ്ചാത്യവും പൗരസ്ത്യവുമായ സംസ്കാരങ്ങളുടെയും കലാരീതികളുടെയും ആരോഗ്യകരമായ ഒരു സംയോജനവും ഇതിലുണ്ട്.

കേരളത്തിന്റെ പ്രാചീന തലസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരിന് വടക്ക് ചാവക്കാടു മുതൽ തെക്ക്



കൊല്ലം വരെ യൂറോപ്യൻ മിഷനറിമാരുടെ ഭരണത്തിൻകീഴിലായിരുന്ന ക്രിസ്ത്യാനികൾക്കിടയിലാണ് ചവിട്ടുനാടകം എന്ന ഈ പ്രാചീന കലാരൂപം പ്രചരിച്ചിരുന്നത്. ഇതിൽ പള്ളിപ്പുറം, ഗോതുരുത്ത്, തിരുത്തിപ്പുറം, തിരുത്തൂർ, മതിലകം തുടങ്ങിയ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന കൊടുങ്ങല്ലൂർ ഭാഗങ്ങളും കൊച്ചി പട്ടണവും സമീപസ്ഥലങ്ങളായ വടുതല, പാലാരിവട്ടം, ചിറ്റൂർ, കോതാട്, പള്ളുരുത്തി, എറണാകുളം, മാനാശ്ശേരി, കുമ്പളങ്ങി, വൈപ്പിൻക്കര, വെണ്ടുരുത്തി, പോഞ്ഞിക്കര, വല്ലാർപാടം, ഓച്ചൻതുരുത്ത്, ഞാറയ്ക്കൽ, എടവനക്കാട് തുടങ്ങിയ പ്രദേശങ്ങളും കൊച്ചിക്ക് തെക്ക് ചേർത്തല, അർത്തുങ്കൽ, ആലപ്പുഴ, കൊല്ലം തുടങ്ങിയ സ്ഥലങ്ങളും ചവിട്ടുനാടകത്തിനു പണ്ടേ പുകൾപെറ്റതാണ്.

ആദ്യന്തം സംഗീതാത്മകമായി നെയ്തെടുത്തിട്ടുള്ള നൃത്തനാടകമാണ് ചവിട്ടുനാടകം. നാട്യശാസ്ത്രാനുസാരിയായ തൗര്യത്രികങ്ങൾ നൃത്തഗീതവാദ്യങ്ങൾ എന്നിവ ഈ കലാരൂപത്തിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. സംഗീതത്തിനു തന്നെയാണ് മുൻഗണന. ഗീതങ്ങൾ ആദ്യന്തം നടന്മാർതന്നെ പാടണമെന്നുണ്ട്. തുടർന്ന് പിന്നണി സംഘവും അവർക്കു നേതൃത്വം നൽകുന്ന ആശാനും ഏറ്റുപാടുന്നു.

കഥാപാത്രങ്ങൾ അവരവരുടെ ഭാഗങ്ങൾ ഭാവോദ്ദീപകമായി പാടി അഭിനയിച്ചു ചുവടുവെക്കുന്നതോടൊപ്പം ഇതിവൃത്തത്തിനനുഗുണമായ പശ്ചാത്തല സംഗീതവും താളമേളങ്ങളും അകമ്പടിചേർന്ന് കളിക്ക് മാറ്റുകൂട്ടുന്നു. ഇങ്ങനെ സമർഥമായി സംവിധാനം ചെയ്യപ്പെട്ട സംഗീതം വഴി കഥാപാത്രങ്ങളുടെ സ്വാഭാവാവിഷ്കരണവും രസാനുഭൂതിയും എളുപ്പത്തിൽ കൈവരുത്തുവാൻ ചവിട്ടുനാടകങ്ങൾക്കു കഴിയുന്നു.

നാടകഗീതങ്ങളാകട്ടെ സംഗീതാത്മകമായ തമിഴ് വിരുത്തങ്ങളിൽ, ചമൽക്കാരപൂർണവും രസനിർഭരവുമായ ഭാഷയിൽ, പ്രാസഭംഗിയോടുകൂടി ഏറ്റവും ഹൃദയഹാരിയായ വിധത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. പാദാദിപൊരുത്തം, ദ്വിതീയാക്ഷരപ്രാസം, ഘടകപ്രാസം, അന്ത്യപ്രാസം എന്നിവയെല്ലാം ഈ ഗണങ്ങളിൽ നിഷ്കർഷതയോടെ ദീക്ഷിച്ചിരിക്കുന്നതുകാണാം. മാത്രവുമല്ല ഗാനങ്ങളെല്ലാം താളലയത്തോടുകൂടി ശാസ്ത്രീയമായി സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ ചവിട്ടുനാടകത്തെപ്പറ്റി അറിവില്ലാത്തവർപോലും പാട്ടുകൾ കേട്ട് അറിയാതെ താളംപിടിച്ചുപോകും.

ചവിട്ടുനാടകനൃത്തം താണ്ഡവപ്രധാനമാണ്. ജീവൻ ഓളംവെട്ടുന്ന പുരുഷോചിതമായ ചുവടുകൾക്കുപുറമെ, സ്ത്രീവേഷക്കർക്കാകട്ടെ ആദിയായ സൗമ്യപ്രകൃതികൾക്കു ലാസ്യമട്ടിലുള്ള പതിഞ്ഞ ചുവടുകളും ഇതിന്റെ പ്രത്യേകതയാണ്.

അടിസ്ഥാനപരമായി 12 ചുവടുകളാണ് ചവിട്ടുനാടകത്തിൽ. അതിൽ സൽക്കഥാപാത്രങ്ങൾക്കും നീചകഥാപാത്രങ്ങൾക്കും വ്യത്യസ്ത ചുവടുകളായിരിക്കും. അടിസ്ഥാന ചുവടുകൾക്ക് ഇരട്ടിപ്പുകൾ, കലാശങ്ങൾ, ഇടക്കലാശങ്ങൾ, കവിത്തങ്ങൾ തുടങ്ങി വൈവിധ്യമേറിയ ചുവടുകളുണ്ട്. അഞ്ചും അതിലധികവും ചുവടുകൾ ചേർത്തിട്ടുള്ളവയാണ് കലാശങ്ങൾ. അടിസ്ഥാന ചുവടുകൾ വൈവിധ്യപൂർവം ഇടകലർത്തിയിട്ടുള്ളത് കവിത്തം.

നാടകത്തിലെ രാജാക്കന്മാരോ, മന്ത്രിമാരോ, മറ്റ് പ്രധാന കഥാപാത്രങ്ങളോ രംഗത്ത് പ്രവേശിക്കുമ്പോൾ ഭടജനങ്ങൾ കവിത്തം ചൊല്ലി ചുവടുവെക്കുന്നു. ഗീതനൃത്തങ്ങളോടലിഞ്ഞു ചേർന്ന് വിശേഷിച്ചും സംഗീതത്തിന്റെ ഭാവത്തിലും ജീവനിലും വിലയിച്ചുപോകുന്ന നൃത്താഭിനയങ്ങളാണ് ചവിട്ടുനാടകത്തിലുള്ളത്. കഥാപാത്രങ്ങൾ മിക്കവാറും ധീരോദാത്താദിഗുണങ്ങൾ ഉള്ളവരും വീരശൂരപരാക്രമികളും ആയതിനാൽ ചെണ്ട, മദ്ദളം, ഇലത്താളം തുടങ്ങിയ ഘനവാദ്യങ്ങളാണ് ഉപയോഗിക്കുന്നത്.

ചവിട്ടുനാടകത്തിലെ വേഷവിധാനങ്ങൾ കലാപരമായി വളരെ ഭംഗിയും മേന്മയും ഉള്ളതാണ്. നടന്മാർ കണ്ണഞ്ചിക്കുംവിധം വെൽവെറ്റും സിൽക്കും കസവും മുത്തും പണവട്ടവം മറ്റ് വിലയേറിയ അലങ്കാര സാമഗ്രികളും ധാരാളമായി ഉപയോഗിച്ച് കലാവിരുതോടെ പണിതീർത്ത വർണപ്പകിട്ടുള്ള വസ്ത്രങ്ങൾ ധരിക്കുന്നു.

വേഷങ്ങൾ കാലത്തിനുംദേശത്തിനും കഥയ്ക്കും അനുയോജ്യമായിതന്നെ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഭടന്മാരുടെ പോർചട്ട, പടത്തൊപ്പി, കാലുറ, രാജാക്കന്മാരുടെ ചെങ്കോൽ, കിരീടം, കയ്യുറ എന്നിവയെല്ലാം പുരാതന ഗ്രീക്ക്-റോമൻ ഭടന്മാരെയും യൂറോപ്പിലെ ഫ്യൂഡൽ രാജാക്കന്മാരെയും അനുസ്മരിപ്പിക്കുന്നു.

അണ്ണാവി എന്നപേരിലാണ് ചവിട്ടുനാടകത്തിലെ ആശാനെ അറിയപ്പെടുന്നത്. നാടകത്തിലെ ആദ്യവസാനക്കാരൻ ആശാനാണ്. സംഗീതം, സാഹിത്യം, ചുവട്, നിത്യാഭിനയം, പയറ്റു വിദ്യകൾ, മലയാളത്തിലും തമിഴിലുമുള്ള സാഹിത്യവിജ്ഞാനം ഇവയെല്ലാത്തിലും പ്രാവീണ്യമുള്ള ആളായിരിക്കണം ആശാൻ. ഗുരുകുലരീതിയിൽ കളരികളിലാണ് നാടകം അഭ്യസിക്കുന്നത്. നടന്മാർ നാട്ടുപ്രമാണിമാരുടെയും സ്വന്തം ഗുരുജനങ്ങളുടെയും മുമ്പിൽവെച്ച് വഴങ്ങുകയെന്ന ചടങ്ങ് നടക്കും. ഔപചാരിക വഴങ്ങൽ കർമത്തിനുശേഷം അടിസ്ഥാന ചുവടുകൾ അഭ്യസിപ്പിക്കും. തുടർന്ന് ഇരപ്പുകൾ, കലാശങ്ങൾ, കവിത്തങ്ങൾ എന്നിവ പരിശീലിപ്പിക്കുന്നു. ചുവടുകളും പയറ്റുകളും പരിശീലിച്ചശേഷമാണ് ചൊല്ലിയാട്ടം ആരംഭിക്കുന്നത്.

ചവിട്ടുനാടകത്തിലെ ഒരു സുപ്രധാന നടനാണ് കുട്ടിയക്കാരൻ അഥവാ വിദൂഷകൻ. കൂടിയാട്ടത്തിലെ വിദൂഷകന്റെ ശരിപ്പകർപ്പാണ് ഇയാൾ. നാടകത്തിലെ രംഗങ്ങൾക്കും കഥാപാത്രങ്ങളുടെ ഗീതനൃത്താഭിനയങ്ങൾക്കും സരസമായ പ്രത്യാഘാതങ്ങൾ കൊണ്ട് സദസ്സിനെ വിനോദിപ്പിക്കുകയാണ് ഇയാളുടെ ജോലി. കുട്ടിയക്കാരന്റെ സ്ഥായിയായ രസം ഹാസ്യം തന്നെ. വെൺചാമരത്താടിയും മീശയും ധരിച്ച് രണ്ടു നിര കവടിപ്പല്ലുകൾ പുറമെ ചെവിക്കുറ്റിവരെ നിരത്തിവെച്ചുകെട്ടി,തലയിൽ പൊടിപ്പും തൊങ്ങലുമുള്ള വലിയ കുമ്പൻ തൊപ്പിയും ധരിച്ച് കുപ്പായത്തിനുള്ളിൽ കയ്യിൽ കിട്ടിയതൊക്കെ കുത്തിതിരുകി 'ഹിമാലയൻ' വയറുമായിട്ടുള്ള മൂപ്പരുടെ പുറപ്പാട് കാണികളെ ചിരിപ്പിക്കുകതന്നെ ചെയ്യും.

നാടകത്തിലെ ചുവടുകളും പാട്ടുകളുമെല്ലാം പഠിച്ച നല്ല നർമബോധമുള്ള പ്രതിഭാശാലികൾക്കേ ശരിയായ കുട്ടിയൻവേഷം കെട്ടാൻ കഴിയൂ. യുദ്ധത്തിൽ മരിച്ചുവീഴുന്ന ഭടന്മാർക്കുവേണ്ടി കരയുക, അവരെ എടുത്താൽ പൊന്തിയില്ലെങ്കിൽ കാലിൽ പിടിച്ചു വലിച്ച് അകത്തേക്കു കൊണ്ടുപോയി രംഗം വെടിപ്പാക്കുക, നിലത്തുവീഴുന്ന വാൾ, തൊപ്പി, പരിച എന്നിവ എടുത്ത് സ്ഥാനത്തു വെക്കുക എന്നീ അനവധി ജോലികളും ഇതിനിടയിലുണ്ട്.

നാടക രംഗത്തിനുമുമ്പ് മണിക്കൂറുകൾ നീളുന്ന വിരുത്തം മൂളലാണ്. തുടർന്ന് മാർത്തോമാവിരുത്തം, കവിയുടെ പ്രത്യേക പ്രാർഥനയായ ക്രിസ്തുദേവചരിതം പിന്നെ ക്രിസ്തു മതാവിനോടുള്ള പ്രാർഥന, ഗുരുവന്ദനം. ശേഷം വെൺപാ, വിരുത്തം, ഇന്നീശൈ താഴീശൈ, തരു തുടങ്ങിയ ശീലുകൾ നീട്ടിപ്പാടും. ഈ നീണ്ട പ്രാരംഭ ചടങ്ങിനുശേഷം 'സ്തുതിയോഗർ' അഥവാ ബാലപാർട്ടുകാർ പ്രവേശിക്കുന്നു. ചവിട്ടുനാടകത്തിലെ സൂത്രധാരന്മാരാണിവർ. പത്തു പന്ത്രണ്ടു വയസ്സ് പ്രായമുള്ള രണ്ടു ബാലന്മാരായിരിക്കും ഭാഗം അഭിനിയിക്കുന്നത്. ഇവർ ഇരുവശങ്ങളിൽ നിന്നുമായി മുന്നോട്ടു നീങ്ങി സദസ്സിനെ വണങ്ങി ചുണയോടുകൂടി താളത്തിൽ ചവിട്ടി തിരിഞ്ഞ് ദക്ഷിണവയ്ക്കുന്നു. തുടർന്ന് ഉടുപ്പ് പണിത ആശാന്മാർക്കുള്ള ദക്ഷിണ. പിന്നെ ആടുവാനുദ്ദേശിക്കുന്ന കഥയുടെ വിവരണം.

തോടയാട്ടക്കാർ എന്നറിയപ്പെടുന്നത് സ്ത്രീവേഷക്കാരാണ്. പുരുഷന്മാർ തന്നെയാണ് സ്ത്രീവേഷമണിയുന്നത്. ചവിട്ടുകൾ ലാസ്യമട്ടിലുള്ളതും പതിഞ്ഞവയുമാണ്. ദേവമാതൃസ്തുതികൂടി കഴിഞ്ഞാൽ കഥയാരംഭിക്കാം.

മാനം ചേർന്ന ഭടന്റെ മിന്നൽ ചിതറും കൈവാളിളക്കത്തിലും കവിതയും കലയും കണ്ടെത്തിയ പേർപെറ്റ ഒരു സൈനികസംസ്കാരം, താണ്ഡവപ്രധാനമായ ചുവടുകളും ചൈതന്യമേറിയ വീരഗാനങ്ങളും പോർവിളിയും പടവെട്ടുമെല്ലാം വീരകേരളത്തിന്റെ സാംസ്കാരിക നക്ഷത്രങ്ങളായി എന്നും നമ്മോടൊപ്പമുണ്ടാകും. ■



# പാരസ്പര്യം മുറിയാതെ കാക്കുക

പ്രപഞ്ചത്തിന്റെ നിലനില്പ്പിനാധാരം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യമാണ്. അതിന്റെ കണ്ണി പൊട്ടാതെ കാക്കേണ്ട ചുമതല മനുഷ്യരാശിക്കപ്പാടെയുണ്ട്. ഓരോരുത്തരുടെയും ആവശ്യത്തിനുള്ളത് ഭൂമി തരുന്നുണ്ട്. എന്നാൽ അത്യാർത്തി തീർക്കാനുള്ളതില്ല-ഗാന്ധിജിയുടെ ഈ വചനങ്ങളുടെ പൊരുൾ ജൈവസമൂഹത്തിന്റെ അതിജീവനം എത്രമാത്രം ഈ പരസ്പരാശ്രിതത്വത്തിൽ അധിഷ്ഠിതമായിരിക്കുന്നുവെന്ന് സൂചിപ്പിക്കുന്നു. ദുര മൂത്ത മനുഷ്യൻ അത് മറക്കുന്നതിന്റെ തെളിവാണ് ഓരോ വർഷവും ഇന്റർനാഷണൽ യൂണിയൻ ഓഫ് കൺസർവേഷൻ ഓഫ് നേച്ചർ പുറത്തിറക്കുന്ന വംശനാശത്തിലെത്തിയ ജീവിവംശങ്ങളുടെ ചുവപ്പുപട്ടിക. ഈ പട്ടികയിലുള്ള ഫിലിപ്പൈൻ പരുന്തിന്റെയും യൂഫോർബിയ മയൂർണതാനി എന്ന കേരളത്തിലും ദൃശ്യമായിരുന്ന സസ്യവംശത്തിന്റെയുമാണ് ചിത്രങ്ങൾ.





■ സജീവ് പരിശവിള

# കാരുണ്യത്തിന്റെ കർമകാണ്ഡം

വ്യക്തികൾ വളർന്ന് പ്രസ്ഥാനങ്ങളായി പരിണമിക്കാറുണ്ട്. അവർ കാലഘട്ടത്തെയും ചരിത്രത്തെയും പ്രതിനിധാനം ചെയ്യുന്നു. അത്തരക്കാരെ ചൂണ്ടി ലോക പ്രശസ്ത ചിത്രകാരനായ എമേഴ്സൺ പറഞ്ഞതിങ്ങനെ: "Give me the names of ten powerful personalities and I will tell you the whole of human history without even studying"

പ്രസ്ഥാനവത്കരിക്കപ്പെട്ട മഹാവ്യക്തിത്വങ്ങളാണ് സമൂഹത്തിനെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സാരഥികൾ. സമൂഹ പരിവർത്തനത്തിന്റെ നിയാമകഘടകം ഇങ്ങനെ പ്രസ്ഥാനവത്കരിക്കപ്പെട്ട വ്യക്തിത്വങ്ങളാണ്. സമൂഹത്തിലെ ചാലകശക്തികളായി വർത്തിക്കുന്ന ഇവർ തങ്ങളുടെ വ്യക്തിപ്രഭാവം കൊണ്ടാണ് മുൻനിരയിലെത്തുന്നത്. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇത്തരം ചരിത്രവ്യക്തിത്വങ്ങളിൽ ഒന്നായി മാറിയിരിക്കുകയാണ്. മുഖ്യമന്ത്രി നേതൃത്വം നൽകിയ ജനസമ്പർക്ക പരിപാടിയേയും അഞ്ചു മേഖലകളാക്കി തിരിച്ചാണ് ഐക്യരാഷ്ട്രസഭ ഈ പുരസ്കാരം നൽകുന്നത്. ലോകത്ത് ഒരു രാഷ്ട്രീയ നേതാവും നടത്താത്ത തികഞ്ഞ ജനാധിപത്യ പരീക്ഷണം, സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളിലേക്കും ഇറങ്ങിച്ചെന്ന പരിപാടി, സുതാര്യത, ഇടനിലക്കാരില്ലാതെ ജനങ്ങളുടെ പ്രശ്നങ്ങൾ ഭരണാധികാരിക്ക് അറിയാനുള്ള അവസരം എന്നീ ഘടകങ്ങൾ പരിഗണിച്ചാണ് അവാർഡ്.

ജൂൺ 27 ന് ഖത്തറിൽ ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ ബാൻകി മൂണിൽ നിന്നും അദ്ദേഹം നേരിട്ട് അവാർഡ് ഏറ്റുവാങ്ങുമ്പോൾ നമ്മുടെ രാഷ്ട്രീയ ഭരണ ചരിത്രത്തിലെ അവിസ്മരണീയ സ്ഥാനമാകും അദ്ദേഹത്തിന് ലഭിക്കുക. ഐക്യരാഷ്ട്രസഭയുടെ വിദഗ്ധസമിതിയുടെ മൂന്നു തലങ്ങളിൽ രണ്ടെണ്ണവും കടന്ന് മൂന്നാമതെത്തിയശേഷം മൂന്നാമത്തെ തലത്തിലെ അതിവിദഗ്ധരായ ഏഴു പേരടങ്ങുന്ന ഉന്നത സമിതിയുടെ തലനാരിഴ കീറിമുറിച്ചുള്ള പരിശോധനയ്ക്കു ശേഷമാണ് ഈ അവാർഡ് പ്രഖ്യാപിക്കുന്നത്. സാധാരണക്കാരിൽ സാധാരണക്കാരായവർക്ക് നീതി കിട്ടാൻ വേണ്ടി അദ്ദേഹം എടുത്ത തീരുമാനത്തെ ആസ്പദമാക്കിയാണ് ഇത് വിലയിരുത്തേണ്ടത്. പൊതുജീവിതം നയിക്കുന്ന ഏതൊരാളിന്റെയും വിശിഷ്ടഗുണമാണ് സഹജീവിസ്നേഹവും പൊതുജനങ്ങളുടെ പ്രശ്നങ്ങൾ എത്ര ചെറുതാണെന്നു തോന്നുമെങ്കിലും അത് ഉൾക്കൊള്ളാനുള്ള ശേഷിയും. സാധാരണക്കാരുടെ പ്രശ്നങ്ങളിൽ താത്പര്യമുണ്ടെന്ന് ഒരു ഭരണാധികാരി ഭാവിച്ചാൽ കാര്യമില്ല. തങ്ങളുടെ നേതാവിൽ ഈ ഗുണഗണങ്ങളുണ്ടെന്ന് ജനങ്ങൾക്ക് ഉള്ളിൽ തട്ടി മനസ്സിലാകണം. അങ്ങനെ വരുമ്പോൾ ഒരു സ്വാഭാവിക ബന്ധം ഉരുത്തിരിയും. അത് നിഷ്കളങ്കമായ സ്നേഹബന്ധമാണ്. പരിപാവനമായ ആത്മബന്ധം. ഇതുകൊണ്ടാണ് 14 ജില്ലകളിലും ഔദ്യോഗിക വേലിക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ് ജനങ്ങൾ അദ്ദേഹത്തെ നെഞ്ചോടു ചേർത്തു നിർത്തിയതും സഹകരിച്ചതും. ഒരു ഔദ്യോഗിക സംവിധാനത്തിന് ചെയ്യാൻ കഴിയുന്നതിനമപ്പുറം ജനങ്ങൾ സ്വയമേവ തീർത്ത സുരക്ഷ നൽകി അദ്ദേഹത്തെ ആ മണിക്കൂറുകൾ മുഴുവൻ സുരക്ഷിതമാക്കി. ജനങ്ങൾ കൈമാറിയ ഒരു കപ്പ് ഓട്സ് കാച്ചിയതോ ഇളനീരോ മാത്രം കഴിച്ച് അവരിൽ നിന്നുള്ള നിശ്വാസവായു ഊർജമാക്കി എല്ലാം മറന്ന് അവരിലൊരാളായി.

നാടിനുവേണ്ടി ധാരാളം വികസനപ്രവർത്തനങ്ങൾ, മഹായത്നങ്ങൾ ഒക്കെ അദ്ദേഹം ഇക്കഴിഞ്ഞ വർഷങ്ങളിൽ ചെയ്തുകഴിഞ്ഞു. ഓഷോയുടെ ഒരു വാക്യം കടമെടുത്താൽ, ഭൂമിയിൽ കാലുറപ്പിച്ചു നിന്നുകൊണ്ടുള്ള ചന്ദ്രനിൽ തൊടുക എന്നു പറയുന്നതുപോലെ മാനവിക മൂല്യങ്ങളിൽ ഊന്നിനിന്ന് വൻവികസന പദ്ധതികൾ സാക്ഷാത്കരിക്കുക. ഇതാണ് അദ്ദേഹത്തിന്റെ ഭരണത്തിന്റെ മുഖമുദ്ര. ഐക്യരാഷ്ട്രസഭയുടെ ഈ അംഗീകാരം ഇനിയും വലിയ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള ഊർജവും മനസ്സും അദ്ദേഹത്തിനേകും. ■



# ഉത്സവഛായയിൽ ഒരു അധ്യയന വർഷം കൂടി

വർഷത്തിന്റെ സ്നിഗ്ധതയിൽ ചേമ്പിലക്കുള്ളിൽ പാതിനനഞ്ഞും ഈറച്ചാലിലെ മഴവെള്ളം തെറ്റിച്ചും പുത്തൻ മണം മാറാത്ത പുസ്തകത്താളുകളിലെ വെള്ളം പുതുവസ്ത്രം കൊണ്ട് തുടച്ചും പള്ളിക്കൂടത്തിൽ എത്തിയിരുന്ന ആ പഴയകാലത്തിന് ഇന്നും പുതുമയുടെ സുഗന്ധമുണ്ട്. അക്ഷരമുറ്റത്ത് അറിവന്റെ വെളിച്ചം പകരാൻ ഒരു അധ്യയന വർഷം കൂടി കടന്നുവന്നു.

അധ്യയന രീതിയിലെ നവീനതകളുമായി നവാഗതരെ വരവേൽക്കാൻ ജൂൺ മൂന്നിന് സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെ പ്രവേശനോത്സവങ്ങൾ സംഘടിപ്പിച്ചു. ഇക്കുറി മൂന്നരലക്ഷത്തോളം കുരുന്നുകൾ ഒന്നാം ക്ലാസ്സിൽ ചേർന്നുവെന്നാണ് കണക്ക്.

കോഴിക്കോട് മീഞ്ചന്ത വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സംസ്ഥാനതല പ്രവേശനോത്സവം മന്ത്രി പി.കെ. അബ്ദുറബ്ബ് ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ രംഗത്ത് സർക്കാർ കൊണ്ടുവന്ന പരിഷ്കാരങ്ങൾ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം



**സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് മീഞ്ചന്ത വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി പി.കെ. അബ്ദുറബ്ബ് നിർവഹിക്കുന്നു**

# കൊച്ചി മെട്രോയിലേക്ക് ഇനി മൂന്നു വർഷം



**കൊച്ചി മെട്രോ റെയിൽ നിർമാണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു**

കേരളത്തിന്റെ വികസന പ്രത്യാശകൾക്ക് പുതു ചലനമേകി കൊച്ചി മെട്രോ റെയിലിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഒരു ദിവസം പോലും മുടങ്ങാത്ത നിർമാണ പ്രവർത്തനത്തിലൂടെ 2016 ജൂലൈയിൽ മെട്രോ ഗതാഗതം തുടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ മെട്രോ റെയിലിന്റെ ഫ്ളാഗ് ഓഫ് നിർവഹിച്ചു. കൊച്ചി ജനതയ്ക്കു മാത്രമല്ല കേരളത്തിനാകെത്തന്നെയും അഭിമാനകരമായ നിമിഷമാണിതെന്ന് അദ്ദേഹം പറഞ്ഞു. തൃപ്പൂണിത്തുറയിലേക്കും ഐടി ഹബ്ബായ കാക്കനാട്ടേക്കും ഫോർട്ട് കൊച്ചിയിലേക്കും സർവീസ് നീട്ടിക്കൊണ്ട് പ്രവർത്തന പരിധി വ്യാപിപ്പിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര ഭക്ഷ്യ മന്ത്രി കെ.വി. തോമസ്, മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, കെ.എം. മാണി, കെ. ബാബു, ആര്യാടൻ മുഹമ്മദ്, വി.കെ. ഇബ്രാഹിം കുഞ്ഞ്, കൊച്ചി മേയർ ടോണി ചമ്മിണി, കൊച്ചി മെട്രോ മുഖ്യ ഉപദേഷ്ടാവ് ഇ. ശ്രീധരൻ, ജില്ലാ കളക്ടർ പി.എ. ഷേക്ക് പരീത് തുടങ്ങിയവർ പങ്കെടുത്തു.

25.62 കിലോമീറ്റർ ദൂരത്തിൽ ആലുവ മുതൽ പേട്ട വരെ നീളുന്ന മെട്രോ റെയിൽ 5181.79 കോടി രൂപ ചെലവിലാണ് നിർമിക്കുന്നത്.

വർദ്ധിപ്പിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. ഐടിയുടെ സഹായത്തോടെ കുട്ടികളിലെ പഠന പ്രക്രിയ ക്രിയാത്മകമാക്കുവാൻ നിരന്തര മൂല്യനിർണയം ഈ വർഷം മുതൽ നടപ്പാക്കുമെന്നും കുട്ടികളുടെ പഠനപുരോഗതി സോഫ്ട്‌വെയറിന്റെ സഹായത്തോടെ വിലയിരുത്തുമെന്നും മന്ത്രി വ്യക്തമാക്കി.

സർക്കാർ-എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് പാഠപുസ്തകത്തോടൊപ്പം രണ്ട് ജോഡി യൂണിഫോം നൽകുന്നതിനു പുറമെ ഏകീകൃത തിരിച്ചറിയൽ കാർഡും നിർബന്ധമാക്കും. ഇനി സ്കോളർഷിപ്പും ഉച്ചഭക്ഷണ സബ്സിഡിയും കലോത്സവ രജിസ്ട്രേഷനും ഏകീകൃത തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിലായിരിക്കും. കേന്ദ്രീയ വിദ്യാലയം മാതൃകയിൽ ഒരേ യൂണിഫോം ഏർപ്പെടുത്താനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

സ്കൂൾ പ്രവേശനോത്സവത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ സ്കൂളുകളിൽ വൈവിധ്യപൂർണമായ പരിപാടികൾ സംസ്ഥാന സർക്കാർ സംഘടിപ്പിച്ചത് ഏറെ ശ്രദ്ധേയമായി.

സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ മന്ത്രി ഡോ. എം.കെ. മുനീർ, എം.കെ. രാഘവൻ എം.പി., മേയർ എ.കെ. പ്രേമജം, പൊതു വിദ്യാഭ്യാസ ഡയറക്ടർ എ. ഷാജഹാൻ, അഡീഷണൽ ഡി.പി.ഐ. സരളമ്മ, കളക്ടർ സി.എ. ലത, എ.ഡി.എം. കെ.പി. രമാദേവി, കെ.എസ്.ഐ.ഇ. ചെയർമാൻ എം.സി. മായിൻഹാജി, കാലിക്കറ്റ് വികസന അതോറിറ്റി ചെയർമാൻ എൻ.സി. അബൂബക്കർ, കോർപ്പറേഷൻ വിദ്യാഭ്യാസ സ്ഥിര സമിതി അധ്യക്ഷ പി. ഉഷാദേവി തുടങ്ങിയവർ സന്നിഹിതരായി.

# ഇടമലക്കുടി പ്രത്യേക പാക്കേജിന് ആരംഭമായി



ഇടമലക്കുടി പ്രത്യേക പാക്കേജ് മന്ത്രി പി.കെ. ജയലക്ഷ്മി ഉദ്ഘാടനം ചെയ്യുന്നു

ഇടമലക്കുടി സ്പെഷ്യൽ പാക്കേജിന് ആരംഭം കുറിച്ചു. സംസ്ഥാനത്തെ ആദ്യ പട്ടികവർഗ പഞ്ചായത്തായ ഇടമലക്കുടിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പാക്കേജിന്റെ ഉദ്ഘാടനം ജൂൺ എട്ടിന് മൂന്നാർ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ പട്ടികവർഗ വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി നിർവഹിച്ചു. ആദ്യഘട്ടമായി രണ്ടു വർഷം കൊണ്ട് 10.35 കോടി രൂപയുടെ പദ്ധതി ഇടമലക്കുടിയിൽ നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു.

പാർപ്പിട പദ്ധതിയ്ക്കാണ് പ്രാമുഖ്യം നൽകുക. 106.56 സ്ക്വയർ കി.മീ. വിസ്തൃതിയിൽ 27 സെറ്റിൽമെന്റുകളിലായി 550 കുടുംബങ്ങളാണുള്ളത്. വാസയോഗ്യമല്ലാത്ത വീടുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ 250 എണ്ണം നിർമിക്കും.

ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്ന 10.35 കോടി രൂപയുടെ പ്രത്യേകപാക്കേജ് രണ്ടു വർഷം കൊണ്ട് പൂർത്തീകരിച്ചശേഷം രണ്ടാം ഘട്ടമായി കൂടുതൽ തുക അനുവദിക്കുമെന്ന് മന്ത്രി അറിയിച്ചു.

ആദിവാസി സെറ്റിൽമെന്റുകളിലെ കുട്ടികളെ വിദ്യാലയങ്ങളിലേക്ക് കൊണ്ടു പോകുന്നതിന് 'ഗോത്രസാരഥി' പദ്ധതിക്ക് ഈ മാസം തുടക്കം കുറിക്കും. ഇതിനായി ഓരോ സെറ്റിൽമെന്റുകളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുടെ പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കും. കുട്ടികളെ വിദ്യാലയങ്ങളിലെത്തിക്കുന്നതിന് വാഹനം വാങ്ങുന്നതിനും മറ്റും ഈ പദ്ധതി വഴി തുക അനുവദിക്കും. എല്ലാ ആദിവാസി അമ്മമാർക്കും പോഷകാഹാരം ഉറപ്പാക്കുന്ന 'ജനനി ജന്മരക്ഷാ' പദ്ധതി നടപ്പാക്കി വരുന്നു. ഗർഭിണിയായി മൂന്നാം മാസം മുതൽ തുടർച്ചയായി 18 മാസം 1000 രൂപ വീതം നൽകുന്ന പദ്ധതിയാണിത്.

ഇടമലക്കുടിയിൽ പരമ്പരാഗത കൃഷി രീതി പ്രോത്സാഹനം, സൗരോർജ വിളക്കുകളുടെ വിതരണം എന്നിവയ്ക്ക് പ്രാധാന്യം നൽകും. എം.പി. ചെയർമാനും എം.എൽ.എ. കോ-ചെയർമാനുമായ സ്പെഷ്യൽ പാക്കേജിന്റെ മോണിറ്ററിങ് സമിതിയിൽ ജില്ലാ കളക്ടറെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരുന്നതായും മന്ത്രി അറിയിച്ചു.

ചടങ്ങിൽ എസ്. രാജേന്ദ്രൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. പി.ടി. തോമസ് എം.പി. മുഖ്യപ്രഭാഷണം നടത്തി. ആർ.ഡി.ഒ. മധു ഗംഗാധർ, ഇടമലക്കുടി പഞ്ചായത്ത് പ്രസിഡൻഡ് കന്നിയമ്മ ശ്രീരംഗൻ, പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ കെ.സി. പ്രസാദ്, വിവിധ ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

***വി.ആർ. സന്തോഷ്***
*(അസി. എഡിറ്റർ, ഇടുക്കി)*

# സുതാര്യകേരളം തുണയായി; മിഥുന് ജോലി, രമണിയുടെ മകൾക്ക് വിവാഹ ധനസഹായം



സുതാര്യകേരളം കോഴിക്കോട് ജില്ലാതല ഓഫീസ് ഉദ്ഘാടനം ചെയ്ത ശേഷം മന്ത്രി കെ.സി. ജോസഫ് പരാതികൾ സ്വീകരിക്കുന്നു

സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തിന് മുന്നോടിയായി ജില്ലാ തലത്തിൽ പ്രവർത്തനം തുടങ്ങിയ സുതാര്യ കേരളത്തിന് കോഴിക്കോട് ജില്ലയിൽ ആവേശവും പ്രതീക്ഷയുമുണർത്തുന്ന തുടക്കം. സിവിൽ സ്റ്റേഷൻ ഗ്രൗണ്ട് ഫ്ളോറിൽ സജ്ജീകരിച്ച സുതാര്യകേരളം ജില്ലാ തല ഓഫീസ് മെയ് 10 ന് മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനച്ചടങ്ങിൽതന്നെ മന്ത്രിക്ക് ലഭിച്ച പരാതികളിലൊന്നായിരുന്നു കെ.പി. മിഥുന്റേത്. ഇതുൾപ്പെടെ 200 ഓളം പരാതികളാണ് അന്ന് മന്ത്രിക്ക് ലഭിച്ചത്.

മിഥുന്റെ പരാതിയിൽ മിന്നൽ വേഗത്തിലാണ് തീരുമാനമായത്. ബീവറേജസ് കോർപ്പറേഷന്റെ പേരാമ്പ്ര യൂണിറ്റിലെ ജീവനക്കാരനായിരിക്കെ 2011 മാർച്ച് 13 ന് മരണപ്പെട്ട ഡി. ജയദേവന്റെ മകനായ കെ.പി. മിഥുൻ ആശ്രിത നിയമനത്തിനായി അപേക്ഷ നൽകിയിരുന്നു. നിയമന നടപടികൾ വേഗത്തിലാക്കണമെന്ന് കാണിച്ച് സുതാര്യ കേരളത്തിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മെയ് 25ന് തന്നെ മിഥുന് ബീവറേജസ് കോർപ്പറേഷൻ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. മെയ് 31 ന് തന്നെ മിഥുൻ താമരശ്ശേരിയിൽ ബീവ്കോ യൂണിറ്റിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. കേവലം രണ്ട് ആഴ്ചകൊണ്ട് ജോലി കാര്യത്തിൽ അന്തിമ തീരുമാനമുണ്ടായതിൽ മിഥുനോടൊപ്പം സന്തോഷം പങ്കിടുകയാണ് അമ്മ ഉഷയും വലിയമ്മ ദേവകിയും സഹോദരി ഐശ്വര്യയും.

പിന്നാക്ക സമുദായ വികസന കോർപ്പറേഷനിൽ നിന്നും മകളുടെ വിവാഹത്തിന് ധനസഹായം ലഭിക്കാൻ മായനാട് പടിഞ്ഞാറെവീട്ടിൽ എം.എം. രമണി നൽകിയ അപേക്ഷ ഏഴു മാസമായി തീരുമാനമാകാതെ കിടന്നതാണ്. സുതാര്യകേരളത്തിൽനിന്ന് മെയ് 17 ന് വിവരം കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ അറിയിച്ചതിനെതുടർന്ന് മെയ് 25 ന് തന്നെ വായ്പ അനുവദിച്ച് പ്രശ്നം തീർപ്പാക്കിയതായി മാനേജിങ് ഡയറക്ടർ അറിയിച്ചു. ചെറുവണ്ണൂർ വെട്ടേരിപറമ്പ് പുത്തൻ പീടിയേക്കൽ ആദംകുട്ടിയുടെ വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷയിൽ അനുകൂല ശുപാർശ നൽകി ജില്ലാ കളക്ടറുടെ അനുമതിക്കായി ഫയൽ വിട്ട കാര്യം കോഴിക്കോട് നഗരസ യും അറിയിച്ചിട്ടുണ്ട്.

അർബുദം പിടിപെട്ട് റേഡിയേഷൻ ചികിത്സ നടത്തിവരുന്ന കുന്ദമംഗലം കമ്പനിമുക്ക് ഈഗിൾ പ്ലാന്റേഷൻ കോളിനിയിലെ കെ.ശ്രീമതിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 5000 രൂപ അനുവദിച്ചത് കൈപ്പറ്റാൻ കോഴിക്കോട് തഹസിൽദാർ അറിയിച്ചിട്ടുണ്ട്. എലത്തൂർ നാലൊന്നുകണ്ടി എസ്.കെ. ബസാർ എം.ബാലന് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ ആശ്വാസകിരണവുമായി എത്തി. ബാലൻ കാരന്നൂർ സർവീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയിൻമേൽ ഇളവിന് ശുപാർശ ചെയ്ത് സർക്കാരിലേക്ക് അയച്ച കാര്യം കമ്മീഷൻ സെക്രട്ടറി സുതാര്യ കേരളത്തെ അറിയിച്ചു.

ഇതിനകം 400 ൽ അധികം പരാതികൾ ജില്ലാതല സെല്ലിൽ ലഭിച്ചതായി നോഡൽ ഓഫീസർ കൂടിയായ പബ്ലിക് റിലേഷൻസ് ഡെപ്യൂട്ടി ഡയറക്ടർ പി. വിനോദ് അറിയിച്ചു. ഏതാണ്ട് എല്ലാ വകുപ്പ് മേധാവികളും വളരെ ക്രിയാത്മകമായാണ് പരാതികളോട് പ്രതികരിക്കുന്നതായി അദ്ദേഹം പറഞ്ഞു. സമയബന്ധിതമായി മറുപടി പരാതിക്കാരന് നൽകുന്നതോടൊപ്പം അതത് വകുപ്പുകൾ സുതാര്യ കേരളത്തിലും തീർപ്പുവിവരം റിപ്പോർട്ട് ചെയ്യുന്നുമുണ്ട്.

ജില്ലാ കളക്ടർ സി.എ ലതയാണ് സുതാര്യകേരളം മോണിറ്ററിംഗ് സമിതിയുടെ അധ്യക്ഷ. ജില്ലാ ഇൻഫർമേഷൻ ഓഫീസർ കൺവീനറുമാണ്. കെ.ആർ ജുബിഷ് ഓഫീസ് കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു. സജീവൻ മേച്ചേരി, കെ കിഷോർ കുമാർ എന്നിവർക്കാണ് ഓഫീസ് ചുമതല.

*പി. വിനോദ്,*
*ഡെപ്യൂട്ടി ഡയറക്ടർ, ഐ & പി. ആർ.ഡി*
*കോഴിക്കോട്*

# എം.ടി.യെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രകാശനം ചെയ്തു

# സർഗാത്മകതയുടെ ധന്യകാലം

മലയാളിയുടെ ഹൃദയനൈർമല്യം വായനയിലൂടെ അനുഭവിപ്പിച്ച മലയാളസാഹിത്യത്തിലെ ഉന്നത ശീർഷനായ എം.ടി. വാസുദേവൻനായരുടെ സർഗാത്മകജീവിതത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി കേരള സാഹിത്യ അക്കാദമി, കോഴിക്കോട് സംഘടിപ്പിച്ച ചടങ്ങിൽ പ്രകാശനം ചെയ്തു. ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ദ ആർട്സ് നിർമിച്ച 'എ മൊമന്റ്സ് ലൈഫ് ഇൻ ക്രിയേറ്റിവിറ്റി: എം.ടി. വാസുദേവൻ നായർ' എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്തത് കെ.പി. കുമാരനാണ്. കോഴിക്കോട് കൈരളി തീയേറ്ററിലാണ് ആദ്യപ്രദർശനം നടന്നത്. കോഴിക്കോട് സർവകലാശാല വൈസ്ചാൻസലർ ഡോ. എം. അബ്ദുൾസലാം സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരനു നൽകി ഡോക്യുമെന്ററി ഡി.വി.ഡി. പ്രകാശനം ചെയ്തു. ജ്ഞാനപീഠം ജേതാവും കന്നഡ സാഹിത്യകാരനുമായ ചന്ദ്രശേഖരകമ്പാർ മുഖ്യാതിഥിയായി. എം.ടി., ചന്ദ്രശേഖരകമ്പാർ, കെ.പി. കുമാരൻ എന്നിവരെ ന്യൂഡെൽഹിയിലെ ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ദ ആർട്സ് (ഐ.ജി.എൻ.സി.എ) മെമ്പർ സെക്രട്ടറി ദീപാലി ഖന്ന ആദരിച്ചു. ഐ.ജി.എൻ.സി.എയിലെ പ്രൊഫ. ആർ. നന്ദകുമാർ, സാഹിത്യ അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.




ഡോക്യുമെന്ററിയുടെ പ്രകാശന വേദിയിൽ

തുഞ്ചൻപറമ്പിൽ കുട്ടികളുടെ നാവിൽ ഹരിശ്രീ എഴുതുന്ന എം.ടിയിൽ നിന്നാണ് ഡോക്യുമെന്ററിയുടെ തുടക്കം. മാതൃഭൂമിയിൽ വന്നിരുന്ന കഥകൾ വീട്ടിനുള്ളിൽ ചർച്ചയായതും അകലെയുള്ള മറ്റൊരു വീട്ടിൽചെന്ന് ഏട്ടത്തിയമ്മ 'രമണ'ന്റെ ഒരു കോപ്പി കടംവാങ്ങിയതും വിനോദത്തിനായി കവിതയെഴുതി തുടങ്ങിയതും പഠനം മുടങ്ങിപ്പോയ ഒരു വർഷം അക്കിത്തത്തിന്റെ വീട്ടിൽനിന്ന് പുസ്തകങ്ങളെടുത്ത് വായിച്ചുതീർത്തതും പറയുമ്പോൾ മറയില്ലാത്ത വ്യക്തിത്വം നമുക്ക് തുറന്നുകാട്ടുന്നു എം.ടി.

പൊന്നാനിയും കൂടല്ലൂരും പാലക്കാട് വിക്ടോറിയാ കോളേജും കല്പാത്തിയും കോഴിക്കോടുമൊക്കെ ഡോക്യുമെന്ററിയിൽ പശ്ചാത്തലമാവുന്നുണ്ട്. എം.ടിയുടെ ദേശം, കാലം, എഴുത്ത്, തൊഴിൽ, സിനിമ, ഔദ്യോഗികസ്ഥാനങ്ങൾ തുടങ്ങിയവ ചിത്രത്തിലെ പല സന്ദർഭങ്ങളിൽ തെളിഞ്ഞുവരുന്നു. 72 മിനിറ്റ് ദൈർഘ്യമുള്ള 'എ മൊമന്റ്സ് ലൈഫ് ഇൻ ക്രിയേറ്റിവിറ്റിയിൽ ആഖ്യാനത്തിനും പശ്ചാത്തലത്തിനും അനുയോജ്യമായ ദൃശ്യാംശങ്ങളെല്ലാം സന്നിവേശിപ്പിച്ചിട്ടുണ്ട്. എഴുത്തിനെക്കുറിച്ച് എം.ടി. : "എനിക്ക് ഒറ്റയ്ക്ക് കളിയ്ക്കാവുന്ന വിനോദമായിരുന്നു സാഹിത്യം" പ്രേമത്തിന്റെയും നൈരാശ്യത്തിന്റെയും സാക്ഷിയായ പുഴയേയും പുഴയുടെ ഭാഷയേയും പ്രകൃതിയേയും കുറിച്ച് ഞാനെഴുതി. എം.ടിയുടെ *മുറപ്പെണ്ണും നിർമാല്യ*വും മുതൽ *പഴശ്ശിരാജയിൽ* എത്തിനിൽക്കുന്ന ചലച്ചിത്രലോകത്തെക്കുറിച്ചും അദ്ദേഹം പറയുന്നു. *കാലം, മഞ്ഞ്, അസുരവിത്ത്, നാലുകെട്ട്* എന്നീ നോവലുകളുടെ രചനാപശ്ചാത്തലം ഡോക്യുമെന്ററിയിൽ പ്രാധാന്യം നൽകി വിവരിക്കുന്നുണ്ട്.

എം.ടിയുടെ ശക്തമായ ആഖ്യാനശൈലിയും പ്രതിഭയും മറ്റുള്ളവരിലെ സാഹിത്യവാസന കണ്ടെത്താനുള്ള കഴിവും സക്കറിയ പറഞ്ഞു തരുന്നു. തന്റെ 'ഹിഗ്വിറ്റ' തെരഞ്ഞെടുത്ത് പ്രസിദ്ധീകരിച്ച എം.ടിയെ ഓർക്കുകയാണ് എൻ.എസ്. മാധവൻ. കലാമണ്ഡലത്തിലും കേരള സാഹിത്യ അക്കാദമിയിലും വഹിച്ച പദവികളും തുഞ്ചൻ സ്മാരക ട്രസ്റ്റ് ചെയർമാനായി 20 വർഷം നീണ്ട അനുഭവത്തിലൂടെ ഭാഷയുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും പറയുന്നതോടെ "എ മൊമന്റ്സ് ലൈഫ് ഇൻ ക്രിയേറ്റിവിറ്റി' ക്ക് തിരശ്ശീല വീഴുന്നു.

*രണ്ടാമൂഴ*ത്തിന്റെ വരയെപ്പറ്റി ആർട്ടിസ്റ്റ് നമ്പൂതിരിയും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. *മുറപ്പെണ്ണ്, ഓളവും തീരവും, നിർമ്മാല്യം, പഴശ്ശിരാജ* എന്നീ സിനിമകളുടെ ക്ലിപ്പിങ്ങുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആർ. നന്ദകുമാർ (രചന), ശശികുമാർ (ശബ്ദം), കെ.ജി. ജയൻ (ക്യാമറ), ടി. കൃഷ്ണനുണ്ണി (സൗണ്ട് ഡിസൈൻ), അതുൽ ബാലസുബ്രഹ്മണ്യം (സംഗീതം) എന്നിങ്ങനെ നിരവധി പേർ ചിത്രത്തിന്റെ പിന്നണിയിൽ സഹകരിച്ചിട്ടുണ്ട്. എം.ടിയുടെ ജീവിതവും എഴുത്തും ദൃശ്യകലയുമെല്ലാം ഒത്തുചേരുന്ന ഈ ഡോക്യുമെന്ററിയിൽ ഒരു മഹാനായ എഴുത്തുകാരനെയാണ് അനുഭവിക്കാനാവുക.

■ സതീഷ് പൂവത്തൂർ



# സീപ്ലെയിൻ എന്ന സ്വപ്ന പദ്ധതി



സീപ്ലെയിനിന്റെ കന്നിപ്പറക്കൽ മുഖ്യമന്ത്രി ഫ്ളാഗ് ഓഫ് ചെയ്യുന്നു

വികസന സംരംഭങ്ങൾക്ക് ആക്കം കൂട്ടുന്ന നിരവധി ബൃഹത് പദ്ധതികൾ സർക്കാർ സമയബന്ധിതമായി നടപ്പാക്കിവിജയം കണ്ടു. വികസന വീഥിയിലെ മറ്റൊരു നാഴികക്കല്ലാണ് സീപ്ലെയിൻ പദ്ധതി.

വിനോദസഞ്ചാരമേഖലയിൽ കേരളത്തിന്റെ അനന്തമായ സാധ്യതകൾ വർധിപ്പിക്കാൻ പര്യാപ്തമായ ആദ്യ ജലവിമാനത്തിന്റെ കന്നി പറക്കൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ജൂൺ രണ്ടിന് കൊല്ലം അഷ്ടമുടി കായലിൽ ഫ്ളാഗ് ഓഫ് ചെയ്തു. മത്സ്യത്തൊഴിലാളികളുടെ ജീവിതോപാധിക്ക് തടസ്സം സൃഷ്ടിക്കുന്ന ഒന്നും ജലവിമാനപദ്ധതിമൂലം ഉണ്ടാകില്ലെന്ന് മുഖ്യമന്ത്രി ഉദ്ഘാടന ചടങ്ങിൽ വ്യക്തമാക്കി. ജലവിമാന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ ഉദ്യോഗസ്ഥർക്ക് ഗുഡ്സർവീസ് എൻട്രി നൽകുമെന്നും തദവസരത്തിൽ അദ്ദേഹം പറഞ്ഞു. ചടങ്ങിൽ മന്ത്രിമാരായ കെ. ബാബു, എ.പി. അനിൽകുമാർ, കേന്ദ്രമന്ത്രിമാരായ കെ.സി. വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ്, എൻ. പി. പീതാംബരക്കുറുപ്പ് എം.പി എന്നിവർ സംബന്ധിച്ചു.

ആറു പേർക്ക് യാത്ര ചെയ്യാവുന്ന ചെറു വിമാനമാണിത്. ഒരു കിലോമീറ്റർ പ്രദേശമാണ് പറന്നുയരാനും ഇറങ്ങാനുമായി സജ്ജീകരിച്ചിരിക്കുന്നത്. മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ലെന്നതും സീ പ്ലെയിനിന്റെ ഏറ്റവും വലിയ സവിശേഷതയാണ്.

# കേരളത്തിന്റെ മാനം കാത്ത മലയാളി



ക്രിക്കറ്റ് ലോകത്ത് കേരളത്തിന്റെ അഭിമാനം വാനോളമുയർത്തിയ സഞ്ജു വി. സാംസണ് ജന്മനാടായ തിരുവനന്തപുരത്തെ വള്ളക്കടവിൽ വൻ ജനാവലിയുടെ ഊഷ്മള വരവേൽപ്.

ഐ.പി.എൽ. ക്രിക്കറ്റിൽ ഇടംകിട്ടിയ സഞ്ജു രാജസ്ഥാൻ റോയൽസിനുവേണ്ടി മിന്നുന്ന പ്രകടനം കാഴ്ചവെച്ചതിൽ, ബാംഗ്ലൂരിനെതിരെ നേടിയ 63 റൺസിന്റെ ഇന്നിംഗ്സായിരുന്ന സഞ്ജുവിനെ യുവ താരപദവിയിൽ എത്തിച്ചത്.

2007 ൽ അണ്ടർ 13 കേരള ക്യാപ്റ്റനായിരുന്നു. ആ വർഷം 974 റൺസാണ് സഞ്ജു നേടിയത്. കർണാടക, ഗോവ, തമിഴ്നാട് എന്നിവർക്കെതിരെ സെഞ്ചുറി നേടി. 2009 ൽ അണ്ടർ 19 വിഭാഗത്തിൽ ഒരു സെഞ്ചുറിയും ഒരു ഹാഫ് സെഞ്ചുറിയും നേടി. 2011 ൽ അണ്ടർ 16, അണ്ടർ 19 വിഭാഗങ്ങളിലായി നടന്ന മത്സരത്തിൽ മൂന്നു സെഞ്ചുറികളും ഗോവയ്ക്കെതിരെ ഒരു ഡബിൾ സെഞ്ചുറിയും ഉൾപ്പെടെ ആകെ 568 റൺസ് നേടാനായി.

കഴിഞ്ഞ വർഷം ഐ.പി.എൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ്റൈഡേഴ്സ് ടീമിൽ അംഗമായെങ്കിലും കളിക്കളത്തിൽ ഇറങ്ങാൻ അവസരം ലഭിച്ചില്ല. രഞ്ജി ട്രോഫിയിൽ മിന്നുന്ന പ്രകടനം കാഴ്ചവെച്ച സഞ്ജുവിന് ആ മികവ് രാജസ്ഥാൻ റോയൽസിലെത്താനും കരുത്തേകി.

# മത്സ്യത്തൊഴിലാളികൾക്കായി മറൈൻ ആംബുലൻസുകൾ

മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കായി മറൈൻ ആംബുലൻസുകൾ എത്തുന്നു. 108 എമർജൻസി ആംബുലൻസിന്റെ മാതൃകയിലാണ് അത്യാധുനിക ജീവൻരക്ഷാ ഉപകരണങ്ങളുള്ള മറൈൻ ആംബുലൻസുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ ആദ്യഘട്ടത്തിൽ ആരംഭിക്കുന്ന ആംബുലൻസുകൾ പിന്നീട് മറ്റു തീരദേശങ്ങളിലും വ്യാപിപ്പിക്കും. ബോട്ട് വാങ്ങി ആംബുലൻസാക്കി രൂപമാറ്റം വരുത്തുകയാണ് ചെയ്യുക. ഇതിന് ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. മറൈൻ ആംബുലൻസ് വാങ്ങാനുള്ള ഫിഷറീസ് വകുപ്പിന്റെ നിർദേശത്തിന് ഉടൻ ഭരണാനുമതി നൽകുമെന്നും ഈ വർഷം തന്നെ ആംബുലൻസുകൾ കടലിൽ ഇറക്കുമെന്നും മന്ത്രി കെ. ബാബു പറഞ്ഞു.

മത്സ്യത്തൊഴിലാളികൾക്ക് കടലിൽവെച്ച് അപകടം സംഭവിച്ചാലോ, വൈദ്യസഹായം ആവശ്യമായി വരികയാണെങ്കിലോ വയർലസ് സംവിധാനത്തിലൂടെ കരയിൽ വിവരമറിയിക്കാം. തുടർന്ന് ഗ്ലോബൽ പൊസിഷനിങ് സംവിധാനം (ജി.പി.എസ്.) വഴി സഹായം ആവശ്യമായ സ്ഥലം മനസ്സിലാക്കി മറൈൻ ആംബുലൻസ് പാഞ്ഞെത്തും. ഇതിന്റെ ഭാഗമായി കടലിൽ 70 കിലോമീറ്റർ വരെ ദൂരത്തുനിന്ന് വിവരങ്ങൾ കരയിൽ അറിയിക്കാൻ കഴിയുന്ന ഉപകരണങ്ങൾ ബോട്ടുകളിലും സ്ഥാപിക്കാൻ തീരുമാനിച്ചു.

# കുട്ടികൾക്കൊരു പരാതിപ്പെട്ടി

വിദ്യാലയങ്ങളിലും ക്ലാസ് മുറികളിലും കുട്ടികൾക്ക് നേരെയുണ്ടാകുന്ന ഏതു തരത്തിലുള്ള അതിക്രമങ്ങളും അപമര്യാദകളും അപ്പപ്പോൾ പൊലീസിന് അറിയാനാകും. അധ്യാപകർ അടിച്ചാലും സഭ്യതവിട്ട് പെരുമാറിയാലും സ്വകാര്യബസിലെ ജീവനക്കാരൻ മര്യാദ ലംഘിച്ച് പ്രവർത്തിച്ചാലും ഉടൻ പൊലീസ് നടപടിയെടുക്കുന്നതിനുള്ള സംവിധാനം സ്കൂളുകളിൽ സജ്ജമായി. ഇതിനായി കുട്ടികൾക്കായുള്ള പരാതിപ്പെട്ടി എല്ലാ വിദ്യാലയങ്ങളിലും തുറന്നു.

വിദ്യാർഥികൾക്കു നേരെയുള്ള ലൈംഗിക പീഡനങ്ങളും കയ്യേറ്റങ്ങളും തടയാൻ ലക്ഷ്യമിട്ടാണ് പരാതിപ്പെട്ടി സ്ഥാപിക്കുന്നത്. പെൺകുട്ടികൾക്ക് ഇതു പ്രത്യേക സുരക്ഷയാകും. രക്ഷിതാക്കളോടും അധ്യാപകരോടും വെളിപ്പെടുത്താനാകാത്ത പരാതികൾ വിദ്യാർഥികൾക്ക് ഇതിൽ എഴുതിയിടാം, ഒരാഴ്ചയ്ക്കുള്ളിൽ അന്വേഷണം നടത്തി നടപടിയെടുക്കുമെന്ന് ഡി.ജി.പി. എസ്. ബാലസുബ്രഹ്മണ്യൻ അറിയിച്ചു.

രാജ്യത്ത് ആദ്യമായിട്ടാണ് പൊലീസിന്റെ മേൽനോട്ടത്തിൽ ഇത്തരമൊരു സംവിധാനം. ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇതിന് നിർദേശം നൽകിയത്.

# ഇന്ത്യൻ സിനിമയിലെ നവഭാവുകത്വം മാഞ്ഞു

ബംഗാളി സിനിമയിൽ രണ്ടു ദശാബ്ദത്തോളം നവതരംഗം സൃഷ്ടിച്ച വിഖ്യാത സംവിധായകനും നടനുമായ ഋതുപർണഘോഷ് (ജനനം: 1963 ആഗസ്റ്റ് 31 – മരണം: 2013 മെയ് 30) ഓർമയായി. പുതിയ ചിത്രമായ 'സത്യാന്വേഷി'യുടെ ഷൂട്ടിങ് പൂർത്തിയാക്കിയതിനു തൊട്ടുപിന്നാലെ ഹൃദയസ്തംഭനത്തെത്തുടർന്നായിരുന്നു അന്ത്യം. പാൻക്രിയാസ് സംബന്ധമായ ചികിത്സയിലായിരുന്നു ഏറെക്കാലം.

ഋതുപർണഘോഷിന്റെ ചിത്രങ്ങൾക്ക് എട്ടുതവണ മികച്ച സിനിമയ്ക്കുള്ള ദേശീയ പുരസ്കാരം ലഭിച്ചു. 2000 ൽ ബർലിൻ രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ നൈറ്റ്പാക് പുരസ്കാരവും 1999 ലും 2002 ലും മുംബൈ രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ ഫിപ്രസി പുരസ്കാരവും നേടി.

ബംഗാളിക്കു പുറമെ ഹിന്ദിയിലും ഇംഗ്ലീഷിലും നിരവധി സിനിമകൾ അദ്ദേഹം സംവിധാനം ചെയ്തു. ഐശ്വര്യാറായ് വേഷമിട്ട *റെയിൻ കോട്ട്* (2005) മികച്ച ഹിന്ദി ചിത്രത്തിനും അമിതാഭ് ബച്ചനും പ്രീതി സിന്റയും അഭിനയിച്ച *ദ ലാസ്റ്റ് ലിയർ* (2008) മികച്ച ഇംഗ്ലീഷ് ചിത്രത്തിനുമുള്ള ദേശീയ പുരസ്കാരങ്ങൾ നേടി. *ഉത്സവ്* (2001), *അബൊഹൊമൻ* (2010) എന്നിവയ്ക്ക് മികച്ച സംവിധാനത്തിനും *ദഹൻ* (1998) എന്ന ചിത്രത്തിന് മികച്ച തിരക്കഥയ്ക്കുള്ള ദേശീയ അംഗീകാരവും ലഭിച്ചു.

2012 ൽ പുറത്തിറങ്ങിയ *ചിത്രാംഗദ*യിലെ ഋതുപർണഘോഷിന്റെ ഉഭയലൈംഗിക വ്യക്തിത്വമുള്ള കൊറിയോഗ്രാഫറുടെ വേഷം ഏറെ ജനപ്രീതി നേടിയിരുന്നു. 1994 ൽ ഹിരേർ അംഗ്തി എന്ന ബാലചിത്രത്തിലൂടെ സിനിമാലോകത്തെത്തിയ ഋതുപർണഘോഷ്, പിന്നീട് സ്ത്രീ ജീവിതത്തിന്റെ വൈകാരികതകളിലേക്കാണ് ക്യാമറ തിരിച്ചത്.



*ചോക്കർബാലി, അസുഖ്, ബരിവാലി, അന്തർമഹൽ, നൗകദുബി* എന്നിവ ശ്രദ്ധേയ ചിത്രങ്ങളാണ്.

■ സജി ശ്രീവത്സം

# പാട്ടെഴുത്തിന്റെ ലയഭംഗികൾ

കർണാടക സംഗീതത്തെക്കുറിച്ച് മലയാളത്തിൽ നിരവധി പുസ്തകങ്ങൾ ഇറങ്ങിയിട്ടുണ്ട്. ഒക്കെയും ശാസ്ത്രനിബദ്ധമാണ്. അക്കാദമിക് ശൈലിയിലാണ് ഇത്തരം പുസ്തകങ്ങൾ ബഹുഭൂരിപക്ഷവും എഴുതപ്പെടുന്നത്. സംഗീതശാസ്ത്രം മനസ്സിലാക്കിത്തരുന്നതോ കീർത്തനങ്ങളെ വ്യാഖ്യാനിക്കുന്നതോ നൊട്ടേഷനുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളവയോ വെറും ജീവചരിത്ര വ്യാഖ്യാനങ്ങളോ ആണ് ഒട്ടുമിക്കവയും. അവയെ ഗൗരവമായി അതേസമയം സാധാരണ വായനക്കാർക്കും സുഗ്രാഹ്യമായ സംഗീതമെഴുത്ത് എന്നുവിളിക്കാനാവില്ല. ഇവിടെ വേറിട്ടുനിൽക്കുന്ന പാട്ടെഴുത്താണ് രമേശ് ഗോപാലകൃഷ്ണന്റെ കർണാടക സംഗീതകാരന്മാർ എന്ന പുസ്തകം.


സംഗീതത്തിൽ തീർത്തും പാരമ്പര്യവാദിയാണ് താനെന്ന് രമേശിന്റെ എഴുത്തുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. അരിയക്കുടിയിൽ തുടങ്ങി ചെമ്പൈ, മഹാരാജപുരം, മുസിരി, ശെമ്മാങ്കുടി ഇങ്ങനെ കർണാടക സംഗീതത്തിലെ യുഗപ്രഭാവന്മാരായ സംഗീതജ്ഞരെ ഓരോരുത്തരെയായി പരിചയപ്പെടുത്തുകയാണ് രമേശ് ഈ പുസ്തകത്തിലൂടെ. മിക്ക ലേഖനങ്ങളിലും നമ്മൾ ഒരു സംഗീതജ്ഞനെ അറിയാറേയുള്ളൂ, കേൾക്കാറില്ല. എന്നാൽ ഇവിടെ രമേശ് വാക്കുകൾകൊണ്ട് സംഗീതം കേൾപ്പിച്ചുതരുന്നു.

സാവേരി രാഗത്തിലുള്ള 'രാമബാണത്രാണശൗര്യ' എന്ന കൃതിയിലെ

'തമ്മുഡു ബഡലിന വേള സുരരിപു
തെമ്മനിചക്കര ബഞ്ചീയഗഗനി'

എന്ന ഭാഗം നിരവൽ ചെയ്യുമ്പോൾ നമ്മയുടെ സംഗീതജ്ഞനായി രമേശ് വിശേഷിപ്പിക്കുന്ന ഡി.കെ ജയരാമൻ കൊണ്ടുവരുന്ന ആലാപനസംഗതികൾ കർണാടക സംഗീതത്തിന്റെ സ്നിഗ്ധസൗന്ദര്യത്തെ പ്രകാശിപ്പിക്കുന്നുവെന്ന് അദ്ദേഹം എഴുതുന്നു. ഇങ്ങനെയൊരു കീർത്തനം അദ്ദേഹം പാടിക്കേട്ടിട്ടില്ലാത്തവരും അദ്ദേഹത്തിന്റെ ആലാപനത്തിന്റെ പ്രൗഢിയും സൗന്ദര്യവും ആസ്വദിക്കാൻ കഴിയും. കാരണം അത്രത്തോളം ആ ഗായകന്റെ ആലാപനത്തെ രമേശ് ഉൾക്കൊണ്ടിരിക്കുന്നു.

ഏതു മഹാനായ സംഗീതജ്ഞനെക്കുറിച്ച് എഴുതുമ്പോഴും രമേശ് അയാളിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. അയാൾക്ക് മുമ്പ് നിലനിന്ന സംഗീതശൈലികൾ, വ്യക്തികൾ, ഗുരുക്കന്മാർ ഓരോരുത്തരുടെയും സംഗീതവും ജീവിതവും സ്വാധീനിച്ച രീതികൾ ആലാപനത്തിൽ കടന്നുവന്ന സൂക്ഷ്മ സ്വാധീനങ്ങൾ ഇവയെല്ലാം കൃത്യമായി നിരീക്ഷിക്കുന്നു. കർണാടക സംഗീതജ്ഞരെക്കുറിച്ച് പലപ്പോഴും പറയപ്പെടുന്ന അമാനുഷിക കഥകളും സ്തുതിഗീതങ്ങളും ഒഴിവാക്കി ആലാപനവും ജീവിതമുഹൂർത്തവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് വ്യക്തിജീവിതം ഇവിടെ കടന്നുവരുന്നത്. ഉദാഹരണത്തിന് ഒരു നിരീക്ഷണം. എം.എസ്. സുബ്ബലക്ഷ്മി ജീവിതത്തിൽ ഏറ്റവുമധികം സ്നേഹിച്ചത് സംഗീതത്തെയായിരുന്നെങ്കിൽ അവരുടെ ഭർത്താവ് സദാശിവത്തിന് ജീവവായു എം.എസ് ആയിരുന്നു. എം.എസിനെ സ്നേഹിക്കുമ്പോൾ സദാശിവം രണ്ടു കുട്ടികളുടെ അച്ഛനായിരുന്നു. എന്നാൽ തന്റെ സംഗീതത്തിനുവേണ്ടി എം.എസ് അമ്മയെ ഉപേക്ഷിച്ച് മദ്രാസിനു വണ്ടികയറി. അങ്ങനെ അവർ നേടിയത് അവരുടെ സംഗീതത്തിനുവേണ്ടി ജീവിച്ച ഭർത്താവിനെയാണ്. എം.എസിനെക്കാൾമുമ്പെ സംഗീതത്തിലെ ആൺകോയ്മയെ വെല്ലുവിളിച്ച വസന്തകോകിലം, സുന്ദരാംബാൾ, പട്ടമ്മാൾ, വസന്തകുമാരി എന്നിവരെപ്പറ്റിയും അവരുടെ ആലാപനത്തിന്റെ ശക്തിമണ്ഡലങ്ങളെക്കുറിച്ചും എടുത്തുപറയുന്നു.




ആഭേരി രാഗത്തിൽ ത്യാഗരാജൻ രചിച്ച 'നഗുമോമു' എന്ന കീർത്തനം മുസിരി സുബ്രഹ്മണ്യയ്യർ കർണാടക ദേവഗാന്ധാരി രാഗത്തിൽ പാടിവന്നത് അന്നത്തെ പാരമ്പര്യവാദികളെ ചൊടിപ്പിച്ചത്രെ! എന്നാൽ അത് സുബ്ബലക്ഷ്മിയൊക്കെ പിന്തുടർന്നതോടെ അംഗീകരിക്കപ്പെട്ടു. പിന്നീട് അതേ ആലാപനത്തിന് മാറ്റങ്ങൾ വന്നുവെങ്കിലും പാരമ്പര്യവാദിയായിരുന്നു മുസിരി. സ്വന്തം കലാവാസനയെ സാമ്പ്രദായികശുദ്ധിയിൽ തളച്ചിട്ട മുസിരിയുടെ ജീവിതവാസനയും ആഡംബരം നിറഞ്ഞതായിരുന്നു.

കച്ചേരികളിലൂടെ ധാരാളം പണം സമ്പാദിച്ച മുസിരി അക്കാലത്ത് ആദ്യമായി കാറുവാങ്ങിച്ച സംഗീതജ്ഞനായിരുന്നു. മൈലാപ്പൂരിലെ ഒലിവർ റോഡിൽ ആദ്യമായി ബംഗ്ളാവ് പണിത സംഗീതജ്ഞനായ മുസിരി പണത്തോടുള്ള ആർത്തിയാൽ കുതിരപ്പന്തയത്തിലും ഓഹരിവിപണിയിലും പോയ വൈരുധ്യം രമേശ് വരച്ചുകാട്ടുന്നു.

750-ലധികം കൃതികൾ പഠിച്ചുപാടിയിരുന്ന ശെമ്മാങ്കുടി ശ്രീനിവാസയ്യർ ഇരുപത്തിയഞ്ച് വയസ്സിനുള്ളിൽ മുൻനിര സംഗീതജ്ഞനായി മാറിയത് ശബ്ദം നല്ലതല്ലാത്തതിനാൽ ഗുരുനാഥനടക്കം നാട്ടുകാർ കളിയാക്കിയ ശേഷമായിരുന്നെന്ന് ആർക്കും പ്രചോദനമാകുന്ന അനുഭവമായി രമേശ് അവതരിപ്പിക്കുന്നു.

ടൈഗർ വരദാചാരിയുടെ ശിഷ്യന്മാരായിരുന്ന ജി.എൻ.ബിയും എം.ഡി.രാമനാഥനും വ്യത്യസ്തമായ രണ്ടു ശൈലികളിലൂടെ സംഗീതത്തെക്കൊണ്ടുപോയത് ചരിത്രകൗതുകത്തോടെ രമേശ് നിരീക്ഷിക്കുന്നു. ജി.എൻ.ബിയുടെയും എം.എൻ.വിയുടെയും സംഗീതം പ്രണയനിബദ്ധമായിരുന്നെന്നും ധനമ്മാളിന്റെയും മണി അയ്യരുടെയും കുടുംബബാണികൾ സംഗീതചരിത്രത്തിൽ ഒഴുകിനിറയുന്നതും രമേശ് വരച്ചുകാട്ടുന്നു. 'നാഭീഹൃദ്കണ്ഠരലന നാസാദുലയന്തു' എന്നു ത്യാഗരാജൻ പാടിയ സംഗീതസിദ്ധാന്തത്തെ അക്ഷരംപ്രതി അനുസ്മരിപ്പിക്കുന്ന ആലാപനസിദ്ധിയാണ് എം.ഡി.രാമനാഥന്റേതെന്നും അദ്ദേഹം 'മഹാഗണപതിം മനസാസ്മരാമി' പാടുമ്പോൾ ആസ്വാദകമനസ്സിൽ പ്രണവാകാരമായി രൂപം പ്രാപിക്കുന്നു എന്നുമൊക്കെയുള്ള രമേശിന്റെ നിരീക്ഷണങ്ങൾ വാക്കുകളിൽ നിറയുന്ന സംഗീതം കൂടിയാണ്.


മലയാളികളായ സംഗീതജ്ഞർ ചെമ്പൈ, കെ.വി.നാരായണസ്വാമി, എം.ഡി.രാമനാഥൻ എന്നിവർക്കൊപ്പം തുടർന്നുള്ള തലമുറയിലെ നെയ്യാറ്റിൻകര വാസുദേവൻ, തൃശ്ശൂർ വി.രാമചന്ദ്രൻ എന്നിവരെയും അർഹിക്കുന്ന പ്രാധാന്യത്തോടെ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മധുരൈ ടി.എൻ. ശേഷഗോപാലനുമായുള്ള ദീർഘസംഭാഷണവും ചേർത്തിട്ടുണ്ട്. സംഗീതം പഠിക്കുന്ന വിദ്യാർഥികൾക്കും ഗവേഷകർക്കും ആസ്വാദകർക്കും ഒരുപോലെ താത്പര്യമുണർത്തുന്ന പുസ്തകമാണിതെന്ന് നിസംശയം പറയാം.

*കർണാടക സംഗീതകാരന്മാർ*
*രമേശ് ഗോപാലകൃഷ്ണൻ*
*പ്രസാധകർ : ഡി.സി. ബുക്സ്*
*വില : 120രൂപ* ■

പെൺജീവിതം

ഡോ. ആർ. ശ്രീലതാവർമ

# നിശബ്ദം - ശബ്ദം



ശബ്ദങ്ങളുടെ ലോകം അനന്തവും വിചിത്രവുമാണ്. മൃദുശബ്ദങ്ങൾ മുതൽ അതിഘോര ശബ്ദങ്ങൾ വരെയുള്ള സങ്കീർണമായ ഒരു ലോകം ശബ്ദങ്ങൾക്കുണ്ട്. കേൾക്കുക എന്ന പ്രക്രിയയോടാണ്, ശ്രവണേന്ദ്രിയത്തോടാണ് ശബ്ദങ്ങൾക്ക് ബന്ധം. മനുഷ്യരെ സംബന്ധിച്ച് മിണ്ടുക/ കേൾക്കുക ഈ രണ്ടു പ്രക്രിയകളും ശരിയായ ആശയവിനിമയത്തിന് ഒഴിച്ചുകൂടാൻ കഴിയാത്തതാണെന്ന് എല്ലാവർക്കുമറിയാം. മിണ്ടാൻ കഴിയാത്ത സ്ഥിതി, കേൾക്കാൻ കഴിയാത്ത സ്ഥിതി - ഇവയെല്ലാം എത്രത്തോളം ദുഃഖകരമാണെന്നുള്ളതും വിശേഷിച്ച് പറയേണ്ടതില്ല. സാഹചര്യങ്ങൾക്കു വഴിപ്പെട്ട് സ്വയം നിശബ്ദത സ്വീകരിക്കേണ്ടിവരുന്ന സ്ഥിതി ഒട്ടും സാധാരണമല്ല. ഈ സ്ഥിതിതന്നെ ഉപജീവന-രക്ഷാമാർഗമായി കരുതുമ്പോൾ അതിന് അസാധാരണത്വം കൂടുന്നു. ഇത്തരത്തിൽ വളരെ അസാധാരണമായ ഒരു ജീവിതസന്ദർഭം എന്റെ ഓർമയിലുണ്ട്.

കുട്ടിക്കാലം. ഞാനന്ന് അഞ്ചാം ക്ലാസ്സിലോ, ആറാം ക്ലാസ്സിലോ പഠിക്കുന്നു. തിരുവനന്തപുരത്ത് പെരുന്താന്നിയിലായിരന്നു ഞങ്ങളുടെ വീട്. സിറ്റിയുടെ തിരക്കിൽ നിന്നും ബഹളങ്ങളിൽ നിന്നും എറെക്കുറെ ഒഴിഞ്ഞ്, സ്വസ്ഥമായ ഒരിടമായിരുന്നു അന്ന് പെരുന്താന്നി. പറമ്പ് ചെത്തി വൃത്തിയാക്കുന്നതിനും മറ്റ് പുറം പണികൾക്കുമൊക്കെ പതിവുകാരുണ്ടായിരുന്നു. ഇവരിൽ ചിലരുടെ സംസാരരീതികളും ആംഗ്യവിക്ഷേപങ്ങളും മറ്റും നിരീക്ഷിക്കുന്നത് എനിക്കു വളരെ രസമുള്ള കാര്യമായിരുന്നു അന്ന്. ഭിക്ഷയാചിച്ചെത്തുന്നവരിലുമുണ്ടായിരുന്നു പതിവുകാർ. വീടുകൾ

തോറുംകയറിയിറങ്ങി ഭിക്ഷയാചിക്കുന്നവർ ഇന്ന് വളരെയൊന്നുമില്ല. ബസ് സ്റ്റാന്റിലോ തീർഥാടനകേന്ദ്രങ്ങളിലോ ആകും ഇന്ന് യാചകരെ കൂടുതലും കണ്ടുമുട്ടുക. പതിവായി ഭിക്ഷയാചിച്ച് എത്തിയിരുന്ന ചിലർക്ക് അമ്മ ഭക്ഷണവും കൊടുത്തിരുന്നു. ഞങ്ങളുടെ വീടിനുപിന്നിൽ അന്ന് നിറയെ വാഴയായിരുന്നു. വാഴയിൽ നിന്ന് ഇലയുമെടുത്ത് അലക്കുകല്ലിന്റെ ചുവട്ടിലിരുന്ന് അമ്മ വിളമ്പിക്കൊടുക്കുന്ന ചോറ് തൃപ്തിയോടെ കഴിക്കുമ്പോൾ അവരുടെ കണ്ണുകളിൽ ഒരു തിളക്കം നിറഞ്ഞു നിൽക്കും. പതിവായി ഭിക്ഷയാചിച്ചെത്തിയിരുന്നവരുടെ കൂട്ടത്തിൽ സംസാരശേഷിയില്ലാത്ത ഒരു സ്ത്രീയുമുണ്ട്. ചുറ്റുവട്ടത്തുള്ളവരെല്ലാം അവരെ ഊമ എന്നാണ് വിളിക്കുക. മിണ്ടാൻ കഴിയില്ല. എന്നാൽ വികൃതമായ ഒരു ശബ്ദം പുറപ്പെടുവിക്കും. മിണ്ടാനാകില്ലെന്ന ആംഗ്യത്തോടെ കണ്ണിൽ ദൈന്യത നിറച്ച് കൈനീട്ടി യാചിക്കും. അമ്മ വീട്ടിലുണ്ടെങ്കിൽ ഭക്ഷണം കൊടുക്കാതെ ഇവരെ പറഞ്ഞയക്കില്ല. 'എത്ര നടന്നാലായിരിക്കും എന്തെങ്കിലും കിട്ടുന്നത്; അല്ലെങ്കിൽ അന്നത്തോളം വലുതല്ലല്ലോ ഒന്നും' എന്ന് അമ്മ പറയുമായിരുന്നു. അന്ന് അതിന്റെ അർഥം പൂർണമായി മനസ്സലായിരുന്നില്ല. എങ്കിലും കേൾക്കുമ്പോൾ എന്തുകൊണ്ടോ സങ്കടം വന്നിരുന്നു.

അങ്ങനെ ഒരവധിക്കാലം വന്നു. എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണയം നടക്കുന്ന സമയമായതുകൊണ്ട് അമ്മയ്ക്ക് ഒഴിവില്ല. പേപ്പർ നോട്ടം വല്ലാത്ത പണിയല്ലേ, അമ്മ പോകണ്ട - എന്ന് ഞാൻ പറയും. ചേച്ചിക്ക് ഈവക പറച്ചിലുകളൊന്നുമില്ലെങ്കിലും അമ്മ വീട്ടിലുണ്ടെങ്കിൽ കൂടുതൽ സന്തോഷം. എന്തായാലും അത്തവണ അമ്മയ്ക്ക് വാല്യുവേഷൻ ഡ്യൂട്ടിയുണ്ടായിരുന്നു. രാവിലെ പത്തുമണി കഴിഞ്ഞ നേരം ആരോ ഗെയ്റ്റ് തുറക്കുന്ന ശബ്ദം കേട്ട് ഞാൻ ചെന്നു നോക്കിയപ്പോൾ 'ഊമ'ഗെയ്റ്റ് കടന്നുവരുന്നു. അമ്മ വീട്ടിൽ ഇല്ലെന്നു മനസ്സിലായിട്ടാവണം പതിവുപോലെയുള്ള ആംഗ്യത്തിനും യാചനയ്ക്കും ശേഷം കയ്യിലുള്ള പാത്രം നീട്ടിക്കാണിച്ചു. രാവിലത്തെ ഭക്ഷണം ബാക്കിയുണ്ടായിരുന്നത് ചേച്ചി എടുത്തുകൊണ്ടുവന്നു കൊടുത്തു. ചിരിച്ച്, തൊഴുത്, സന്തോഷത്തോടെ പോകുകയും ചെയ്തു.

അച്ഛൻ ചില കത്തുകൾ പോസ്റ്റ് ചെയ്യാനും സ്റ്റാമ്പ്, കവർ തുടങ്ങിയവ വാങ്ങാനും ഏൽപ്പിച്ചിരുന്നതുകൊണ്ട് അന്ന് ഞങ്ങൾക്ക് പോസ്റ്റോഫീസിൽ പോകേണ്ടതുണ്ടായിരുന്നു. അധികം വൈകാതെ ചേച്ചിയും ഞാനും പോസ്റ്റോഫീസിലേക്കു പുറപ്പെട്ടു. വീടിനടുത്തുള്ള ഇടവഴിയിലൂടെയാണ് പോസ്റ്റോഫീസിലേക്ക് പോകേണ്ടത്. ഈ വഴി മിക്കപ്പോഴും വിജനമായിരിക്കും. അവിടെ രണ്ടു വീടുകൾ ഉണ്ടായിരുന്നുവെങ്കിലും അവയിൽ ആൾതാമസമില്ലായിരുന്നു. പെട്ടെന്ന് ഞങ്ങൾ അത്ഭുതപ്പെടുത്തുന്ന ഒരു കാഴ്ച കണ്ടു. പൂട്ടിക്കിടക്കുന്ന ഒരു വീടിന്റെ ഗെയ്റ്റിനോടുചേർന്നുള്ള സിമന്റ് തിട്ടയിൽ 'ഊമ'യും ഒരാളും ഇരുന്ന് ഭക്ഷണം കഴിക്കുന്നു. അൽപം മുമ്പ് ഞങ്ങൾ കൊടുത്ത ഭക്ഷണമായിരുന്നു അത്. 'ഊമ' തമിഴിൽ നിരന്തരം സംസാരിച്ചുകൊണ്ട് പാത്രത്തിന്റെ മൂടിയിലേക്ക് ഒരു ഇഡ്ഢലികൂടി എടുത്തുവയ്ക്കുന്നു. അയാളെ കഴിക്കാൻ നിർബന്ധിക്കുന്നു. പെട്ടെന്ന് തലയുയർത്തിനോക്കിയപ്പോൾ അവർ ഞങ്ങളെ കണ്ടു, മുഖമാകെ വിളറി, പരിഭ്രമത്തിൽ കയ്യിലിരുന്ന പാത്രം ചരിഞ്ഞുതൂവി. കറി നിലത്തുപരന്നു. ഞങ്ങളെ ഈ രംഗം അക്ഷരാർഥത്തിൽ ഞെട്ടിച്ചു. അവരോട് ഒരുതരം വെറുപ്പുതോന്നി. എങ്കിലും ഒന്നും കണ്ടില്ല, കേട്ടില്ല എന്നമട്ടിൽ ഞങ്ങൾ നടന്നു. കേൾക്കാത്ത ദൂരത്തിലായപ്പോൾ ഞങ്ങൾ പരസ്പരം പറഞ്ഞതുമുഴുവൻ അവരുടെ കള്ളത്തരത്തെക്കുറിച്ചും അഭിനയത്തെക്കുറിച്ചുമാണ്. കത്തുകൾ പോസ്റ്റ് ചെയ്ത്, കവറും സ്റ്റാമ്പും വാങ്ങി മടങ്ങുമ്പോൾ ആ സ്ത്രീ അവിടെത്തന്നെ ഇരിക്കുന്നുണ്ട്. അയാളെ അവിടെയെങ്ങും കണ്ടില്ല. ഞങ്ങളെ കണ്ടപ്പോൾ കരഞ്ഞുകൊണ്ട് ഓടി അടുത്തുവന്ന് പറയാൻ തുടങ്ങി; പകുതി തമിഴിലും പകുതി മലയാളത്തിലും.

നാഗർകോവിലിനടുത്തുള്ള ഒരു ഗ്രാമത്തിലാണ് അവരുടെ വീട്. വീട്ടിൽ വലിയ ദാരിദ്ര്യവും കഷ്ടപ്പാടും. ഭർത്താവ് പണിക്കൊന്നും പോകുകയില്ലെന്നുമാത്രമല്ല മദ്യപാനിയുമാണ്. രണ്ടു കുട്ടകളുണ്ട്. ആ സ്ത്രീ പല വീടുകളിലായി പുറംപണിക്കു പോയി കിട്ടിയിരുന്ന കാശ്, ഭർത്താവ് തട്ടിയടുക്കും. എല്ലാം കുടിച്ചു തീർക്കും. രാത്രി



വൈകിവന്ന് കുട്ടികളെയും അവരെയും മർദിക്കും. ഭർത്താവിന്റെ സഹോദരന്റെ കുടുംബവും അവരും ഒന്നിച്ച് രണ്ടുമുറികളുള്ള ഒരു വീട്ടിൽ, പ്രത്യേക പാചകവും മറ്റുമായി കഴിയുകയായിരുന്നു. ഒരിക്കൽ മദ്യമിച്ച് ബഹളമുണ്ടാക്കി പൊലീസ് കേസായപ്പോൾ സഹോദരൻ പ്രശ്നമുണ്ടാക്കുകയും അവർക്ക് അവിടെനിന്ന് ഇറങ്ങിപ്പോരേണ്ടിവരികയും ചെയ്തു. തമ്പാനൂരെത്തി, അവിടെ റെയിൽവേസ്റ്റേഷൻ പരിസരത്ത് അഭയാർഥികളെപ്പോലെ ജീവിക്കുകയാണിപ്പോൾ. ചരിച്ചുകെട്ടിയ പ്ലാസ്റ്റിക് മേൽക്കൂര ഏതുനിമിഷവും പറന്നു പോകാം. അതിനുചുവട്ടിൽ തികച്ചും നിരാലംബരായി അച്ഛൻ, അമ്മ, രണ്ടു കുഞ്ഞുങ്ങൾ. രാവിലെ ഒരു ചായ കുടിച്ചിട്ട് ഇറങ്ങുന്നതാണ്. പണികൾക്കായി കുറേ അന്വേഷിച്ചെങ്കിലും ആരും അടുപ്പിക്കുന്നില്ല. കള്ളക്കൂട്ടങ്ങളാണെന്നുപറഞ്ഞ് എല്ലാവരും ആട്ടിയോടിക്കും. മക്കൾ രണ്ടുപേരും - മൂത്തത് പെൺകുട്ടി, താഴെ ആൺകുട്ടി. പ്ലാസ്റ്റിക് കുപ്പി, പഴയ ഇരുമ്പുസാധനങ്ങളൊക്കെ പെറുക്കിയെടുത്ത് വിൽക്കാൻ നടക്കും. പണികളൊന്നും കിട്ടാതായപ്പോഴാണ് ഭിക്ഷയ്ക്കിറങ്ങുന്നത്. എന്തെങ്കിലും വൈകല്യമുണ്ടെന്നുവന്നാൽ കൂടുതൽ സഹതാപം പിടിച്ചുപറ്റാമെന്ന തോന്നലിൽ നിന്നാണ് ഊമയായി അഭിനയിക്കാനൊരുങ്ങിയത്. ആരെയും വഞ്ചിക്കണമെന്ന വിചാരമില്ല. ഇത്രയും തുടർച്ചയായി പറഞ്ഞിട്ട് അവർ വീണ്ടും കരയാൻ തുടങ്ങി. എത്രയായയലും കള്ളം, കള്ളമല്ലാതാകുന്നില്ലല്ലോ എന്ന് അപ്പോൾ തോന്നിയെങ്കിലും ഞങ്ങൾ രണ്ടുപേരും ഒന്നും മിണ്ടിയില്ല. കരഞ്ഞുകൊണ്ട് പാത്രവും മറ്റും ഭാണ്ഡത്തിലെടുത്തുവെച്ച് പെട്ടെന്നുതന്നെ അവർ അവിടെനിന്നും പോയി. പിന്നീടവർ ഭിക്ഷ യാചിച്ച് ആ വഴി വന്നിട്ടില്ല.

ജീവിക്കുന്നതനായുള്ള സമരത്തിനിടയിൽ എന്തെല്ലാം പരീക്ഷണങ്ങളിലൂടെയാണ് മനുഷ്യൻ കടന്നുപോകുന്നത്. തെറ്റെന്നോ, കുറ്റമെന്നോ വിധിക്കാവുന്ന പലതും ചെയ്യാൻ നിർബന്ധിതരായിത്തീരുന്നവർ. എങ്ങെനയാണിവരെ പൂർണമായും പഴിചാരുന്നത്? സ്വന്തം ജീവിതം മറന്ന്, കുടുംബാംഗങ്ങളെ കണ്ടും കരുതിയും ജീവിച്ച്, കുടുംബത്തിന്റെ അതിജീവനത്തിനായി കഷ്ടപ്പെടുന്ന അമ്മമാർ. ജീവിതസാഹചര്യങ്ങൾക്കനുസൃതമായി അവർക്ക് എടുത്തണിയേണ്ടിവരുന്ന വേഷങ്ങൾ എത്ര വിചിത്രമാണ്. പിൽക്കാലത്ത് ഈ സംഭവമോർക്കുമ്പോൾ ഇങ്ങനെയുള്ള പല വിചാരങ്ങളിലൂടെയും ഞാൻ കടന്നുപോകാറുണ്ട്. പലരുടെയും വിഷമാവസ്ഥകൾ അറിയാതെയോ, മനസ്സിലാക്കാതെയോ ആയിരിക്കും നമ്മൾ അവരെ വിമർശിക്കുക. വിമർശനങ്ങൾക്കും സഹഭാവങ്ങൾക്കും അനുതാപങ്ങൾക്കും മീതെയുള്ളത് ഒന്നുമാത്രമാണ് - ജീവിതം; നമ്മൾ നിരന്തരം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വലിയ സത്യം. ■

■ ഡോ. എം. രാജഗോപാൽ കമ്മത്ത്

# സമുദ്രോപരിതല താപനില

മഹാസമുദ്രങ്ങളിൽ പതിയെ മാത്രമാണ് താപനിലയിൽ വ്യതിയാനം വരുന്നത്. ഋതുക്കൾക്കനുസരിച്ച് സമുദ്രോപരിതലത്തിൽ വരുന്ന മാറ്റങ്ങൾ അന്തരീക്ഷത്തിന്റെ അവസ്ഥകളിൽ പ്രതിഫലിക്കുന്നു. സമുദ്രോപരിതല താപനില വർധിക്കുമ്പോൾ അന്തരീക്ഷത്തിലും മാറ്റം വരുന്നു. എന്നാൽ ഇതിൽനിന്നും വേറിട്ടു നിൽക്കുന്നതാണ് എൽനിനോ സതേൺ ഓസിലേഷൻ എന്ന പ്രതിഭാസം. ഭൂമധ്യരേഖയിലുള്ള കിഴക്കൻ പസഫിക് മഹാസമുദ്രഭാഗത്ത് താപമേറിയാണ് എൽനിനോ രൂപപ്പെടുന്നത്. പെറു ഇക്വഡോർ തീരങ്ങളിലിത് സാന്ദ്രീകരിക്കുന്നു. അന്തരീക്ഷവായു ചംക്രമണത്തിന്റെ ദിശ മാറുന്നതിനെ സതേൺ ഓസിലേഷൻ എന്നു വിളിക്കുന്നു. മൂന്നു മുതൽ എട്ടുവർഷം വരെയുള്ള കാലയളവിൽ ഇത് ഉണ്ടാകുന്നു. ഉഷ്ണമേഖലയിലെ കൊടുങ്കാറ്റുകളുണ്ടാകാൻ കാരണം സമുദ്രോപരിതല താപനിലയിലെ വ്യതിയാനമാണ്. 1970-നു ശേഷം പ്രത്യേകിച്ച് വടക്കൻ അറ്റ്ലാന്റിക്കിലും ലോകത്തിന്റെ



മറ്റു ഭാഗങ്ങളിലും കൊടുങ്കാറ്റുകൾ വർധിച്ചിട്ടുണ്ട്. ഉപഗ്രഹം വഴിയും സമുദ്രോപരിതല താപനില അളക്കുന്നു. ഇന്ത്യയിലെ മൺസൂണും എൽനിനോയുടെ വരവും തമ്മിൽ ബന്ധമുണ്ട്. എൽനിനോ ദൃശ്യമാകുന്ന വർഷങ്ങളിൽ പൊതുവേ മഴക്കുറവും വരൾച്ചയും രേഖപ്പെടുത്താറുണ്ട്. എൽനിനോ ദുർബലമാകുമ്പോൾ മറിച്ചും. ഈ വർഷം എൽനിനോ വളരെ ദുർബലമാണ് അതിനാൽ ചെറിയ കുറവു മാത്രമേ മൺസൂണിൽ ഉണ്ടാകാനിടയുള്ളു.

എൽനിനോ: പെറുവിന്റെ തീരദേശത്തോടടുത്ത് ഭൂമദ്ധ്യരേഖാ പ്രദേശത്തുള്ള പസഫിക് മഹാസമുദ്രത്തിന്റെ മധ്യ-കിഴക്ക് ഭാഗത്തെ ഉപരിതല സമുദ്രജലത്തിന്റെ താപനിലയേറുന്ന പ്രതിഭാസമാണ് എൽനിനോ. ചാക്രികമായ എൽനിനോയുടെ മറുവശം ലാനിനാ എന്ന താപനില കുറയുന്ന പ്രതിഭാസമാണ്. സതേൺ ഓസിലേഷൻ എന്ന പ്രതിഭാസത്തിലൂടെ കിഴക്കൻ പസഫിക്, ഇന്തോനേഷ്യൻ പ്രദേശം എന്നിവയുടെ ഇടയിൽ വായു ചംക്രമണവും വായുമർദ്ദത്തിലെ വ്യതിയാനവും ഉണ്ടാകുന്നു. എൽനിനോ-സതേൺ ഓസിലേഷൻ (ENSO) എന്നാണ് പറയാറ്. തീരപ്രദേശത്തിനു സമീപത്തെ സമുദ്രത്തിന്റെ ഉപരിതല താപനില വർധിക്കുന്നു. ഉഷ്ണമേഖലാ പ്രദേശത്താണ് എൻസോ നിലനില്ക്കുന്നതെങ്കിലും, ഉത്തരാർധഗോളത്തിലെ മാത്രമല്ല ഭൂഗോളത്തിലെ ആകെ അന്തരീക്ഷസ്ഥിതിയെ ഇതു ബാധിക്കും. ഇക്വഡോർ, വടക്കൻ പെറു, ഇടയ്ക്കിടെ ചില എന്നിവിടങ്ങളിലാണ് എൻസോ കാണപ്പെടുന്നത്. പസഫിക്കിന്റെ ഉപരിതലത്തിലെ വായുമർദത്തിലെ മാറ്റങ്ങളുമായി ഇതു ബന്ധപ്പെട്ടിരിക്കുന്നു. എൽനിനോ ഉണ്ടാകുമ്പോൾ പടിഞ്ഞാറേക്ക് ഒഴുകുന്ന കാറ്റ് ദുർബലമാകുന്നു. ലാനിനോ ഉണ്ടാകുമ്പോൾ പടിഞ്ഞാറേക്കുള്ള കാറ്റൊഴുക്ക് ശക്തമാകുന്നു. പടിഞ്ഞാറൻ പസഫിക്കിൽ താപമേറിയ വായുമർദം കുറവുള്ള പ്രദേശവും, കിഴക്കൻ പസഫിക്കിൽ വായുമർദം കൂടുതലുള്ള താപനിലകുറഞ്ഞ പ്രദേശവുമുണ്ട്. ഈ മർദവ്യത്യാസം മൂലം പടിഞ്ഞാറൻ പസഫിക്കിൽനിന്നും താപമേറിയ വായു ഇന്തോനേഷ്യയുടെ തൊട്ടുകിഴക്കുനിന്ന് ഉയർന്ന് കിഴക്കോട്ട് കടന്ന് കിഴക്കൻ പസഫിക്കിലെത്തുന്നു. ഇതു പിന്നീട് പടിഞ്ഞാറേക്ക് ഒഴുകുന്നു. വടക്കൻ സർക്കുലേഷൻ എന്നറിയപ്പെടുന്ന ഇത് കിഴക്കും പടിഞ്ഞാറും പസഫിക്കിലെ വായു മർദവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗിൽബർട്ട് വാക്കറാണ് ഇതു കണ്ടെത്തിയത്. ആ കണ്ടെത്തലുകൾ സതേൺ ഓസിലേഷനെ വിവരിക്കാൻ സഹായകമാകുന്നു. എൻസോയും അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ സാന്ദ്രതയും തമ്മിൽ ബന്ധമുണ്ടെന്നു കരുതപ്പെടുന്നു. താപനില വർധിക്കുമ്പോൾ പസഫിക്കിലെ കാലാവസ്ഥയിലും വ്യതിയാനമുണ്ടാകുന്നു.

ലാനിന: പസഫിക്കിലെ മധ്യ, കിഴക്കൻ ഭാഗങ്ങളിലുണ്ടാകുന്ന അന്തരീക്ഷസ്ഥിതിയിലെ വലിയ വ്യതിയാനമാണിത്. ഉപരിതലജലത്തിന്റെ താപനിലയേറുന്നതിനെ എൽനിനോ എന്നും, താപനില കുറഞ്ഞ ഉപരിതലജലമുള്ളപ്പോൾ ലാനിന എന്നും വിളിക്കുന്നു. അഞ്ചുമാസത്തേക്കെങ്കിലും സമുദ്രോപരിതല താപനില കുറഞ്ഞാൽ ലാനിനയുടെ തുടക്കമായി. പസഫിക്കിലൂടെ സാധാരണയെക്കാൾ ശക്തമായ കിഴക്കൻ ദിശയിലേക്കുള്ള വാണിജ്യ വാതങ്ങൾ വീശുമ്പോൾ താപനില കുറയുന്നു. ഇത് മഹാസമുദ്രത്തിന്റെ അകം പാളികളിൽനിന്ന് തണുത്ത ജലത്തെ മുകളിലെത്തിക്കുന്നു. എൽനിനോ എന്നാൽ ചെറിയ ആൺകുട്ടി എന്നർഥം. ലാനിന എന്നാൽ ചെറിയ പെൺകുട്ടി. ലാനിന ശരാശരി 9-12 മാസം നീണ്ടു നിൽക്കും. വർഷാവസാനം തുടങ്ങി അടുത്തവർഷത്തേക്കു നീളുന്നു. ലാനിനയെക്കാൾ കൂടുതലായി എൽനിനോ ഉണ്ടാകുന്നു. 2:1 അനുപാതത്തിൽ.

# സമുദ്രനിരപ്പ്

സമുദ്രനിരപ്പ് പതിയെ ഉയരുന്നു. താപനില മൂലമുള്ള വികാസവും ഹിമമുരുകിയതുമാണ് സമുദ്രനിരപ്പുയരാൻ കാരണം. ജലത്തിന്റെ ലവണതയിലെ വ്യതിയാനം, ആകെയുള്ള സമുദ്രജലത്തിന്റെ അളവിലെ മാറ്റങ്ങൾ, മഹാസമുദ്രതടങ്ങളുടെ വലിപ്പത്തിലെ ഏറ്റക്കുറച്ചിലുകൾ എന്നിവമൂലം ആഗോള വ്യാപകമായും, പ്രാദേശികമായും സമുദ്രനിരപ്പിൽ മാറ്റമുണ്ടാകുന്നു. 20000 വർഷം മുമ്പ് കഴിഞ്ഞ ഹിമയുഗം കഴിഞ്ഞതോടെ സമുദ്രനിരപ്പ് പതിയെ ഉയരാൻ തുടങ്ങി. 120 മീറ്റർ വരെ ഇതുയർന്നു എന്നു കരുതപ്പെടുന്നു. 3000-2000 വർഷം മുൻപ് ഇതിനു സ്ഥിരത കൈവന്നു. ഉപഗ്രഹങ്ങൾ നൽകുന്ന വിവരങ്ങൾ 1990 മുതൽക്കാണ് ലഭിച്ചു

ഡോ. ബീന വേണുഗോപാൽ



# കാബേജും കാൻസറും

വിവിധതരം കാൻസറുകൾ മൂലം ബുദ്ധിമുട്ടുകയാണ് ജനം. ചക്കിനു വെച്ചത് കൊക്കിനു കൊണ്ടുവെന്ന് പറയുന്നതു പോലെയാണ് കാര്യങ്ങൾ. ഒരു രോഗത്തിന് ഔഷധം കണ്ടെത്തുമ്പോൾ ആ ഔഷധം മൂലം മറ്റൊരു രോഗമുണ്ടാവുന്നു. കാൻസർ ചികിത്സയിലും കഥ മറിച്ചല്ല. അതിനാൽ കാൻസർ രോഗത്തെ തളയ്ക്കാൻ ശാസ്ത്രം ഏറെ ആയാസപ്പെടുകയാണ്.

നമ്മുടെ വ്യായാമമില്ലാത്ത ജീവിതചര്യയും തിരക്കും മാനസിക സംഘർഷങ്ങളും ആഹാരശീലങ്ങളും കാൻസർ രോഗങ്ങളെ ക്ഷണിച്ചുവരുത്തുകയാണ്. അർബുദബാധയിൽ പരിസരമലിനീകരണത്തിന് നല്ലൊരു പങ്കുണ്ട്. ആധുനിക ഭക്ഷണ വസ്തുക്കളിൽ ചിലതെങ്കിലും കാൻസർ വരുത്തുന്നവയാണ്. അങ്ങനെ നമ്മുടെ ശീലങ്ങളും ആഹാരവും ചുറ്റുപാടും അർബുദകാരികളായി സ്വയം പ്രഖ്യാപിച്ച് നമ്മെ നടുക്കുമ്പോഴാണ് കാൻസറിനെ തളയ്ക്കാൻ പുത്തൻ മാർഗങ്ങൾ തേടേണ്ടതായി വരുന്നത്.



കാൻസറിന് ഔഷധം തേടി എങ്ങും അലയേണ്ടതില്ല. കാൻസറിന്റെ ശത്രുക്കളായി സസ്യങ്ങളും ആഹാരപദാർഥങ്ങളുമുണ്ട്. അവ ഏതെന്നു കണ്ടെത്തി ഭക്ഷിക്കുകയാണ് ഏക വഴി.

അർബുദഹാരികളിൽ പ്രധാനികളാണ് ബ്രസിക്ക കുടംബത്തിലെ ബ്രൊക്കോളി, ബ്രസ്സൽസ്, സ്പ്രൗട്ട്, കോളി ഫ്ളവർ, കാബേജ് എന്നിവ. ഗ്രീൻ വെജിറ്റബിളുകളിൽപ്പെടുന്നതിൽ മിക്കതും നാം നിത്യേന ഉപയോഗിക്കുന്നതാണ്.

ഇവ കഴിക്കുകയാണെങ്കിൽ ശ്വാസകോശം, ദഹനവ്യവസ്ഥ എന്നിവിടങ്ങളിലെ ട്യൂമറുകൾ തടയാനാവുന്നു. ഈ പച്ചക്കറിക്കകത്തുള്ള ചില ജൈവരാസ സംയുക്തങ്ങളാണ് കാൻസറിനെതിരായി പ്രവർത്തിക്കുന്നത്. ഗ്ലൂക്കോസിനൊലേറ്റുകൾ എന്നറിയപ്പെടുന്ന രാസവസ്തുക്കളാണിവ. മാത്രമല്ല, ഇതിൽ ജീവകങ്ങളും ആന്റി ഓക്സിഡന്റുകളും ധാരാളമായും അടങ്ങിയിരിക്കുന്നു. ഇവ അർബുദകാരികളായ സംയുക്തങ്ങളെ ആട്ടിപ്പായിച്ച് അർബുദഹാരിയാവുന്നു.

---

തുടങ്ങിയത്. 1993 മുതൽ മൂന്നു മില്ലിമീറ്റർ വച്ചു വർധിക്കുന്നു. തീരദേശങ്ങളിലൂടെ ടൈഡ് ഗേജുകൾ ഇതു ശരിവയ്ക്കുന്നു.ലോകമെങ്ങും ഒരേ രീതിയിലല്ല സമുദ്രനിരപ്പുയരുന്നത്. ഉപഗ്രഹങ്ങളിൽനിന്നുള്ള വിവരങ്ങളും ഹൈഡ്രോഗ്രാഫിക് നിരീക്ഷണങ്ങളും ഇതു സൂചിപ്പിക്കുന്നു. കാലാവസ്ഥാ മാതൃകകളുമായി ഇതൊത്തു വരുന്നുണ്ട്. ആഗോള ശരാശരിയെക്കാൾ കൂടുതലാണ് ചിലയിടങ്ങളിലെ വർധനവ്. സമുദ്രനിരപ്പു കുറയുന്ന ഇടങ്ങളുമുണ്ട്. മഹാസമുദ്രജലപ്രവാഹങ്ങളുടെ മാറ്റം ഇതിനു കാരണമാകുന്നു. 2100 ആകുമ്പോഴേക്കും 0.22 മീറ്റർ മുതൽ 0.46 മീറ്റർ വരെ ഇതുയരും. വർഷംപ്രതി നാലു മിമീ. വർധന. 20 ാം നൂറ്റാണ്ടിൽ ആഗോള സമുദ്രനിരപ്പ് 10-25 സെമി വർധിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഹിമാനികൾ ഉരുകുന്നതു മൂലവും, ഹിമപാളികൾ ഉരുകുന്നതു മൂലവും സമുദ്രനിരപ്പുയരുന്നു. താപനില നിയന്ത്രിതമായാലും സമുദ്രനിരപ്പിന്റെ വർധനവു തുടരും. ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ വികസ്വര രാജ്യങ്ങളെ ഈ വ്യതിയാനം ബാധിക്കുന്നു. തീരദേശങ്ങൾക്കടുപ്പിച്ചാണ് ഏറ്റവും കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നത്. സമുദ്രനിരപ്പുയരുന്നതുമൂലം 10 കോടി അഭയാർഥികൾ ലോകമെമ്പാടും ഉണ്ടാകും. മാലദ്വീപ്, കിരിബാതി തുടങ്ങിയ ഇടങ്ങൾ വെള്ളത്തിനടിയിലാകുമെന്ന ഭീഷണി നേരിടുന്നു.



മാലദ്വീപുകൾ

എസ്. പി.

# ലിഡിയ ഡേവിഡിന് ബുക്കർ സമ്മാനം



2013 ലെ ബുക്കർ സമ്മാനത്തിന് പ്രശസ്ത അമേരിക്കൻ എഴുത്തുകാരി ലിഡിയ ഡേവിഡ് അർഹയായി. ഒറ്റവാചകത്തിലും ഒരു ഖണ്ഡികയിലും ഒതുങ്ങുന്ന കഥകളെഴുതി വായനക്കാരെ വിസ്മയിപ്പിച്ച ലിഡിയ ഡേവിഡിന് ചെറുകഥാരംഗത്തെ സമഗ്ര സംഭാവന പരിഗണിച്ചാണ് ഈ പുരസ്കാരം.

കാവ്യാത്മകമായ ബിംബകൽപ്പനകൾകൊണ്ട് സഹൃദയരുടെ മനസ്സിൽ മായാപ്രപഞ്ചം സൃഷ്ടിച്ച ലിഡിയയുടെ നോവലുകളും ചെറുകഥകളും എക്കാലത്തും പ്രസക്തിയുള്ളതാണെന്ന് വിധികാർത്താക്കൾ പ്രസ്താവിച്ചു. 'ദി തേർട്ടീന്ത് വ്യൂമൺ ആൻഡ് അദർ സ്റ്റോറീസ്' (1976), 'ദി എൻഡ് ഓഫ് ദി സ്റ്റോറി' (1994), 'വെറൈറ്റീസ് ഓഫ് സിസ്റ്റർബൻഡ്' (2007), 'ദി കൗ' (2011) തുടങ്ങിയവയാണ് ശ്രദ്ധേയമായ രചനകൾ. സമഗ്ര സംഭാവന മുൻനിർത്തി വർഷാവർഷം നൽകുന്ന ബുക്കർ സമ്മാനത്തിന്റെ പ്രതിഫലത്തുക 50,000 ഡോളറാണ്.

# സ്തനാർബുദം കണ്ടെത്താൻ മൂത്രപരിശോധന



മൂത്ര പരിശോധനയിലൂടെ ഇനി സ്തനാർബുദം കണ്ടെത്താനാകും. രോഗം തിരിച്ചറിയാനുള്ള മാമോഗ്രാം പരിശോധനയേക്കാൾ വളരെ ചെലവു കുറഞ്ഞതും എളുപ്പവുമായ മാർഗമാണ് പുതിയ രീതിയെന്ന് മിസൗറി സർവകലാശാലയിലെ ഗവേഷകനായ ഡോ. യിൻഫാ മാ അവകാശപ്പെടുന്നു.

മൂത്രത്തിലെ ചില ഘടകങ്ങളുടെ അളവു തിട്ടപ്പെടുത്തി കാൻസർ സാധ്യത തിരിച്ചറിയുന്ന പി-സ്കാൻ എന്ന ഉപകരണമാണ് അദ്ദേഹം രൂപകൽപ്പന ചെയ്തത്. പത്തു മിനിട്ടുകൊണ്ട് ഫലം അറിയാമെന്നതും ഇതിന്റെ ഏറ്റവും വലിയ സവിശേഷതയാണ്.


പി-സ്കാൻ പരീക്ഷണം പൂർണമായി വിജയിച്ചാൽ അർബുദ ചികിത്സയിൽ വലിയൊരു ചുവടുവയ്പ്പാകുമെന്ന് ശാസ്ത്രവൃത്തങ്ങൾ അഭിപ്രായപ്പെട്ടു.

# പുതിയ ആകാശഗംഗകൾ കണ്ടെത്തി

പൊടിപടലങ്ങളിൽ മൂടിക്കിടന്നിരുന്ന 15 പുതിയ ആകാശഗംഗകൾ ശാസ്ത്രലോകം കണ്ടെത്തി. എ.എൽ.എം.എ. ടെലിസ്കോപ്പ് ഉപയോഗിച്ചാണ് ഇവ കണ്ടെത്തിയത്.

നിലവിലെ ആകാശഗംഗകളേക്കാൾ പത്തു മടങ്ങ് കറുപ്പു കലർന്നതാണിവ. പുതിയ കണ്ടുപിടുത്തം ആകാശഗംഗ രൂപപ്പെടുന്നതു സംബന്ധിച്ച് ചിത്രങ്ങൾ ലഭ്യമാക്കാൻ സഹായിക്കുന്നതാണെന്ന് ജപ്പാനിലെ ക്യോട്ടോ സർവകലാശാലയിലെ പ്രൊഫസർ കുജിഒറ്റ അറിയിച്ചു.





# ജനസമ്പർക്ക പരിപാടിക്ക് യു.എൻ അവാർഡ്

സംസ്ഥാനത്തെ 14 ജില്ലകളിലായി ഞാൻ നടത്തിയ ജനസമ്പർക്ക പരിപാടി അനേകം പേരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വഴിതെളിച്ചു. പൊതുപ്രവർത്തകനെന്ന നിലയിൽ എന്നും ജനങ്ങളോടൊപ്പം സഞ്ചരിച്ച എനിക്ക് മുഖ്യമന്ത്രിയെന്ന പദവിയിലിരുന്ന് പരമാവധി ജനങ്ങളുമായി അടുത്തിടപഴകുന്നതിനുള്ള നല്ല സംരംഭമായിരുന്നു ജനസമ്പർക്ക പരിപാടി. വില്ലേജ് ഓഫീസർ ചെയ്യേണ്ട ജോലി മുഖ്യമന്ത്രി ചെയ്യേണ്ടതുണ്ടോ എന്ന് ചില പ്രതിപക്ഷ കക്ഷികൾ ആക്ഷേപം ഉന്നയിച്ചുവെങ്കിലും ഇതിന്റെ ഫലപ്രാപ്തിയിൽ അവർപോലും അത്ഭുതപ്പെടുകയാണുണ്ടായത്.

2011 നവംബർ അഞ്ചിന് കോഴിക്കോടാണ് ജനസമ്പർക്ക പരിപാടി ആരംഭിച്ചത്. ജനങ്ങളുടെ വളരെ നിസാരമായ പ്രശ്നങ്ങൾ പോലും പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ജനാധിപത്യ സംവിധാനത്തിന് നല്ലതല്ല. ജനാധിപത്യത്തിൽ ജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനുമാണ് പ്രാധാന്യം. ജനസമ്പർക്കപരിപാടിയിൽ വന്ന മിക്കവാറും പരാതികൾ കാലതാമസംകൊണ്ട് ജനങ്ങൾ ബുദ്ധിമുട്ടിയ ആവലാതികളാണ്. മറ്റു ചിലത് ഉദ്യോഗസ്ഥർക്ക് നേരിട്ട് പരിഹരിക്കാൻ കഴിയാത്തതാണ്. രാഷ്ട്രീയ ഇച്ഛാശക്തികൊണ്ട് പരിഹരിക്കേണ്ട പരാതികളും ഞാൻ കാണുകയുണ്ടായി. ചിലതാകട്ടെ നയപരമായ തീരുമാനങ്ങൾ ആവശ്യമുള്ളതായിരുന്നു.

എന്തൊക്കെ പ്രയാസങ്ങളുണ്ടെങ്കിലും ജനങ്ങളെ നേരിൽ കാണുന്നതിലൂടെയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെയും ലഭിക്കുന്ന സംതൃപ്തി പൊതുപ്രവർത്തകനെന്ന നിലയിൽ ഞാൻ ആസ്വദിക്കുന്നു.

ഞാൻ പൊതുപ്രവർത്തനം തുടങ്ങിയ കാലം മുതലുള്ള എന്റെ പ്രവർത്തന രീതി കേരളത്തിലെ ജനങ്ങൾക്ക് അറിവുള്ളതാണ്. ഞാനെന്നും ജനങ്ങളോടൊപ്പമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ മുഖ്യമന്ത്രിയെന്ന നിലയിൽ അതിന് മറ്റൊരു മുഖം കൈവന്നുവെന്നു മാത്രം.

ജനസമ്പർക്കപരിപാടി വൻ വിജയമാക്കിയത് എല്ലാവരുടെയും സഹായസഹകരണങ്ങളോടെയാണ്. ഐക്യരാഷ്ട്രസഭ നൽകുന്ന പരമോന്നത പുരസ്കാരം അവർക്ക് നൽകുന്ന അംഗീകാരമാണെന്നു ഞാൻ കരുതുന്നു. ജൂൺ 27 ന് ബഹ്റൈനിൽ നടക്കുന്ന പരിപാടിയിൽ യു.എൻ. സെക്രട്ടറി ജനറൽ ബാൻകി മൂൺ അവാർഡ് സമ്മാനിക്കുമ്പോൾ, ഞാൻ അത് ഏറ്റുവാങ്ങുന്നത് കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയായിരിക്കും.

ഐക്യരാഷ്ട്ര സംഘടന ഏഷ്യയിൽ നിന്നും ജനസമ്പർക്കപരിപാടിയുടെ നൂതനമായ രീതി അംഗീകരിച്ചത് കേരളത്തിന് മാത്രമല്ല ഇന്ത്യയ്ക്കുതന്നെ അഭിമാനിക്കാവുന്ന കാര്യമാണ്. ജൂൺ 24 മുതൽ 27 വരെ ബഹ്റൈനിൽ നടക്കുന്ന പരിപാടിയിൽ 27 നാണ് അവാർഡ് വിതരണം. അത് ഏറ്റുവാങ്ങുമ്പോൾ ആദരിക്കപ്പെടുന്നത് കേരളത്തിലെ ജനങ്ങളാണെന്നത് എനിക്ക് ഏറ്റവും സന്തോഷം നൽകുന്ന കാര്യമാണ്. ■